PROCEEDINGS
of

# THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

VOL. II—No. 5.

*Tuesday the 10th August 1948/26th Karkatakam 1123.*

The Travancore Legislative Assembly met at 11 of the clock in the Legislative Chamber, Public Offices, Trivandrum, on Tuesday the 10th August 1948/26th Karkatakam 1123 with the President (the Honourable Mr. A. J. John) in the Chair.

## *Reference on the death of Mr. G. Nilakantan.*

MR. PRESIDENT : ഈ സഭയിലെ ഒരു അംഗമായിരുന്ന ശ്രീ. നീലകണ്ഠൻ ഇന്നലെ വൈകുന്നേരം നിര്യാതനായ വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഈ സഭയിലെ അംഗം എന്ന നിലയിൽ അദ്ദേഹം നിർവഹിക്കേണ്ടതായ കൃത്യം നിർവഹിച്ചു ഉടൻ തന്നെയാണു് അദ്ദേഹത്തിനു് ഈ അത്യാഹിതം നേരിട്ടതു്. ശ്രീ. നീലകണ്ഠന്റെ നിര്യാണം ഈ സഭയ്ക്കും രാജ്യത്തിനും ഒരു നഷ്ടമാണെന്നുള്ളതിൽ തർക്കമില്ല. അദ്ദേഹത്തിന്റെ നിര്യാണത്തെപ്പററി ഈ സഭയുടെ നേതാവു് ഒരു റഫറൻസു ചെയ്യുന്നതായിരിക്കും.

HON'BLE MR. A. THANU PILLAI : സർ, ഇന്നലെ നടന്നതായ ഏററവും ദുഃഖകരമായ സംഭവത്തെപ്പററി അങ്ങു് സൂചിപ്പിച്ചു. മി. നീലകണ്ഠൻ ഈ സഭയിലെ ഒരംഗമായിരുന്നു. അതു സംബന്ധമായി അദ്ദേഹത്തിന്റെ ജോലി നിർവഹിച്ചുകൊണ്ടിരുന്നപ്പോഴും തന്നെയാണു് യഥാർത്ഥത്തിൽ ഇഹലോകവാസം വെടിയാൻ ഇടയായിട്ടുള്ളതു്. ബഡ്ജററു് സംബന്ധിച്ചു് ഇന്നലെ അനൌദ്യോഗസ്ഥപക്ഷത്തുനിന്നും ഒടുവിൽ പ്രസംഗിച്ചതു് അദ്ദേഹമായിരുന്നു. ആ പ്രസംഗം അദ്ദേഹത്തിന്റെ ഒടുവിലത്തെ പ്രസംഗമായിരുന്നു. ഈ ഹാളിൽ വച്ചു് അദ്ദേഹത്തിനു് ബോധക്ഷയമുണ്ടാകുകയും ഹാളിൽ നിന്നു് വെളിയിൽ വരാന്തയിലേക്കു മാററി കിടത്തുകയും ഉടൻ തന്നെ അദ്ദേഹം നമ്മെ വെടിയുകയുമാണു് ചെയ്തതു്.

[Hon'ble Mr. A. Thanu Pillai]

മി. നീലകണ്ഠൻ ഈ സഭയിൽ അംഗമായി ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി, അദ്ദേഹത്തിന് ആ നിലയിൽ ഉണ്ടായിരുന്ന താൽപര്യത്തെപ്പററി, ഞാൻ അങ്ങയേയോ ഈ സഭയിലെ മററംഗങ്ങളേയോ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. മി. നീലകണ്ഠനെപ്പററി ഇവിടെ കൂടിയിരിക്കുന്നവരിൽ പലക്കും അറിയാമായിരിക്കും. എങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രത്യേകിച്ച് അറിയേണ്ടതായ പല കാര്യങ്ങളും ഉണ്ട്.

അദ്ദേഹം ൧൦൪൯-ാമാണ്ട് കൊല്ലത്ത് പെരിനാട് എന്ന സ്ഥലത്ത് ജനിച്ചു. കമ്മാളസമുദായത്തിലാണ് അദ്ദേഹം ജനിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യങ്ങൾ അക്കാലത്ത് ഇല്ലാതിരുന്ന ഒരു സമുദായമാണ് അത്. എന്നിട്ടും വിദ്യാഭ്യാസത്തിനുള്ള താൽപര്യംകൊണ്ട് മി. നീലകണ്ഠൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തു. മദ്രാസ് സർവകലാശാലയിൽ നിന്നും ഒരു ബി. ഏ. ബിരുദധാരിയായി. കമ്മാളസമുദായത്തിൽ തിരുവിതാംകൂറിൽ ആദ്യത്തെ ബി. ഏ. ക്കാരൻ അദ്ദേഹമായിരുന്നു. ഒരു ഉപാദ്ധ്യായൻ എന്നനിലയിൽ അദ്ദേഹം ആദ്യം സർവീസിൽ പ്രവേശിച്ചു. ഏതാനുംകാലം ഒരു മജിസ്ട്രേട്ടായും ജോലി നോക്കിയിരുന്നു. എന്നാൽ സർക്കാർ സർവീസിൽ മിക്കവാറും അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെൻറിലായിരുന്നു കഴിച്ചുകൂട്ടിയത്. മി. നീലകണ്ഠൻ സർവീസിൽ നിന്ന് പെൻഷൻ പററിയപ്പോൾ അദ്ദേഹം ഒരു അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ മാത്രമേ ആയിരുന്നുള്ളു. എന്നു വച്ച് അദ്ദേഹത്തിന്റെ ജീവിതരീതിയെക്കുറിച്ചോ, സ്വഭാവശുദ്ധിയെക്കുറിച്ചോ, കാര്യക്ഷമതയെക്കുറിച്ചോ യാതൊരു സംശയത്തിനും ഇടയില്ല എന്നു മാത്രമല്ല തിരുവിതാംകൂർ സർവീസിൽ ഇരുന്നിട്ടുള്ളവരിൽ വളരെ ഉയർന്ന നിലയിൽ ഗണിക്കപ്പെടേണ്ട ഒരാളുമായിരുന്നു മി. നീലകണ്ഠൻ. സർക്കാരുദ്യോഗസ്ഥന്മാരെപ്പററി നാം പരിഗണിക്കുമ്പോൾ ഏതു ഉയന്ന പടിയിൽ എത്തി എന്നുള്ളതല്ല നോക്കേണ്ടത്. മി. നീലകണ്ഠന് അതിലും ഉയർന്ന ഉദ്യോഗം നൾകാതിരുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ കുററമല്ലെന്ന് മി. നീലകണ്ഠനെ നല്ലവണ്ണം അറിയാവുന്ന എനിക്ക് പറയാൻ സാധിക്കും. സ്വഭാവശുദ്ധിയിലും സത്യസന്ധതയിലും മി. നീലകണ്ഠനെ കവിഞ്ഞു നിൽക്കുന്ന ഉദ്യോഗസ്ഥന്മാർ ചുരുക്കമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനത്ത് വളരെ ഭംഗിയായ നിലയിൽ കർത്തവ്യങ്ങൾ നിർവഹിക്കുകയും സത്യസന്ധനായ ഉദ്യോഗസ്ഥൻ എന്നുള്ള പേര് അദ്ദേഹം നിർവ്യാജമായി സമ്പാദിക്കുകയും ചെയ്തു.

പൊതുകാര്യങ്ങളിൽ മി. നീലകണ്ഠന് വളരെ വളരെ താൽപര്യമുണ്ടായിരുന്നു. സർവീസിൽ നിന്നും പിരിഞ്ഞതിനുശേഷം അദ്ദേഹം അലസജീവിതം കഴിക്കുകയല്ല ചെയ്തതു്. തിരുവിതാംകൂർ നിയമസഭയിൽ ഒന്നിലധികം പ്രാവശ്യം അദ്ദേഹം മെംബറായിരുന്നു. അദ്ദേഹവും ഞാനും ഒരേ സമയത്തു് നിയമസഭാമെംബറന്മാരായിരുന്നിട്ടുണ്ടു്. അന്നും അദ്ദേഹം പൊതുകാര്യങ്ങളിൽ വളരെ താൽപര്യവും അദ്ദേഹത്തിന്റെ ജോലി ചെയ്യുന്നതിന് വളരെ ശുഷ്കാന്തിയും പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സമുദായത്തെ സംബന്ധിച്ച കാര്യങ്ങളെല്ലാം കഴിയുന്നിടത്തോളം ഭംഗിയായി നടത്തണമെന്നു വിചാരിക്കുന്ന ഒരു മെംബറായിരുന്നു മി. നീലകണ്ഠൻ. ഈ സഭയിലെ മെംബർ ആയിരുന്നിട്ടും അദ്ദേഹം എല്ലാ കാര്യങ്ങളിലും വളരെ ജാഗ്രത കാണിച്ചിട്ടുള്ളതായി, ഇവിടെ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ശ്രീമാൻ നീലകണ്ഠന്റെ സ്വഭാവത്തെപ്പററി പറയുകയാണെങ്കിൽ അദ്ദേഹം ഒരു അജാതശത്രു ആണെന്നു തന്നെ പറയാം. അന്യരെക്കുറിച്ച് ചീത്ത പറയുകയോ ചിന്തിക്കുകയോ അദ്ദേഹം ചെയ്യുകയില്ലായിരുന്നു. ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ He was one who thought ill of few and spoke ill of none. അങ്ങനെ അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചിരിക്കുന്നു. അതു നാം പറയുമ്പോൾ ഈ സഭയ്ക്കും നാട്ടിനും ഒരു വലിയ നഷ്ടമാണ്. എന്നാൽ നമുക്ക് ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയല്ലാതെ മറെറാന്നും ചെയ്യുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും മററു ബന്ധുക്കളും അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുകയാണ്. അവരോടൊപ്പം അനുശോചിക്കേണ്ടതു് നമ്മുടെ കർത്തവ്യമാണ്. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

MR. A. NESAMONY (*Vilavancode—S. I. U. C.*): Sir, we associate ourselves with all the sentiments that have been expressed by the President and the Premier. The news was so sudden and the end came so abruptly. When he had finished his remarks on the budget we saw him collapsed. Little did we think then that in so short a time he will breathe his last. The cruel hand of death has snatched him and though he has been transported so high, he leaves behind him a tradition of retired officers willing and coming forward to serve their community and this country. I have known Mr. Nilakantan as an honest and efficient officer; I have known him to be a very sympathetic officer too. I have known him as a member of the last Legislative Assembly when he was nominated to sponsor

the Kammala Bill. We were struck by his tenacity of purpose, his perseverance in pursuing an ideal which he thought was best suited to his community and the progress of the people. We have seen him now here in this Assembly and his voice was always heard and his endeavour to make us hear has been his physical fatigue. We bemoan his loss. Not only we but the country and his commuity have lost a good chum. May his soul rest in peace.

I also request you to communicate to his family our expression of sympathy in their bereavement. May God bless him.

MR. P. S. MUHAMMED (*Muvattupuzha I—Muslim*): സർ, ഏററവും ദുഃഖകരമായ ഒരു കൃത്യം നിർവഹിക്കുന്ന ഈ സന്ദർഭത്തിൽ ഞാനും എൻെറ പങ്കു നിർവഹിക്കാം എന്നു വിചാരിക്കുന്നു. മി. നീലകണ്ഠൻ ആദ്യമേ ഒരു വാദ്ധ്യാരായിട്ടാണ് അദ്ദേഹത്തിൻെറ ഔദ്യോഗിക ജീവിതത്തിൽ പ്രവേശിച്ചതു് എന്നു് ഒസ്റ്ററു് കാൺഗ്രസ് പാർട്ടി ലീഡർ പ്രസ്താവിച്ചു കഴിഞ്ഞു. എന്നാൽ ആ സേവനം അധികകാലം ചെയ്തതു് ആലപ്പുഴ പട്ടണത്തിലായിരുന്നു. അങ്ങനെ സേവനം നടത്തിയതു് അവിടത്തെ ഗവണ്മെൻറു സ്കൂളിലായിരുന്നു. വാദ്ധ്യാരായിരുന്ന കാലമത്രയും അദ്ദേഹത്തോടു് വിദ്യാർത്ഥികൾ വളരെ സ്നേഹമായിട്ടാണ് കഴിഞ്ഞുകൂടിയതു്. അദ്ദേഹത്തിൻെറ വീട്ടിൽ അദ്ദേഹത്തിനു ചുററും വിദ്യാർത്ഥികൾ കൂട്ടം കൂട്ടമായിരുന്നു. മജിസ്ട്രേട്ടു് എന്ന നിലയിൽ അദ്ദേഹം കുറച്ചുകാലം മാത്രമേ ഉദ്യോഗം നിർവഹിച്ചുള്ളു. അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചു. അവിടെയും ഒരു ഒന്നാംതരം ഉദ്യോഗസ്ഥനായിട്ടാണ് അദ്ദേഹം കഴിഞ്ഞുകൂടിയതു്. അദ്ദേഹത്തിൻെറ സത്യസന്ധതയും സ്വഭാവശുദ്ധിയും മററുള്ളവർക്കു് ഒരു മാതൃകയായിരുന്നു.

ഒരു അസമത്വസമുദായത്തിൽപ്പെട്ട വിദ്യാഭ്യാസമുള്ള ഒരുത്തനു് മററുള്ളവരോടൊപ്പം പ്രവർത്തിക്കുവാൻ കഴിയുമെന്നുള്ളതിനു് അദ്ദേഹം ഒരുദാഹരണമായിരുന്നു. അദ്ദേഹം പെൻഷൻപററിയതിനുശേഷം വീട്ടിൽ വെറുതേ ഇരിക്കാതെ അദ്ദേഹത്തിൻെറ സമുദായത്തെ സംബന്ധിച്ച സംഗതികളിലും രാജ്യത്തിനു പൊതുവായ കാര്യങ്ങളിലും അദ്ദേഹത്തിൻെറ പങ്കു ശരിയായി നിർവഹിച്ചുകൊണ്ടിരുന്നു. പ്രധാനമന്ത്രി അവർകൾ പറഞ്ഞതുപോലെ ഇതിനുമുമ്പു മി. നീലകണ്ഠൻ അംഗമായിരുന്ന നിയമസഭയിൽ പ്രധാനമന്ത്രി കൂടി മെമ്പറായിരുന്നതുപോലെ ഞാനും ആ സഭയിൽ മെമ്പറായിരുന്നു. അദ്ദേഹത്തിൻെറ സമുദായത്തെ സംബന്ധിച്ചും രാജ്യത്തെ സംബന്ധിച്ചു പൊതുവേയും ഉള്ള കാര്യങ്ങളിൽ

അദ്ദേഹം വളരെ ശ്രദ്ധയോടുകൂടി പ്രവർത്തിച്ചു എന്നു കാണാൻ സാധിക്കും. അതിനുശേഷം ബഹുമാനപ്പെട്ട മെംബർ മി. നേശമണി പറഞ്ഞതു പോലെ കമ്മാളബില്ലുസംബന്ധിച്ചും കഴിഞ്ഞ അസംബ്ലിയിൽ അദ്ദേഹം ചെയ്ത പ്രവൃത്തികൾ നമ്മൾ എല്ലാവരും കണ്ടറിഞ്ഞിട്ടുണ്ട്. അവസാനമായി ഈ ഹൗസിൽ അദ്ദേഹം അവസാന നിമിഷം കഴിച്ചുകൂട്ടിയതു് നമുക്ക് ഒരു വലിയ ദുഃഖത്തിനു് കാരണമാക്കിയിരിക്കുന്നു. രാജ്യത്തെ സേവിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ മനസ്സും സന്തോഷവും അദ്ദേഹം അവസാനനിമിഷം വരെ പ്രദർശിപ്പിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി അദ്ദേഹത്തിന്റെ ബന്ധുക്കളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Sir, little did we dream during the proceedings of this session that we would have to reckon with the proceedings of the other world. Yesterday while rushing through the programme of the day—of all the days the most active day was yesterday,—we all rushed through the programme of this House, also allowing one of us to rush through us into the valley of death, leaving all of us baffled perplexed and to face that grim fact of death that some day or other we have to meet too. But the saddest lot of it was that he had spent the last minute of his life with us and not with his dearest and nearest ones. It is seldom that the proceedings of legislatures have to reekon with such incidents. Few men—and they are great men in the world—have met with a glorious death in the House of legislatures. I should think, Sir, that Mr. Nilakantan has had a glorious death and that it has been recorded in the proceedings of this House. He reminds us of one grim but real fact "Life I know not what thou art, but I know that thou and I must part."

Eternal peace to his soul.

MR. P. KUNJUKRISHNAN (*Quilon II—General*) : എത്രയും ഖേദകരമായ സമയത്താണ് നാം ഇവിടെ കൂടിയിരിക്കുന്നതു്. ഈ സഭയിലെ ഒരു മെംബർ എന്ന നിലയിലും സാമാന്യജനങ്ങളുടെ ഒരു ഗുണകാംക്ഷി എന്ന നിലയിലും ഒരു പൊതുക്കാര്യപ്രസക്തൻ എന്ന നിലയിലും ഒരു സർക്കാരുദ്യോഗസ്ഥൻ എന്ന നിലയിലും പൊതുജനങ്ങളുടെ അഭിനന്ദനം ആർജ്ജിച്ചിരുന്ന മി. ജി. നീലകണ്ഠൻ അവർകളുടെ അകാലചരമം നമുക്കും രാജ്യത്തിനും അത്യന്തം ദുഃഖകരമായിട്ടുള്ളതാണ്. അദ്ദേഹം എന്റെ സ്വദേശി എന്ന നിലയിൽ എനിക്ക് വ്യക്തിപരമായും ഈ ചരമത്തിൽ അത്യധികമായ ദുഃഖം ഉണ്ട്. ശ്രീമാൻ ജി. നീലകണ്ഠന്റെ

[Mr. P. Kunjukrishnan]

ജീവിതത്തിലെ ആദ്യകാലത്തിലെ ഒരു ചരിത്രം ഈ അവസരത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സർക്കാരുദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് അദ്ദേഹം പൊതുകാര്യങ്ങളിൽ പ്രവേശിച്ചിരുന്ന ഒരാളായിരുന്നു. വളരെ കാലത്തിനു മുമ്പ് പറവൂർ നിന്നും അക്കാലത്ത് നടത്തിവന്ന "ദീനാനുകമ്പ" എന്ന പത്രത്തിന്റെ പ്രവർത്തനം ഏറ്റെടുത്തു നടത്തി പൊതുജനസേവനം ചെയ്തിട്ടുള്ള ആളാണ്. അതിനുശേഷം ആണ് അദ്ദേഹം ഗവണ്മെന്റു സർവ്വീസിൽ പ്രവേശിച്ചത്. ഗവണ്മെന്റു സർവ്വീസിലും അദ്ദേഹം സ്വാഗതാർഹമായി പ്രവർത്തിച്ചിട്ടുണ്ട്. അതിനുശേഷം ഉള്ള ഈ ദീർഘസംവത്സരങ്ങളിൽ അദ്ദേഹം സമുദായത്തിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും അക്ഷീണം പരിശ്രമിച്ചിട്ടുണ്ട് എന്ന് ഇവിടത്തെ പ്രസംഗങ്ങളിൽ നിന്നും അല്ലാതെയും നമുക്കറിയാം. ശ്രീമാൻ നീലകണ്ഠൻ അദ്ദേഹത്തിന്റെ ജീവിതംകൊണ്ട് അദ്ദേഹത്തിന്റെ സമുദായത്തിന്, വിശേഷിച്ച് പല അവശതകളും ഉള്ള അദ്ദേഹത്തിന്റെ സമുദായത്തിന് ഒരു മാർഗ്ഗദർശിയായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടൊപ്പം അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നൽകുന്നതിനു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

MR. KUMARAN ASARI (*Meenachil I—Kammala*) : സർ, ഈ സഭയിലെ ഒരംഗം ആയിരുന്ന ജി. നീലകണ്ഠൻ അവർകൾ ഈ സഭയിൽ വച്ച് നിര്യാതനായ വിവരം നമുക്കെല്ലാവർക്കും വേദനാജനകമാണ്. അദ്ദേഹം ഈ സഭയിലെ ഒരു മെമ്പറായ ശേഷം ഈ സഭയോടു ചെയ്യേണ്ട സകല കാര്യങ്ങളിലും ജാഗരൂകനായിരുന്നു എന്നും ഇന്നലെ ഇവിടെ നടത്തേണ്ട പ്രസംഗവും അദ്ദേഹം കഴിയുന്നതും ശരിയായി നടത്തിയശേഷം ആണ് നിര്യാതനായത് എന്നും നമുക്കറിയാം. ഇപ്രകാരമുള്ള ഒരു മരണം സാധാരണ ഉണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിന് ഇങ്ങനെ ഒരു ഭാഗ്യം സിദ്ധിച്ചതിൽ അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള നമ്മുടെ കടമ വിസ്മരിക്കത്തക്കതല്ലെന്നും പറഞ്ഞുകൊള്ളുന്നു. അദ്ദേഹം വിദ്യാഭ്യാസപരമായി മുന്നണിയിൽ എത്തിയ ഒരാളാണ് എന്നു ഞങ്ങളുടെ സമുദായത്തിൽ എല്ലാവർക്കും അറിയാം. വിദ്യാഭ്യാസത്തിൽ നമ്മുടെ നാട്ട് പിന്നോക്കമായിരുന്ന അവസരത്തിലാണ് അദ്ദേഹം ബി. ഏ. പാസ്സായത്. അദ്ദേഹം ഔദ്യോഗികജീവിതത്തിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ജോലികൾ ചുമതലബോധത്തോടുകൂടിയും കൃത്യസമത്തും ചെയ്തിരുന്നു എന്നു അദ്ദേഹത്തെ

[Mr. Kumaran Asari]

പരിചയമുള്ള ഓരോരുത്തർക്കും ശരിയായി അറിയാവുന്ന സംഗതിയാണ്. അതുകൂടാതെ അദ്ദേഹം ഒരു പൊതുജനസേവകൻ എന്ന നിലയിൽ എല്ലാവരും അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് ഞങ്ങളുടെ സമുദായത്തെപ്പററി പറഞ്ഞാൽ ആ സമുദായത്തിന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും വേണ്ടി വേണ്ടവണ്ണം അദ്ദേഹം പ്രയത്നിച്ചിട്ടുണ്ട്. പിരിഞ്ഞുനിന്ന ഞങ്ങളുടെ സമുദായത്തെ ഒന്നാക്കുന്നതിനുവേണ്ടി "വിശ്വകർമ്മസമിതി" എന്ന ഒരു സംഘടനയുണ്ടാക്കി ആ സംഘടനയിൽ എല്ലാവരും ഒന്നായി സംഘടിക്കാൻവേണ്ടി അദ്ദേഹം പരിശ്രമിച്ചു. ഏതായിരുന്നാലും അദ്ദേഹം ജനസേവനത്തിനുവേണ്ടി അക്ഷീണപ്രയത്നം ചെയ്തു. വിശേഷിച്ച് അദ്ദേഹം ഈ സഭയിൽ വച്ചു മരിച്ചതിൽ നമുക്ക് അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടുള്ള വ്യസനം പ്രകാശിപ്പിക്കുകയും അദ്ദേഹത്തിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*): Sir, I am deeply moved by the sudden demise of Mr. G. Nilakantan. With the demise of Mr. Nilakantan we have lost a great personality and the community which he represented has lost its father. He really was a great inspiration for his community and during his leadership it was growing from prosperity to prosperity. He was the first graduate of his community and if I remember right, the second graduate of Quilon taluk. At that time it was considered a great achievement especially in a community which was very backward in education. He had an opportunity to serve the Government of this State in various capacities, as a teacher, as a judicial officer and lastly as an Assistant Excise Commissioner. His services were always quite exemplary and he tried his level best to put down corruption in the departments he had charge of. In character and nobility Mr. Nilakantan has been second to none and he was always an inspiration and source of guidance to the youths of this country. He was also much interested in the cause of the poor and had he been living for a few more years, he would have been able to do a lot for his community and for the general good of the people at large. He was really keen in the uplift and well being of the population of this State, and his experience and knowledge would have helped us. Sir, in his demise as I have already said, the whole Viswakarma community deeply regret and it is really an irreparable loss to the entire population of that community. I sympathise with the bereaved family he has left and pray that his soul rest in peace.

MR. PRESIDENT : മി. ജി. നീലകണ്ഠന്റെ ചരമത്തെപ്പററി ബഹുമാനാർഹമായ പ്രസംഗങ്ങൾ കഴിഞ്ഞു. തൽസംബന്ധമായി ഈ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടുമണിക്കു കൂടുന്നതുമാണ്.

[Mr. President.]

ഇന്നത്തെ ചോദ്യോത്തരങ്ങൾ മേശപ്പുറത്തു വയ്ക്കുന്നതും, സഭാ നടപടികളിൽ അനുബന്ധമായി പ്രസിദ്ധപ്പെടുത്തുന്നതുമായിരിക്കും.

The Assembly adjourned at 11-30 A. M. and met again at 2 P. M. with the President (the Hon'ble Mr. A. J. John) in the Chair.

## FINANCIAL BUSINESS.

### *General Discussion on the Budget* (contd.)

**HON'BLE MR. A. THANU PILLAI:** സർ, എന്റെ ബഡ്ജററിനെ സംബന്ധിച്ചു ഇവിടെ മെമ്പറന്മാർ നടത്തിയ പ്രസംഗങ്ങൾ ഞാൻ എത്രയും ശ്രദ്ധാപൂർവ്വംതന്നെ കേട്ടു. ബഡ്ജററിനെപ്പററി ഉണ്ടായതായ വിമർശനങ്ങൾക്കു ഞാൻ സ്നേഹപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ വിമർശനങ്ങൾ സാമാന്യേന ബഡ്ജററിനെ സ്വാഗതം ചെയ്തുകൊണ്ടുള്ളവയായിരുന്നു എന്നുള്ളതും ചാരിതാർത്ഥ്യജനകം തന്നെയാണ്. എന്നാൽ ആദ്യമേതന്നെ ബഡ്ജററു അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ ഇതു ന്യൂനതകളൊന്നും ഇല്ലാത്ത ഒരു ബഡ്ജററ് ആണെന്നു അവകാശപ്പെടുന്നില്ല. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ കഴിവുള്ളതു നാട്ടിലെ സാമാന്യജനങ്ങളുടെ ക്ഷേമത്തെ മുൻനിറുത്തി തയാറാക്കീട്ടുള്ള ബഡ്ജററാണെന്നു ഞാൻ ആദ്യം പറഞ്ഞതു വീണ്ടും ആവർത്തിച്ചുകൊള്ളുന്നു. ബഡ്ജററ് ഇതിൽ കൂടുതൽ ഭംഗിയാക്കാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല. ജനക്ഷേമകരങ്ങളായ മററു കാര്യങ്ങൾക്കു കൂടി പണം നീക്കിവയ്ക്കാമായിരുന്നില്ലേ എന്നു ചിലർ ചോദിക്കുകയുണ്ടായി. നീക്കിവയ്ക്കാമായിരുന്നു. എന്നാൽ തൽക്കാലപരിതഃസ്ഥിതിയിൽ കഴിവുള്ളതു ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. അതിപ്രധാനമായ സംഗതികളിൽ ശ്രദ്ധിച്ചും വേണ്ടിടത്തോളം വിനയത്തോടും ആത്മവിശ്വാസത്തോടും കൂടിയാണ് ഈ ബഡ്ജററ് തയാറാക്കീട്ടുള്ളതു് എന്നാണ് എന്റെ വിശ്വാസം. ഈ ബഡ്ജററിനെപ്പററി ചിലർ ചില ആക്ഷേപങ്ങളും പുറപ്പെടുവിക്കാതിരുന്നില്ല. അവയെല്ലാം കഴിവുള്ളിടത്തോളം മറുപടി പറയണമെന്നുദ്ദേശിക്കുന്നു. പല മെംബറന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ വളരെ കാര്യമായി ഗവണ്മെൻറ് പര്യാലോചിക്കുമെന്നും ആ പര്യാലോചനയുടെ ഫലമായി ഏതുവിധത്തിലാണു വർത്തിക്കേണ്ടതു എന്നു തീരുമാനിച്ചു കഴിയുന്നതും വേഗം ഈ സഭയിലെ മെംബറന്മാരുടെ അഭിപ്രായങ്ങൾക്കനുകൂലമായ രീതിയിൽ ഗവണ്മെൻറ് പ്രവർത്തിക്കുമെന്നും ഞാൻ ആദ്യമേ

തന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ബഡ്ജററിനെപ്പററി ശ്രീമാൻ ശിവരാമപിള്ള ഇവിടെ പുറപ്പെടുവിച്ച ആക്ഷേപങ്ങൾക്കു് ആദ്യം ഞാൻ മറുപടി പറയാം.

അദ്ദേഹം ആദ്യമായി പുറപ്പെടുവിച്ച ആക്ഷേപം കടങ്ങൾക്കു് പലിശകൊടുക്കുവാനായി നീക്കിവച്ചിട്ടുള്ള തുക യഥാൎത്ഥത്തിൽ പലിശ തുല്യമായി നോക്കുന്നപക്ഷം കൊടുക്കുവാൻ തികഞ്ഞുവരുന്നതല്ലാ എന്നാണു്. അതിനെപ്പററി പറയാനുള്ളതു് ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയും യഥാൎത്ഥത്തിൽ കൊടുത്തുതീൎക്കേണ്ട തുകയും തമ്മിൽ വലിയ വ്യത്യാസം ഇല്ലെന്നാണു്. കൊടുക്കേണ്ട പലിശ മുഴുവൻ കണക്കാക്കിയാൽ തന്നെ ആണ്ടുതോറും ആ തുക മുഴുവൻ കൊടുക്കേണ്ടതായി വരുന്നില്ല. അതുകൊണ്ടു് തുകയ്ക്കു വ്യത്യാസം ഉണ്ടായിരുന്നാലും അതു ബഡ്ജററിനെ സാരമായി ബാധിക്കുന്ന ഒന്നാണെന്നു് വിചാരിക്കേണ്ട ആവശ്യമില്ല. ചിലപ്പോൾ ഉടമസ്ഥന്മാർ മരിച്ചിരിക്കാം. സക്സഷൻ സർട്ടിഫിക്കററു് കിട്ടുവാനും മററും വന്നുചേരുന്ന കാലതാമസം കൊണ്ടും കൈമാററം ചെയ്യുന്നതുകൊണ്ടും മററും അതാതു് ആണ്ടിൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതായി വരുകയില്ല. മി. ശിവരാമപിള്ള പറഞ്ഞതുപോലെ പലിശ ഇനത്തിൽ കൊടുക്കേണ്ടതു് ൧൧,൦൩,൦൦൦ രൂപായാണു്. ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു് ൧൦,൩൧,൦൦൦ രൂപായാണു്. വ്യത്യാസം വളരെ തുച്ഛമാണെന്നു കാണാം. അതുകൊണ്ടു് ഈ കാൎയ്യത്തിൽ വളരെ വിഷമിക്കാനൊന്നുമില്ലെന്നു് ബഹു. മെമ്പറന്മാർ ധരിക്കണം. ബഡ്ജററിലെ വേയ്സ് ആൻഡ് മീൻസ് (Ways and Means) എന്ന ഭാഗത്തിൽ കാണുന്ന ചില ഐററത്തെ പററിയും മി. ശിവരാമപിള്ള ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി. ൧൧൦൩-ലും ൧൧൦൪-ലും കാണിച്ചിരിക്കുന്ന ക്യാഷ്ബാലൻസ് യഥാൎത്ഥമല്ലെന്നും ആ ക്യാഷ്ബാലൻസ് ഉണ്ടാകുന്നതല്ലെന്നും അദ്ദേഹം പറയുന്നു. അതിനു് അദ്ദേഹം കാരണമായി പറയുന്നതു് ൧൧൦൩-ൽ ബാങ്കിൽനിന്നും നാലരകോടി രൂപാ കടം എടുത്തിട്ടുണ്ടു്. ൧൧൦൪-ലും ഒരുകോടി രൂപാ കടം എടുക്കേണ്ടിവരും. ആ സ്ഥിതിക്കു് ൧൧൦൪ അവസാനത്തിൽ ൩.൭ കോടി രൂപാ ക്യാഷ് ബാലൻസായി കാണിച്ചിരിക്കുന്നതിൽ നിന്നും അഞ്ചരകോടി രൂപാ കുറക്കണമെന്നും അങ്ങനെ കുറച്ചാൽ ൧.൮ കോടി രൂപാ കുറവു വരുമെന്നുമാണു്. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ഇതാണു്. കടംവാങ്ങിയ കാൎയ്യവും

[Hon'ble Mr. A. Thanu Pillai.]

കടം വാങ്ങിക്കേണ്ട കാര്യവും മറച്ചുവച്ചിട്ടില്ല. ൧൧൨൨ ആദ്യം ൭ കോടിയിൽ ചില്വാനം രൂപാ മിച്ചമുണ്ടായിരുന്നു. ആ തുക സെക്യൂറിറ്റിയിലും ഇൻഡസ്ട്രിയൽ കൺസേൺസിലും മററും മുടക്കിയിട്ടുണ്ടു്. ൧൯൪൭ ആഗസ്റ്റ് ൧൪-ാംനു-ക്കു മുൻപു ഗവൺമെന്റു് അംഗീകരിച്ചതിൽ കൊടുക്കേണ്ടതായ രൂപാ ഒരുമിച്ചുകൊടുക്കേണ്ടിവന്നു. അതു് ആറുകോടി രൂപയാണു്. ഈ കാര്യത്തിനുവേണ്ടി ബാങ്കിൽനിന്നും കടം എടുക്കേണ്ടതായി വന്നു. ഈ ആണ്ടിലും അടുത്തയാണ്ടിലും ഉള്ള ബഡ്ജററിൽ അതു കടമായി കാണിച്ചിട്ടുണ്ടു്. ലയബിലിററി സ്റ്റേററുമെൻറിൽ അതു വിശദമായി കാണിച്ചിട്ടുണ്ടു്. ക്യാഷ് ബാലൻസ് കാണിക്കുന്നതിൽ ഈ കടം ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. ഈ കടം സാധാരണയുള്ള റവന്യൂവിൽനിന്നും കൊടുക്കേണ്ടി വരികയില്ല. വേണ്ടിവന്നാൽ അസ്സററ്സിൽ നിന്നോ അല്ലാത്തപക്ഷം മറെറാരു കടം എടുത്തോ ഈ കടം തീർക്കാം. അതിനാൽ ഇവിടെ പ്രസ്താവിച്ച രീതിയിലുള്ള ക്യാഷ്ബാലൻസ് ഉണ്ടാകയില്ലെന്നു പറയുന്നതു ശരിയല്ല.

MR. K. SIVARAMA PILLAI (*Thovala—General*) Over draft account பதிலுக்காக expenditure side-ல் provision எழுதப்பட்டிருக்கிறதா?

HON'BLE MR. A. THANU PILLAI : ഇൻററസ്റ്റ് ഓൺ ഓവർഡ്രാഫ്റ്റ് അക്കൗണ്ടു് ഇതു് ബഡ്ജററിൽ ൧൦൪-ാം വകുപ്പു് ഈ പേരിൽ ൧൧൨൪-ലേക്കു് ൩ ലക്ഷം രൂപാ തന്നെ വച്ചിട്ടുണ്ടു്. പിന്നെ അദ്ദേഹം അസറ്റ്സിനെപ്പററി പറയുന്നതു് ഇങ്ങനെയാണു്. ൧൧൨൨ അവസാനത്തിൽ ൨൪.൯ ലക്ഷം രൂപാ അസററു് ഉണ്ടായിരുന്നതു് ൧൧൨൪ അവസാനം ആകുമ്പോൾ ൨൯.൬ ലക്ഷം രൂപാ എന്നു പറയുന്നതു് ശരിയല്ലാ എന്നു പറയുന്നു. അതിനു് അദ്ദേഹം പറയുന്ന കാരണം ഇങ്ങനെ അസററു വരികയാണെങ്കിൽ യഥാർത്ഥമായ അസററു് എന്ന ഇനത്തിൽ ബുള്ളിയൻ അക്കൗണ്ട്സ് ഇൻവെസ്ററുമെൻറു്, ഇൻഗിൽററു എഡ്ജിഡ് സെക്യൂറിററി സിങ്കിംഗ് ഫണ്ടു്, റിസർവുഫണ്ടു് ഈ ഇനങ്ങൾ ഉൾപ്പെടുന്നതാണു്. ഈ ഇനങ്ങളിൽ ൧൧൨൩ ആദ്യം പത്തുകോടിയിൽ ചില്വാനം രൂപാ ഉണ്ടായിരുന്നതു് ൧൧൨൪ അവസാനത്തിൽ ൩ കോടിയിൽ ചില്വാനം ആകുമെന്നാണു് ആക്ഷേപം. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ഈ തുക പല ഇൻഡസ്ട്രിയൽ കൺസേൺസിലും റിപ്രൊഡക്ററിവ് കൺസേൺസിലും

മുടക്കിയിരിക്കയാണെന്നും അതുകൊണ്ടാണ് ഈ കുറവു വന്നിട്ടുള്ളതെന്നും ബഹു. മെംബറന്മാർ ധരിക്കണം. അല്ലാതെ മി. ശിവരാമപിള്ള പറയുന്ന രീതിയിൽ അതു് അസെററിന്റെ ഒരു കുറവായി വന്നിട്ടില്ല. പിന്നെ അദ്ദേഹം, സ്പെഷ്യൽ ലോണിനു വന്ന, 0 0 0 രൂപയാണ് കൊള്ളിച്ചിരിക്കുന്നതു്. ഇതിൽ ൫ ൦ ലക്ഷം രൂപാ അൺഫണ്ടഡു് അക്കൗണ്ട്സ് എന്ന ഇനത്തിൽ കൊള്ളിച്ചിരിക്കുന്നതിനു പുറമെ ആണെന്നു പറഞ്ഞതും ശരിയല്ല. ഇതു് അൺഫണ്ടഡ് അക്കൗണ്ടിൽ നിന്നും വിട്ടുവാൻ ഉദ്ദേശിച്ചിട്ടില്ല. അതു മററു പ്രകാരത്തിൽ കൊടുക്കുവാൻ സാധിക്കും. സേവിംഗ് ബാങ്കു ഡിപ്പാസിററിനെപ്പററിയാണ് അദ്ദേഹം പരാമർശിക്കുന്നതു് എന്നു തോന്നുന്നു. ഫാർമലായി അതിന്റെ കണക്കുകൂടി ഇവിടെ കാണിച്ചു എന്നേയുള്ളു. അതിനായി പ്രത്യേകം ഒരു കടം കാണിക്കുന്നതു് ശരിയല്ല.

ഇനി ശ്രീമാൻ ശിവരാമപിള്ള പറഞ്ഞ ആക്ഷേപങ്ങൾക്കു പുറമേ മി. നേശമണി പുറപ്പെടുവിച്ച രണ്ടു് ആക്ഷേപങ്ങളെപ്പററി ചിലതു പറയുവാനുണ്ടു്. അദ്ദേഹം പറഞ്ഞതു് കസ്റ്റംസ്, ഇൻകംടാക്സ് ഇവ സെൻട്രൽ റവന്യൂവിലുൾപ്പെടുന്നതുകൊണ്ടു് ചില വിഷമങ്ങൾ ഉണ്ടാകുമെന്നാണ്. നാം ഏതായാലും ഇൻഡ്യൻയൂണിയനിൽ ചേർന്നുകഴിഞ്ഞു. ഇൻഡ്യൻയൂണിയനിൽ ചേർന്നാണ് മേലാലും തുടരുവാൻ പോകുന്നതു്. എന്നാൽ തിരുവിതാംകൂറിലെ ധനാഗമമാർഗ്ഗങ്ങളും ഇവിടുത്തെ ഭരണച്ചെലവും എല്ലാം നോക്കുമ്പോൾ ഈ നാട്ടിന്റെ ഭാവിക്ക് തടസ്സമുണ്ടാകുന്ന എന്തെങ്കിലും വ്യവസ്ഥ ഇൻഡ്യാഗവണ്മെന്റും നമ്മളും തമ്മിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ട എന്നാണ് എനിക്കു പറയാനുള്ളതു്. ഇൻഡ്യാഗവണ്മെൻറും നമ്മുടെ ഗവണ്മെന്റും തമ്മിൽ ഇതു സംബന്ധിച്ച വ്യവസ്ഥ ചെയ്യേണ്ടതുണ്ടു്. ആ വ്യവസ്ഥ തിരുവിതാംകൂറിനു ദോഷകരമായി വരുമെന്നു ഞാൻ ഭയപ്പെടുന്നില്ല. ഇൻഡ്യാഗവണ്മെൻറിന് ഇതിൽ ഒരു ചുമതലയുണ്ടു്. പല പ്രവിശ്യകളും സ്റ്റേററുകളും ഒരേതരത്തിലല്ല ചെലവു് ക്രമീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂറിന്റെ കാര്യം പ്രത്യേകിച്ച് ഇൻഡ്യാഗവണ്മെൻറ് കരുതുമെന്നാണ് എന്റെ വിശ്വാസം. ഇല്ലെങ്കിൽ ഈവക പരിതഃസ്ഥിതിയെ പരിഗണിച്ച് നമ്മുടെ നാട്ടിന്റെ ക്ഷേമത്തിന് ദോഷമുണ്ടാകാതെ ഇരിക്കുവാൻവേണ്ടി നമുക്കു ശ്രമിക്കണം. ന്യായമായ

[Hon'ble Mr. A. Thanu Pillai.]

നമ്മുടെ ആവശ്യങ്ങളേ അവർ സമ്മതിച്ച് അതിനുവേണ്ട വ്യവസ്ഥകൾ ഉണ്ടാക്കുമെന്നാണ് എന്റെ പ്രതീക്ഷ. തിരുവിതാംകൂർ ഇൻഡ്യൻ യൂണിയന്റെ ലക്ഷ്യത്തിൽ ഉൾപ്പെട്ടുമെങ്കിൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങളും മററു നമ്മുടെ ചെലവുകളും എല്ലാം ആലോചിച്ച് ഇൻഡ്യാഗവൺമെൻറ് വേണ്ടതു ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇപ്പോൾ നമുക്ക് ആശങ്കയ്ക്ക് അവകാശമില്ല. പിന്നെ ഒരാക്ഷേപം— അദ്ദേഹം പറഞ്ഞത് ഇതൊരു യുദ്ധകാലബഡ്ജററുപോലെ ഇരിക്കുന്നു എന്നാണ്. ആർമി, പോലീസ് ഇവയുടെ ചെലവ് വർദ്ധിച്ചിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. അതിനെസംബന്ധിച്ചാണെങ്കിൽ ചെലവു കൂടിയിട്ടുണ്ടെന്നുള്ളതു് ശരിയാണ്. എന്നാൽ, അതിനു കാരണം ഒന്നാമതു് ഇവിടത്തെ പട്ടാളക്കാരുടെ നില ഇൻഡ്യൻപട്ടാളക്കാരുടെ നിലയോട്ട് തുല്യമാക്കിക്കൊണ്ടുവരണമെന്നുള്ളതാണ്. ഇതു് ഇൻഡ്യൻ ഡിഫൻസ് മിനിസ്ട്രിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുകൂടിയാണ് ചെയ്യുന്നതു്. അതിനെ ഉദ്ദേശിച്ച് ചെലവു വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഇപ്പോൾ മററു ഡിപ്പാർട്ടുമെൻറുകളിൽ തന്നെയും ചെലവു വർദ്ധിച്ചാണിരിക്കുന്നതു്. പബ്ലിക്ക് ഹെൽത്തു്, റൂറൽ ഡവലപ്പുമെൻറ്, അഞ്ചൽ ഡിപ്പാർട്ടുമെൻറ് ഇങ്ങനെ പല ഡിപ്പാർട്ടുമെൻറുകളിലും ചെലവുവർദ്ധിച്ചിട്ടുണ്ട്. ആ ക്രമമനുസരിച്ച് ഇവിടെയും വർദ്ധിപ്പിച്ചിട്ടുണ്ടെന്നേയുള്ളു. പോലീസിനെ സംബന്ധിച്ചാണെങ്കിലും സ്ഥിതി ഇതു തന്നെ. പോലീസ് ഡിസ്ട്രിക്ററു റിസർവിന്റെ ചെലവ് ഇരട്ടിച്ചിരിക്കുന്നു എന്നൊരാക്ഷേപമുണ്ട്. ഇന്ന് നാട്ടിലെ സ്ഥിതി നമുക്കെല്ലാവർക്കും അറിയാം. ഒരു കൂട്ടർ അല്ലെങ്കിൽ മറെറാരു കൂട്ടർ, ഒരു സ്ഥലത്തല്ലെങ്കിൽ മറെറാരു സ്ഥലത്തു അസ്വാസ്ഥത തുടർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയിരിക്കെ പോലീസിന്റെ സുസംഘടിതമായ നിലനിൽപ്പിന് അത്യാവശ്യമാകത്തക്ക രീതിയിൽ അവിടെയും ചെലവു വർദ്ധിപ്പിച്ചിട്ടുണ്ടെന്നേയുള്ളു. ഇതു തിരുവിതാംകൂറിൽ മാത്രമാണോ എന്ന് നാം ആലോചിക്കണം. ലോകത്തിന്റെ എല്ലാ ഭാഗത്തും ഇപ്പോഴത്തെ സ്ഥിതി ഇതാണ്. അതുകൊണ്ട് ഇവിടെയും അതിന്റെ ആവശ്യം നേരിട്ടിട്ടുണ്ടെന്നു പറയുന്നതിൽ എനിക്കു മടിയില്ല. എന്നാൽ പോലീസിന്റെയും പട്ടാളത്തിന്റെയും ആവശ്യം ഇല്ലാതെ കഴിഞ്ഞുകൂടത്തക്ക ഒരു അന്തരീക്ഷം ഉണ്ടാകുമെന്നാണ് എന്റെയും ആഗ്രഹം. ഏതായാലും ഇന്നത്തെ സ്ഥിതിക്ക് ഇതു് വളരെ അത്യാവശ്യമാണ്.

ഇതിൽ ഗവണ്മെൻറ് വേണ്ടതു ചെയ്തില്ലെങ്കിൽ അതു് കൃത്യവിലോപമായിരിക്കും. ഇതുതന്നെ ടെമ്പററിയായിട്ടാണു് കൂട്ടിയിരിക്കുന്നതു്. അതിൻെറ ആവശ്യം ഇല്ലാതെവരുന്ന സമയത്തു് അതു് നീക്കംചെയ്യുന്നതാണു്. പോലീസും പട്ടാളവും കൂടാതെയുള്ള ഭരണമാണു് ഉത്തമമായ ഭരണമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ വസ്തുത നാം നമ്മുടെ നാട്ടുകാരെ വേണ്ടതുപോലെ മനസ്സിലാക്കണം. മാത്രമല്ല ഇവിടത്തന്നെ പല മെമ്പറന്മാരും പറഞ്ഞു പോലീസുകാർക്കു് നല്ല ശമ്പളം കൊടുക്കണമെന്നു്. അവർ നമ്മോടു് എന്തെല്ലാം പ്രവർത്തിച്ചാലും അവർക്കു് നല്ല ശമ്പളം കൊടുത്തേ തീരൂ. ഇൻസ്പെക്ടർ ജനറലിനു് ഇതിൽ വളരെ നിർബന്ധമുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ തെററില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ ധനശമണി ഇവിടെ പറഞ്ഞു, അദ്ദേഹത്തിൻെറ വാക്കു് ഞാൻ മനസ്സിലാക്കിയിടത്തോളം "മനഃപൂർവ്വമായിട്ടുള്ള സഹകരണമാണു് തമിഴ്നാടുകോൺഗ്രസ്സിനോടു് സ്റ്റേറ്റുകോൺഗ്രസ്സ് ആവശ്യപ്പെടുന്നതെങ്കിൽ ആ സഹകരണം ഉണ്ടാകും" എന്നു്. അതിനെ സംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു് സ്റ്റേറ്റുകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റുകോൺഗ്രസ്സ് ചുമതലപ്പെടുത്തിയിരിക്കുന്ന ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, വളരെ ആത്മാർത്ഥമായ സഹകരണമാണു് തമിഴ്നാടു കോൺഗ്രസ്സിനോടു് ആവശ്യപ്പെട്ടിരിക്കുന്നതു്. ഇരുകക്ഷികളുടേയും മനഃപൂർവ്വമായ ഉദ്ദേശങ്ങൾ സമീപകാലത്തു് കൂടുതൽ കൂടുതൽ മനസ്സിലാക്കിയിട്ടുണ്ടു്. അതിനാൽ പരിപൂർണ്ണമായ സഹകരണം ഇരുകൂട്ടരും തമ്മിൽ ഉണ്ടാകുമെന്നു് വിശ്വസിക്കുന്നു. എനിക്കൊരു കാര്യം അവരോടു പ്രസ്താവിക്കാനുള്ളതു് ഭരണപരമായ കാര്യങ്ങളിൽ ഈ ഗവണ്മെൻറിനു് കക്ഷിവ്യത്യാസം ഒന്നും ഇല്ലെന്നാണു്. നാട്ടിലെ എല്ലാ ഭാഗങ്ങളിലും ഉള്ള ആളുകൾക്കു ഗുണം ഉണ്ടാകത്തക്കവണ്ണം ഭരണം നടത്തണമെന്നാണു് ഈ ഗവണ്മെൻറിൻെറ ഉദ്ദേശം. ആ ഉദ്ദേശം കഴിയുന്നത്ര ഫലപ്രദമായ വിധത്തിൽ നടപ്പിൽ വരുത്തുവാൻ ഈ ഗവണ്മെൻറ് ശ്രമിക്കുന്നതാണെന്നു് ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഇതിൽ ആർക്കും ആശങ്കയ്ക്കു് അവകാശമില്ല. ഇതുതന്നെയാണു് മുസ്ലിംലീഗു കക്ഷിയോടും എനിക്കു പറയുവാനുള്ളതു്. അവർ ഒരു സ്ഥലത്തെ പ്രത്യേകം പ്രതിനിധീകരിക്കുന്നില്ല, ഒരു ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നു. ഈ പറഞ്ഞ തത്വങ്ങൾ വച്ചുകൊണ്ടാണു ഈ ഗവണ്മെൻറ് പ്രവർത്തിക്കുന്നതെന്നുള്ളതിനു്

[Hon'ble Mr. A. Thanu Pillai.]

യാതൊരു സംശയവുമില്ല. ഇതിലേക്കെല്ലാവരുടേയും സഹകരണം ഉണ്ടാകുമെന്നു് വിശ്വസിക്കുന്നു.

മെമ്പറന്മാർ പല വിമർശനങ്ങളും ബഡ്ജററ സംബന്ധമായി നടത്തിയിട്ടുണ്ടു്, പല നിർദ്ദേശങ്ങളും പല മെമ്പറന്മാരും നൽകിയിട്ടുണ്ടു്. അവയെപ്പററിയെല്ലാം ഞാൻ പൊതുവേ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഒന്നുരണ്ടു സംഗതികളെക്കുറിച്ചുകൂടി ചിലതു പ്രസ്താവിച്ചുകൊള്ളട്ടെ. ഭരണപരമായി ചെലവു് കുറഞ്ഞിട്ടില്ലെന്നു് പൊതുവേ ഒരഭിപ്രായമുണ്ടു്. അൽപ്പം ചെലവു കുറയ്ക്കുന്നതിനു് മാത്രമേ ഇതിനകം സാധിച്ചിട്ടുള്ളു എന്നു ഞാൻ സമ്മതിക്കുന്നു. ഇനിയും ചെലവു കുറയ്ക്കുന്നതിനുള്ള വഴികൾ പലതും ഗവൺമെൻറു് ആരായുന്നതാണു് എന്നു ഞാൻ ഉറപ്പു പറയുന്നു. എന്നാൽ ഒരു സംഗതി എല്ലാവരും ഓർത്തിരിക്കണം. ഇപ്പോൾ ഈ അലവൻസിനത്തിൽ തന്നെ വളരെ വലുതായ ഒരു തുക ഗവൺമെൻറിനു് ചെലവു വരുന്നുണ്ടു്. ഇന്നത്തെ സാമ്പത്തിക നില നിൽക്കുന്നിടത്തോളം കാലം ഇതു കൂടാതെ സാധിക്കുന്നതല്ല. വലിയ ശമ്പളങ്ങൾ കുറവുചെയ്യണമെന്നും ചെറിയ ശമ്പളങ്ങൾ കുറയ്ക്കരുതെന്നും ഒരഭിപ്രായമുണ്ടു്. അതിനു് എനിക്കു പറയുവാനുള്ളതു് വലിയ ശമ്പളങ്ങൾ കുറവുചെയ്യുന്നതുകൊണ്ടു് വലിയ ലാഭം ഒന്നും ഉണ്ടാകുന്നില്ല. എന്നാൽ താണതരം ജീവനക്കാരുടെ ശമ്പളം ഉയർത്തുന്നതിനു് വലുതായ തുക വേണ്ടിവരുന്നു. അതായതു ഇന്നു് ൭൦൦ രൂപയ്ക്കു് മേലുള്ള ശമ്പളം കുറവാണു്. അതിനുമുകളിലുള്ളതും ൭൦൦ രൂപയുള്ളതുമായ ഉദ്യോഗങ്ങളും വളരെ കുറവാണു്. എനിക്കൊന്നു പറയുവാനുള്ളതു് ഇന്നത്തെ സ്ഥിതിഗതികൾക്കു് ഗണ്യമായ ഒരു മാററം വരുന്നതുവരെ കുറെയൊക്കെ ചെയ്യാമെന്നല്ലാതെ ഗണ്യമായ മാററം വരുത്തുന്നതിനു സാദ്ധ്യമല്ല. എങ്കിലും കഴിയുന്നതും ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുന്നതിനു് വേണ്ടതു് ചെയ്യുന്നുണ്ടു്. അതിനു് വേണ്ട നിർദ്ദേശങ്ങൾ ഇവിടെയും കിട്ടിയിട്ടുണ്ടു്. ഒരു റീ കമ്മീഷൻ വേണമെന്നു് ചിലർ പറയുന്നു. അതിനേപ്പററി ഗവൺമെൻറു് ഗാഢമായി ആലോചിച്ചു് വേണ്ടതു ചെയ്യും. പബ്ലിക്ക് സർവീസിൻെറ ഇന്നത്തെ നില തുടർന്നുകൊണ്ടു പോയാൽ പോരാ. ഒരു പബ്ലിക്ക സർവീസു് കമ്മിഷൻ വേണമെന്നു് ചില മെമ്പറന്മാർ പറഞ്ഞു, അതിനേപ്പററിയും ഗവൺമെൻറു് ഗാഢമായി ആലോചിക്കും. ഇവയുടെ കൈ ഫലം എന്തായി എന്നുള്ളതു് അടുത്ത അസംബ്ലിക്കു്

നാം കൂടുമ്പോൾ നിങ്ങൾക്ക ചോദിക്കാവുന്നതും അറിയാവുന്നതും ആണ്. പക്ഷെ അതിനൊക്കെ അൽപ്പം സമയം വേണമെന്നേയുള്ളു. പിന്നൊരുകാര്യം ഇവിടെ വളരെ പ്രധാനമായി പ്രസ്താവിച്ചതു ഗവണ്മെൻറിന് എന്താണൊരു ലാൻഡ്ഡ് പോളിസി ഇല്ലാതിരിക്കുന്നത്; അതിനു വേണ്ട തീരുമാനങ്ങൾ ഇതിനകം ചെയ്യേണ്ടതായിരുന്നില്ലേ എന്ന് ഒരു ബലമായ അഭിപ്രായമുണ്ട്. എൻെറ മാന്യസ്നേഹിതൻ ആണറബിൾ മിസ്റ്റർ സി. കേശവൻ ഇതു സംബന്ധമായി കൊടുത്ത മറുപടി തീരെ തൃപ്തികരമല്ലെന്നും പറഞ്ഞു. എനിക്കു പറയുവാനുള്ളത്, ഈ കാര്യങ്ങളിലേയ്ക്കു നമുക്കെല്ലാം ഒരു ക്ഷമവേണം. ലാൻഡ്ഡ് പോളിസി എന്തായിരിക്കണം? ഈ രാജ്യത്തിലേ വസ്തുഉടമസ്ഥന്മാർ എത്രപേരുണ്ട്? അവർക്ക് വസ്തുക്കൾ എങ്ങനെയെല്ലാം ഉണ്ട്? ഇതൊക്കെ നല്ലവണ്ണം ചർച്ചചെയ്ത് കാര്യങ്ങൾ തുടങ്ങിയില്ലെങ്കിൽ കുഴപ്പമുണ്ടാകും. ഇവയെല്ലാംകൊണ്ട സ്വല്പ കാലതാമസം ഉണ്ടാകും. ഇവയൊക്കെ നാം ആലോചിക്കേണ്ടതാണ്. ഗവണ്മെൻറ് ഈ സംഗതികളെപ്പററി നല്ലവണ്ണം ചർച്ചചെയ്ത് ഈ സഭയുടെ അഭിപ്രായം ശരിയായ രൂപത്തിൽ അറിഞ്ഞു വേണ്ടതു ചെയ്യുന്നതാണ്. ഈ കാര്യം ഗവണ്മെൻറു വിസ്മരിച്ചിരിക്കുകയാണ് എന്നു ധരിക്കേണ്ട. ഈ സംഗതിയെസംബന്ധിച്ച് ഇത്രമാത്രമേ പറയാനുള്ളു.

പിന്നെ സാമാന്യജനങ്ങളുടെയെന്നല്ല സാധുജനങ്ങളുടെ രക്ഷയ്ക്കായിട്ട് വേണ്ടിടത്തോളം തുക ബഡ്ജററിലില്ല എന്നൊരഭിപ്രായമുണ്ട്. അതു് ഞാനും സമ്മതിക്കുന്നു. ഇവിടെ പ്രധാനമായി ഉന്നയിച്ച ഒരു സംഗതി ഭവനനിർമ്മാണമാണ്. എന്നാൽ അതു് ഗവണ്മെൻറ് കരുതിയിട്ടില്ല എന്നു പറയുന്നതു് ശരിയല്ല. ഗ്രാമപ്പഞ്ചായത്തുകൾ വഴി ഗ്രാമങ്ങളിലെ ആവശ്യങ്ങൾ നിറവേററണമെന്ന് പറഞ്ഞു. അതിനൊരു തുക നീക്കിവച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി സാധാരണജനങ്ങൾക്ക് പാർപ്പിടം ഉണ്ടാക്കുന്നതിനും മററും പ്രൊവിഷൻ ഉണ്ട്. അതിനാൽ ആ കാര്യം മറച്ചിരിക്കുകയാണെന്ന് ആരും ധരിക്കരുതു്.

എനിക്ക് ഇനി ഒരു സംഗതി പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററി ചില മെമ്പറന്മാർ ഉദ്ധരിച്ച ചില വാദമുഖങ്ങളെക്കുറിച്ചാണ്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതി ഇല്ലെന്നു ഞാൻ പറയുന്നില്ല. അഴിമതിയുണ്ട്. ഈവക ദുർഗ്ഗുണങ്ങൾ വച്ചുപുലർത്തുന്നതും നല്ലതല്ല. ഇവയെ ഉൻമൂലനംചെയ്യാൻ ഗവണ്മെൻറ്

[Hon'ble Mr. A. Thanu Pillai.]

കഴിയുന്നതും പരിശ്രമിക്കുന്നതാണെന്നു ഞാൻ ഉറപ്പുതരുന്നു. അതിനു് ആവശ്യമെന്നു തോന്നുന്നപക്ഷം ഒരു സൂക്ഷ്മാന്വേഷണക്കമ്മിററിയെ നിയമിക്കുന്നതുമാണ്. പക്ഷെ അതിൽ നാം ഒരു കാര്യം ഓർക്കണം. സർക്കാർ ഉദ്യോഗസ്ഥന്മാർക്കു് കൈക്കൂലിവാങ്ങാനുള്ള യാതൊരു സൗകര്യവും സാമാന്യജനങ്ങൾ ഉണ്ടാക്കിക്കൊടുക്കരുതു്. അതായതു് ഉദ്യോഗസ്ഥന്മാർ ആരുംതന്നെ കൈക്കൂലിക്കാരാകരുതെന്നു സാമാന്യജനങ്ങൾ വിചാരിക്കണം. അങ്ങിനെ ജനങ്ങൾ ഏകോപിച്ചു ദൃഢനിശ്ചയത്തോടു കൂടി പ്രവർത്തിച്ചാൽ ഒരുദ്യോഗസ്ഥനും കൈക്കൂലി വാങ്ങാതെതന്നെ കാര്യക്ഷമമായി ജോലിചെയ്തുകൊള്ളും.

മറെറാരു കാര്യം എനിക്കു് പറയുവാനുള്ളതു് മെഡിക്കൽ കാളേജിനെപ്പററിയാണ്. മെഡിക്കൽകാളേജു നടത്തുന്നതിനു് ശരിയായ രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു ഹാസ്പിററൽ ഇല്ലാതെ അതിനു ശ്രമിച്ചാൽ അതു് ദുർവ്യയമായിത്തീരുമെന്നു് എന്റെ ഒരു ബഹുമാന്യ സ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. അതു് ശരിയാണ്. മെഡിക്കൽ കാളേജിന്റെ സ്ഥാപനത്തിനു മുമ്പായി സാധനസാമഗ്രികൾ സമ്പൂർണ്ണമായി സജ്ജീകരിച്ചിട്ടുള്ള ഒരു ഹാസ്പിററൽ ഉണ്ടായതിനു ശേഷമെ അതിന്റെ പ്രവർത്തനം ആരംഭിക്കുകയുള്ളുയെന്നു ഞാൻ നിങ്ങളോടു ധൈര്യമായി പറയുന്നു. അതിൽ ആർക്കും ആശങ്കയ്ക്കു് വകയുണ്ടെന്നു തോന്നുന്നില്ല. മറെറാരു ബഹുമാന്യമെംബർ ഇവിടെ പറകയുണ്ടായി തെക്കൻതിരുവിതാംകൂറിലെ പെരുഞ്ചാണി സ്കീമിലേക്കു് ൧൧ ലക്ഷത്തിൽ ചില്വാനം രൂപയെ അനുവദിച്ചിട്ടുള്ളു അതുകൊണ്ടു മതിയാകയില്ലെന്നു്. എനിക്കു പറയുവാനുള്ള മറുപടി പണം ഇല്ലാത്തതുകൊണ്ടു് പെരുഞ്ചാണി സ്കീമിന്റെ പണി തീർക്കാൻ താമസം നേരിടുകയില്ലെന്നും നിശ്ചയമായും കഴിയുന്നതും വേഗം ഈ ജോലി തീർക്കാനുള്ള സകല സംരംഭങ്ങളും ഗവൺമെൻറു് ചെയ്യുന്നതാണെന്നുമാണ്.

സമുദായ സൗഹാർദ്ദമില്ലായ്മയെപ്പററി ഒരൊച്ചപ്പാടു് ഇവിടെ കേട്ടു. വിവിധ സമുദായങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ രാജ്യത്തു ഒരു സമുദായമൈത്രി ഉണ്ടാകണമെങ്കിൽ, സകല ജനങ്ങളും ഏകോപിച്ചു സമുദായ മനഃസ്ഥിതി വെടിഞ്ഞു് സൗഹാർദ്ദം പുലർത്തണമെന്നുള്ള ഒരു മനോഭാവം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഉണ്ടായാൽ അതു് രാജ്യക്ഷേമകരമായിട്ടുള്ള നേട്ടങ്ങളിൽ പ്രഥമസ്ഥാനം അർഹി

കന്നതാണ്. ആ ഭാഗം ജനങ്ങൾക്കു കിട്ടാതാക്കുകയെന്നുള്ള തല്ലാതെ എനിക്കതിൽ മറ്റൊന്നും ചെയ്യാൻ ഇല്ല.

മി. പിലിപ്പോസ് മുതലാളി ഇവിടെ ഉദ്ധരിച്ച വേറൊരു സംഗതി ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള ചെലവു വളരെ കൂടിപ്പോയി യെന്നതാണ്. അത് വാസ്തവമാണ്. കാരണം, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക, നെല്ലെടുപ്പു ജോലികൾ നിർവഹിക്കുക മുതലായവകൾ ഈ ഡിപ്പാർട്ടുമെൻറുവഴി നടത്തുന്നതുകൊണ്ടാണ് ചെലവ് അല്പം കൂടിയിരിക്കുന്നത്. അത് കാലക്രമംകൊണ്ട് ചുരുക്കിക്കൊള്ളാം.

പിന്നൊരു ബഹുമാന്യമെമ്പർ ഇവിടെ പറകയുണ്ടായി, ഏതോ ചില കാര്യങ്ങളെല്ലാം ഞാൻ ബഡ്ജററിൽ പൊതിഞ്ഞു വച്ചിരിക്കുന്നു എന്ന്. വാസ്തവത്തിൽ ഒരു പൊതിഞ്ഞുവയ്പിനും ഞാൻ ശ്രമിച്ചിട്ടില്ല. ഒരുവിധ പൊതിഞ്ഞുവയ്പും വേണമെന്നു ഞാൻ ആശിക്കുന്നുമില്ല. തിരുവിതാംകൂറിൽ ഒരു ലാൻഡ് എക്കണോമിക് സർവേ നടത്തേണ്ടതത്യാവശ്യമാണെന്നു പറഞ്ഞതിനോട് ഞാനും കുറേയൊക്കെ യോജിക്കുന്നു. എങ്കിലും മററ് ജീവൽപ്രധാനമായ പല കാര്യങ്ങളും ശേഷമുള്ളതുകൊണ്ട് അതിനെപ്പററി ആലോചിക്കാമെന്നുള്ളതല്ലാതെ ഖണ്ഡിതമായ ഒരു മറുപടി പറയാൻ സാദ്ധ്യമല്ല.

ഇന്നത്തെ പരിതഃസ്ഥിതിയിൽ ആഹാരസാധനദൗർലഭ്യം കൊണ്ടു ജനങ്ങൾ വളരെ ക്ലേശിക്കുന്നു. അതിനുള്ള സകല കഴിവുകളും നമ്മുടെ ശക്തിക്കൊത്തവണ്ണം പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നത്. നമ്മുടെ കൃഷിസൗകര്യങ്ങൾക്കുവേണ്ടി ഇറിഗേഷൻ വേലകൾ അതായത്, കുളങ്ങൾ, കലിങ്കുകൾ മുതലായവ ഉണ്ടാക്കുന്നതിനായിട്ട് ശ്രമിക്കേണ്ടിയിരിക്കുന്നു. ഇറിഗേഷൻ വകയ്ക്കായിട്ട് ൧ കോടി രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഭൂതത്താൻകെട്ടണയെപ്പററി മി. കുഞ്ഞിത്തൊമ്മൻ ഇവിടെ പറഞ്ഞതു ഞാൻ ശ്രദ്ധിച്ചു. ആ അണ പൂർത്തിയായാൽ കൃഷിക്ക് വളരെ ഫലപ്രാപ്തിയുണ്ടാകുമെന്നു എനിക്ക് വിശ്വാസവുമുണ്ട്. പക്ഷെ അവിടെയുള്ള ഭൂസ്ഥിതിയെപ്പററി ഒരു ഗവേഷണം നാം ചെയ്യേണ്ടിയിരിക്കുന്നു. അതിനായുള്ള സകല നടപടികളും നടത്തുന്നതിനുവേണ്ടിയുള്ള അന്വേഷണം കൈക്കൊണ്ടിട്ടുണ്ട്. ഫലപ്രദമാണെന്നു കാണുന്നപക്ഷം അതിനാവശ്യമുള്ള പണം ഗവൺമെൻറു ചെലവാക്കാൻ തയാറാണ്. നാഞ്ചിനാട്ടെ പേച്ചിപ്പാറ അണകൊണ്ട് ൩൮,൦൦൦ ഏക്കർ സ്ഥലത്തു മാത്രമെ ജലസേചനം നടത്താൻ

[Hon'ble Mr. A. Thanu Pillai.]

രൂപകരിക്കുന്നുള്ളൂ. എന്നാൽ ശ്രുതത്താൻകെട്ടണ ഫലപ്രദമാകുന്ന പക്ഷം ൨ ലക്ഷം ഏക്കർ സ്ഥലത്തു് ജലവിതരണം ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നതു്.

അവശസമുദായോദ്ധാരണത്തിനുവേണ്ടി പറയത്തക്ക ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നു ഒരു പരാതി ഞാൻ കേട്ടു. യഥാർത്ഥത്തിൽ എനിക്ക് പറയുവാനുള്ളതു് ഗ്രാമോദ്ധാരണ വകുപ്പിനുവേണ്ടി ഒരു നല്ല തുക അനുവദിച്ചിട്ടുള്ളതും അതിൽ അവശസമുദായോദ്ധാരണം കൂടി ഉൾക്കൊണ്ടിട്ടുള്ളതും ഉള്ളതുകൊണ്ടാണ്, അവശസമുദായോദ്ധാരത്തിനുവേണ്ടിയുള്ള തുക ബഡ്ജറ്റിൽ കുറഞ്ഞു കാണുന്നതു്. കൂടാതെ വിദ്യാഭ്യാസ വകുപ്പിലും അവശസമുദായങ്ങൾക്കുവേണ്ടി ഒരു നല്ല തുക കൊള്ളിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ ധരിക്കുമെന്നു വിശ്വസിക്കുന്നു. അവശ സമുദായോദ്ധാരണം ഗവണ്മെൻറിൻെറ ഒരുകടമകൂടി ആണെന്നു ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു് ഈ വക സംഗതികളെല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നു വിശ്വസിക്കയും നമ്മുടെ ഉദ്ദേശങ്ങളെല്ലാം സാധിതപ്രായമാക്കുന്നതിനുള്ള സാഹചര്യവും പിൻതുണയും അപേക്ഷിക്കയും ചെയ്തുകൊണ്ടു് എൻെറ വിശദീകരണം അവസാനിപ്പിക്കുന്നു.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ബഡ്ജററിൽ ൫ കോടി ൩൪ ലക്ഷത്തിൽ ചില്വാനം രൂപാ ആസ്തി ഇനത്തിൽ കൊള്ളിച്ചുകാണുന്നു. ഇതു് ഫുഡ് അഡ്വാൻസ് എന്ന അയിററത്തിനുവേണ്ടിയാണ്. അതിൽ ആഹാരസാധനം വാങ്ങിയതിനുള്ള തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ അതോ അത്രയും തുക ആഹാരസാധനങ്ങൾ വാങ്ങാനുള്ളതിനുവേണ്ടി അഡ്വാൻസ് കൊടുത്തിട്ടുള്ളതാണോ?

HON'BLE MR. A. THANU PILLAI : ആഹാരസാധനങ്ങൾക്കുവേണ്ടി അഡ്വാൻസ് ചെയ്തിട്ടുള്ള തുകകൂടി അതിൽ ഉൾപ്പെടും.

MR. T. A. ABDULLA ; ൫ ൦ രൂപാവച്ചു കണക്കാക്കിയാൽ രണ്ടു കോടിരൂപാ വരും. അതു ചരക്കായിട്ടിരിക്കുകയാണ്. ബാക്കി രണ്ടു കോടിരൂപാ അഡ്വാൻസ് ചെയ്തിരിക്കുകയാണോ എന്നാണറിയേണ്ടതു.

HON'BLE MR. A. THANU PILLAI : ബാക്കിയുള്ള രണ്ടുകോടിയിൽ കുറെ പണമായിട്ടുണ്ടു്. കുറെ നഷ്ടമായിട്ടും വരും.

MR. K. R. ELANKATH (*Trivandrum IV—General*): ബഡ്ജററ് മെമ്മോറാണ്ടം ൧൧-ാം പേജിൽ ൧൧൨൩-ലേക്ക് 'Loan advanced by Government' എന്ന ഇനത്തിൽ ഒരുകോടി ഇരുപതു ലക്ഷം രൂപാ കാണിച്ചിട്ടുണ്ട്. എന്നാൽ ൧൧൨൪-ലേക്ക് ഒൻപതുലക്ഷത്തിൽ ചില്വാനമേ കാണിച്ചിട്ടുള്ളു. അതിനു കാരണമെന്താണ്?

HON'BLE MR. A. THANU PILLAI: ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിക്ക് ൯൦ ലക്ഷം രൂപാ കടംകൊടുത്തിട്ടുണ്ട്. കമ്പനി ഷെയർ കാപ്പിററൽ വർദ്ധിപ്പിച്ചു. ഗവണ്മെൻറ് ആകെയുള്ള ഷെയറിൻെറ ൫൧ ശതമാനം എടുക്കണമെന്നുള്ളതുകൊണ്ടാണ് ആ തുക വന്നിട്ടുള്ളത്.

MR. V. GANGADHARAN NAIR (*Quilon III—General:*) ഒരു പ്ലാനിംഗ് കമ്മററിയെ ഉടനടി നിയമിക്കണമെന്ന് ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI: അതു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ആലോചിച്ച് വേണ്ടതു ചെയ്യാവുന്നതാണ്.

കൃഷിക്കും മററും പണം കൊടുത്തു സഹായിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററി മുഖേന ജോലികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. K. RAMACHANDRAN: ആ കമ്മിററിയിൽ ഏതെങ്കിലും എക്സ് സർവീസുകാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI: ഉണ്ട്.

MR. P. M. VARGHESE (*Thodupuzha II—General*): തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നിട്ടും അരിയുടെ വില കുറച്ചിട്ടില്ല; കുറയ്ക്കുമെന്ന് ഒരു പ്രോമിസ് പോലും കിട്ടിയിട്ടില്ല. ആ സ്ഥിതിക്ക് നാം പ്രൊട്ടസ്ററു ചെയ്യുകയെങ്കിലും ചെയ്യേണ്ടതല്ലേ?

HON'BLE MR. A. THANU PILLAI: ഈ പ്രൊട്ടസ്റ്റ് എല്ലായിടത്തും പ്രയോഗിക്കാവുന്നതല്ല. ഇൻഡ്യാഗവണ്മെൻറും തിരുവിതാംകൂറുമായി ഇന്നുള്ള ബന്ധം വച്ചുകൊണ്ടു നോക്കിയാൽ നമുക്ക് അതിനെ പ്രൊട്ടസ്ററു ചെയ്യാൻ സാദ്ധ്യമല്ല.

MR. P. T. CHACKO (*Kottayam II—General*): ബഡ്ജററ് ഏഴാം പേജിൽ ഐററം നമ്പർ ൫൦ പോസ്ററവാർ റീകൺസ്ട്രക്ഷൻ

[Mr. P. T. Chacko.]

സ്കീമിൽ ൯൭ ലക്ഷത്തിൽ ചിലവാനം രൂപാ വെച്ചിട്ടുണ്ട്. ആ പേജിൽതന്നെ അവസാനമായി അത് ഡിഡക്റ്റു ചെയ്തിരിക്കയാണ്. അപ്പോഴും ആ തുകയുള്ള ചെലവിനത്തിൽ ഈ തുക കൂടി കൂട്ടുകയില്ലേ?

HON'BLE MR. A. THANU PILLAI : അത് കറന്റു റവന്യൂവിൽനിന്നല്ല പോകുന്നത്.

MR. P. T. CHACKO ; ഡെഫിഷിററിയായിട്ടല്ലേ ആ തുക ഇരിക്കുന്നത്.

HON'BLE MR. A. THANU PILLAI : അല്ല. അത് അസറ്റു തന്നെ.

MR. PAUL A. THALIATH (*Parur III—General*) : വടക്കൻ തിരുവിതാംകൂറിൽ റെയിൽവെ നീട്ടുന്നതിനെപ്പററിയും കമ്മേഴ്സ്യൽ ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കുന്നതിനെപ്പററിയും ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

HON'BLE MR. A. THANU PILLAI : റെയിൽവെ നീട്ടുന്നതിനെ സംബന്ധിച്ച് ഇതുവരെ ഒന്നും ആലോചിച്ചിട്ടില്ല. ആലോചിക്കാം.

MR. N. P. VARGIS (*Muvattupuzha I—General*) : ഗവൺമെന്റിന്റെ ഇൻഡസ്ട്രിയൽ പോളിസി എന്താണ്? ഒരു ഇൻഡസ്ട്രിയൽ പ്ലാനിംഗ് കമ്മിററിയെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : കഴിയുന്നിടത്തോളം വ്യവസായങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതിനു ഗവൺമെന്റു പലതും ചെയ്തിട്ടുണ്ട്. പല കമ്പനികൾക്കും ഷെയറുകൾ എടുത്തും പണം കടംകൊടുത്തും മററും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില കമ്പനികൾ പ്രവർത്തനം തുടങ്ങിയതിനുശേഷവും സാമാനങ്ങൾക്ക് വില വർദ്ധിച്ചിരിക്കുന്നു എന്നും മററും പറഞ്ഞ് കടത്തിനായി ഗവൺമെന്റിനെ സമീപിക്കുന്നുണ്ട്. മേലാൽ ഗവൺമെന്റിന്റെ ശരിയായ നിയന്ത്രണമുള്ള കമ്പനികൾക്കു മാത്രമേ പണം കൊടുക്കയുള്ളു. എന്നാൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കണമെന്ന് ഉദ്ദേശമില്ല. കഴിയുന്നിടത്തോളം പ്രോത്സാഹനം നല്കുന്നതായിരിക്കും.

MR. N. P. VARGIS : ഇൻഡസ്ട്രീസ് നാഷണലൈസു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

**HON'BLE MR. A. THANU PILLAI :** പലതരം വ്യവസായങ്ങളുണ്ട്, എല്ലാററിനെയും ഒരുമിച്ച് ഏറ്റെടുക്കാവുന്നതല്ല. മാത്രമല്ല ഇൻഡ്യാ ഗവമെൻറിൻെറ നയത്തിന് അനുസരണമായി മാത്രമേ നമുക്കും പോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു പെട്ടെന്നത്തരം പറയാൻ നിവൃത്തിയില്ല.

**MR. P. BALAKRISHNAN THAMPI** (*Mavelikara III—General*) : Is the Government in a position to state anything in regard to the retrocession of Anjengo and Tangacheri ?

**HON'BLE MR. A. THANU PILLAI :** No, Sir.

**MR. P. BALAKRISHNAN THAMPI :** May I know whether negotiations are in progress regarding the retrocession of these areas ?

**HON'BLE MR. A. THANU PILLAI :** No, Sir.

**MR. P. T. CHACKO :** ബഡ്ജററ് ൧൭൯-ം പേജിൽ ഗ്രാൻറ് ഇൻ എയിഡ് പ്രൈമറിസ്കൂളുകൾക്ക് വേണ്ടി ൧൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. അദ്ധ്യാപകന്മാർക്ക് നാൺ കമ്പൽസറി ഏറിയായിൽ ൨൫ രൂപാവീതം ശമ്പളം കൊടുക്കുന്നതാണെന്ന് കാണുന്നു. ൮ രൂപാമാത്രം ശമ്പളം കൊടുത്തുകൊണ്ടിരുന്ന കാലത്തും ഇത്രയും തുക തന്നെ നീക്കിവച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ തുക അതിലേക്കു മതിയാകുമോ?

**HON'BLE MR. A. THANU PILLAI :** പള്ളിക്കൂടങ്ങൾ കൂടുതൽ കൂടുതലായി ഗവണ്മെൻറ് ഏറെറടുത്തു വരികയാണു. അങ്ങിനെ പ്രൈവററ് സ്കൂളുകൾ കുറഞ്ഞു കുറഞ്ഞു വരുന്നതുകൊണ്ട് ഈ തുക മതിയാകും.

**MR. PRESIDENT :** ബഡ്ജററിൻെറ പൊതു വിമർശനത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു. അടുത്തതായി Demands for grants ആണ്. എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്കുള്ള ഡിമാൻറ് ആണറബിൾ മി. ജി. രാമചന്ദ്രൻ ഇപ്പോൾ അവതരിപ്പിക്കുന്നതായിരിക്കും.

## VOTING OF DEMANDS FOR GRANTS
## DEMAND NO. I—EXCISE.

**HON'BLE MR. G. RAMACHANDRAN :** സർ, എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്ക് ൨൧,൨൮,൩൩൮ രൂപ അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയെ ഞാൻ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

**MR. PRESIDENT :** ഡിമാൻറ് നമ്പർ ഒന്നിനെ സംബന്ധിച്ച് അനേകം കട്ട് മോഷൻസ് വന്നിട്ടുണ്ട്. അവ എല്ലാം ഇവിടെ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ബഹു. മെമ്പറന്മാർ

[Mr. President.]

ഏററവും പ്രധാനപ്പെട്ടവയെ മാത്രം അവതരിപ്പിക്കുകയാണെങ്കിൽ ബഹു. മെമ്പറന്മാരുടെ അഭിപ്രായങ്ങളും അതേപ്പററിയുള്ള ഗവണ്മെൻറിൻെറ നയവും ഇവിടെ പറയാൻ സൗകര്യമുണ്ടാകുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കുറെ നിയന്ത്രണം വരുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിനും പുറമേ ഓരോ പാർട്ടിയിൽനിന്നും ഒന്നോ രണ്ടോ മെമ്പറന്മാർ മാത്രം സംസാരിക്കുന്നതായാൽ വാദപ്രതിവാദം നമുക്ക് എളുപ്പം അവസാനിപ്പിക്കുവാൻ കഴിയുന്നതാണ്.

MR. P. GOPALAN (*Vaikom III—General*): സർ, എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടറന്മാരുടെ ശമ്പളത്തിനായി നീക്കിവച്ചിട്ടുള്ള ൫൯,൮൯൦ രൂപയിൽ നിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപംമൂലം ഞാൻ ഉദ്ദേശിക്കുന്നത് വടക്കൻ തിരുവിതാംകൂറിലെ എക്സൈസ് ചെക്കിംഗ് സ്റ്റേഷനുകൾമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകളെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തണമെന്നാണ്. വടക്കൻ തിരുവിതാംകൂറിൽ അതിർത്തിയോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ നിരവധി ചെക്കിംഗ് സ്റ്റേഷനുകൾ ഉണ്ട്. അവയുടെ പ്രധാന ജോലി കൊച്ചിയിൽനിന്നും വ്യാജമായി പുകയില ഇവിടെ കൊണ്ടുവന്നു വിൽക്കുന്നതിനെ തടയുകയായിരുന്നു. കുറെ കൊല്ലങ്ങളായി കൊച്ചിയിൽ പുകയിലയുടെ വില്പനവില വർദ്ധിപ്പിക്കുകയും അതിൻെറ ഫലമായി വ്യാജപ്പുകയില വ്യാപാരം നിശ്ശേഷം അവസാനിക്കുകയും ചെയ്തു. അതിനുശേഷം ഈ സ്റ്റേഷനുകളിൽ യാതൊരു ജോലിയുമില്ല. ഇങ്ങനെയുള്ള ചെക്കിംഗ് സ്റ്റേഷനുകളിൽ നിന്നും ജനങ്ങൾക്ക് അനവധി ദുരിതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, എന്നുള്ള കാര്യം കൂടി ഗവണ്മെൻറിനെ അറിയിക്കാൻ ഞാൻ ഈ ഉപക്ഷേപം മൂലം ആഗ്രഹിക്കുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ പൊതുവേയും ചെക്കിംഗ് സ്റ്റേഷനുകളിൽ പ്രത്യേകിച്ചും കൈക്കൂലി പാരമ്പര്യമായ ഒരു വാസനയെന്നവണ്ണം അടിയുറച്ചു ഒരവകാശമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനെ അറിയിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഈ ചെക്കിംഗ് സ്റ്റേഷനുകളിൽകൂടി കടന്നുപോകുന്ന എല്ലാ വള്ളക്കാരും വള്ളത്തിൻെറ വലിപ്പമനുസരിച്ചും അതിലുള്ള സാധനങ്ങളുടെ പെരുപ്പമനുസരിച്ചും ഒരു തുക ചെക്കിംഗ് സ്റ്റേഷനുകളിൽ കൈക്കൂലിയായി കൊടുക്കാതെ കടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ലെന്നുള്ള വസ്തുത

ബഹു. എക്സൈസ് മന്ത്രിതന്നെ രഹസ്യമായി ഒരു വള്ളത്തിലോ ബോട്ടിലോ കയറിച്ചെന്ന് പരിശോധിച്ചാൽ ബോദ്ധ്യമാകുന്നതാണ്. പണം കൊടുത്താലും വളരെ താമസത്തിനു കാരണമാകുന്നു. മൂവാററുപുഴ, തൊടുപുഴ, മീനച്ചിൽ മുതലായ സ്ഥലങ്ങളിലെ ചെക്കിംഗ് സ്റേറഷനുകളിൽ ചരക്കു കയററിയ വള്ളങ്ങൾക്കു രണ്ടു മൂന്നു ദിവസം കിടക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള ദുരിതങ്ങൾ അവിടത്തെ ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇതിന്മേൽ ഹർജികൾ മുഖേനയും നിയമസഭ മുഖേനയും പല നിവേദനങ്ങളും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടെങ്കിലും അതൊന്നും ശരിയായി പ്രയോജനപ്പെടാതെയാണിരുന്നിട്ടുള്ളതു. ഗവണ്മെൻറ് ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണമെന്നും അവിടത്തെ ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്നും ഗവണ്മെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു. അതിർത്തി സ്ഥലങ്ങളിലെ ചെക്കിംങ് സ്റ്റേഷനുകളിൽ ചില സാധനങ്ങൾക്ക് പെർമിററ് കൊടുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. ചില കൺട്രോൾ സാധനങ്ങൾക്കും ഡ്യൂട്ടി ചുമത്തിയിട്ടുള്ള ചില സാധനങ്ങൾക്കും ആണ് ഈ പെർമിററ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതു്. പെർമിററിനു രണ്ടുചക്രസ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ കൊടുക്കണമെന്നും ഏർപ്പാടുണ്ട്. ഇങ്ങനെ അപേക്ഷ കൊടുത്താലും കൈക്കൂലി കൊടുക്കാതെ പെർമിററ് കിട്ടുകയില്ല. ഇന്നാലെതന്നെ ഉദയംപേരൂർ, പുളിക്കോട്ട എന്നീ സ്ഥലങ്ങളിലെ ഒരു സംഘം ആളുകൾ ചേർന്ന് എനിക്കു അയച്ചുതന്നിരിക്കുന്ന ഒരു കത്തിൽ അവിടെ നടക്കുന്ന അഴിമതികളേയും കൈക്കൂലിയേയും പററി ഉടനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അപേക്ഷിച്ചിരിക്കുന്നു. അവിടത്തെ ഓരോ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കേണ്ട കൈക്കൂലിയുടെ ഒരു പട്ടിക അതിലുണ്ടു്. അതു് ഈ സമയിൽ വായിക്കുവാൻ യോഗ്യതയുള്ളതല്ല. ബഹു. എക്സൈസ് മന്ത്രിക്ക് താല്പര്യമുള്ളപക്ഷം ആ കത്തു് രഹസ്യമായി അദ്ദേഹത്തെ കാണിക്കാവുന്നതാണ്. ഈ മാതിരി സമ്പ്രദായങ്ങൾ തുടർന്നുകൊണ്ടു പോകുന്നതു വളരെ ആക്ഷേപകരമാണ്. ഇതു് ഉടൻതന്നെ നിറുത്തുന്നതിന് ഊർജിതമായ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

മറെറാരു സംഗതികൂടി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. രാമയ്യൻ ദളവായുടെ കാലത്തു കൊച്ചുക്കം

[Mr P. Gopalan.]

തിരുവിതാംകൂറിനും ഇടയ്ക്കു് ഒരു കിടങ്ങും, ഇല്ലിക്കോട്ട എന്നൊരു കോട്ടയും ഉണ്ടാക്കിയിട്ടുണ്ടു്. അന്നത്തെ അളവനുസരിച്ചു രാജ്യത്തിന്റെ വടക്കേ അതിർത്തിയിലാണു് ആ കോട്ട ഉണ്ടാക്കിയിരുന്നതു്. എന്നാൽ നമ്മുടെ ഗവണ്മെന്റും കൊച്ചി ഗവണ്മെന്റും തമ്മിൽ ഉണ്ടായ ഏതോ അവകാശത്തർക്കത്തിന്റെ ഫലമായി അവിടെനിന്നും രണ്ടായിരം ഏക്കറോളം സ്ഥലം തിരുവിതാംകൂറിനു ലഭിച്ചു. അങ്ങനെ ലഭിച്ചിട്ടു് ഒരു ൧൦ കൊല്ലത്തിൽ കൂടുതലായിട്ടില്ല. ആ സ്ഥലത്തു് ഉദ്ദേശം ൩൦൦-ൽ പരം വീട്ടുകാർ താമസിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തുതന്നെ ഇല്ലിക്കോട്ടയ്ക്കു വെളിയിൽ താമസിക്കുന്നവർക്കു് ഈ രാജ്യത്തുനിന്നു വല്ല സാധനവും കൊണ്ടുപോകണമെങ്കിൽ നികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവരുടെ നിത്യോപയോഗത്തിനു ഒരു നാഴികേരമോ ഒരു ഉഴക്കു എണ്ണയോ പോലും കൊണ്ടുപോകുന്നതിനു് അവർ ഡ്യൂട്ടി കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനു് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു. അതിനാൽ ആ അതിർത്തി മാററി കൂടുതൽ കിട്ടിയ രണ്ടായിരം ഏക്കറിനു് അപ്പുറം അതിർത്തി സ്ഥാപിക്കേണ്ടതാണു്. സ്രാംകുഴി, നീർപ്പാറ, ഈച്ചേരി എന്നിവിടങ്ങളിലെ ചെക്കിംഗ് സ്റേറഷനുകൾ ഇപ്പോൾ കിടക്കുന്ന സ്ഥലങ്ങളിൽനിന്നു മാററി ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടതാണു്. വടക്കൻ തിരുവിതാംകൂറിലുള്ള പ്രത്യേകിച്ചും കൊച്ചിയോടു തൊട്ടുകിടക്കുന്ന ചെക്കിംഗ് സ്റേറഷനുകൾ മൂലം ജനങ്ങൾക്കു വളരെ കഷ്ടപ്പാടുകൾ ഉണ്ടാകുന്നുണ്ടു്. മറെറാരു സംഗതികൂടി എനിക്കു് ഗവണ്മെന്റിനെ അറിയിക്കാനുണ്ടു്. വൈക്കം താലൂക്കിൽ നാല്പതിൽപരം ചെക്കിംഗ് സ്റ്റേഷനുകൾ ഉണ്ടു്. ഈ ചെക്കിംഗ് സ്റ്റേഷനുകളിൽ എല്ലാം തന്നെ സൂക്ഷ്മമായി അന്വേഷിക്കുകയാണെങ്കിൽ അഞ്ചാറു കൊല്ലമായി യാതൊരു ജോലിയുമില്ലാതെ കഴിയുകയാണെന്നു് അറിവാൻ കഴിയും. ഈ ഓരോ സ്റ്റേഷനിലും രണ്ടു ഗാഡുകളും ഒരു പ്രിവന്റീവ് ആഫീസറും അതിനു പുറമേ ഒരു ബോട്ടുമാനും ഒരു ബോട്ടും ഇപ്പോഴുണ്ടു്. ഗവണ്മെന്റു് രഹസ്യമായി ഇതിനെക്കുറിച്ചു അന്വേഷണം നടത്തുകയാണെങ്കിൽ ഈ ചെക്കിംഗ് സ്റ്റേഷനുകൾകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നും നേരെ മറിച്ചു് ജനങ്ങൾക്കു് ഉപദ്രവമാണു ഉണ്ടാകുന്നതെന്നും മനസ്സിലാക്കാൻ കഴിയും. എത്രയും വേഗത്തിൽ ഇതിനു ഒരു പരിഹാരമുണ്ടാക്കേണ്ടതാണു്. ഇത്രയും സംഗതികൾ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധയിൽ പതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. JOSEPH MALIECKAL : (*Thodupuzha I—General*) : ബഹു. മെമ്പർ മി. ഗോപാലൻെറ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി ഞാൻ അതേ സംഖ്യയിൽ ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

MR. PRESIDENT : ഒരു ഉപക്ഷേപം ഹാജരാക്കിയിരിക്കുന്ന സ്ഥിതിക്ക് അതേ കാര്യത്തിലേക്കു വേറൊരു ഉപക്ഷേപം ഹാജരാക്കേണ്ടആവശ്യമില്ല. എന്നാൽ അതിനെപ്പറ്റി ബഹു. മെമ്പർക്ക് സംസാരിക്കാവുന്നതാണ്. പക്ഷെ ൫ മിനിട്ടു സമയം ലഭിക്കുകയുള്ളു എന്നുള്ള കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

MR. JOSEPH MALIECKAL : എനിക്ക് ഇതിൽ ചേരാത്ത ഒരു സംഗതിയാണ് പറയാനുള്ളത്. അതു് അരൂക്കുറ്റി ചൗക്കയിലെ നടപടി സംബന്ധിച്ചാണ്. ഇവിടെനിന്നും കൊച്ചിയിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിന് കയററുമതി ചുങ്കം കൊടുക്കണം. കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും അപ്പോഴപ്പോഴുള്ള കമ്പോള നിരക്കറിഞ്ഞാണു അന്നത്തെ കച്ചവടം നടത്തുന്നതു്. കാലത്തും വൈകുന്നേരവും കച്ചവടനിലയിൽ വ്യത്യാസം വരുന്നുണ്ടു്. അങ്ങനെയുള്ള സമയത്തു് വള്ളങ്ങൾ രണ്ടു മൂന്നു ദിവസം അരൂക്കുറ്റിയിൽ കാത്തുകിടക്കാൻ നിർബന്ധിതമാകുന്നതു് പല കഷ്ടനഷ്ടങ്ങൾക്കും കാരണമാകുന്നതാണ്. ഏതെങ്കിലും ഒരു ദിവസം ബഹു. എക്സൈസ് മന്ത്രി രഹസ്യമായി അവിടെ ചെന്നു പരിശോധിക്കുകയാണെങ്കിൽ രണ്ടു മൂന്നു ദിവസങ്ങളായി കാത്തുകിടക്കുന്ന വള്ളങ്ങളെ കാണാൻ കഴിയും. ഇങ്ങനെയുള്ള അവസ്ഥ എത്രയും വേഗത്തിൽ പരിഹരിക്കേണ്ടതു് അത്യാവശ്യമാണ്. ഈ ഉദ്ദേശത്തിൽ ഒരു കട്ട്മോഷൻ ഞാൻ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് വേറൊരു ഗ്രൂപ്പിലാണ് ചേർത്തുകാണുന്നതു്. ആ ഗ്രൂപ്പിലുള്ള കട്ട്മോഷൻ ആദ്യമേ വാദപ്രതിവാദത്തിന് എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ഈ ഉപക്ഷേപം അവതരിപ്പിക്കേണ്ടആവശ്യം എനിക്കു നേരിടുകയില്ലായിരുന്നു.

MR. PRESIDENT : ലജിസ്ലേറ്റീവ് അസംബ്ളി റൂൾ ൪൩-ാം വകുപ്പിൽ ഇങ്ങനെയാണ് പറയുന്നതു്:

"When several cut-motions on total demand are given notice of by several members the first motion shall be moved and the other movers will be given an opportunity to speak on the subject."
അതനുസരിച്ചാണ് ഈ മോഷനുകൾ എല്ലാം ഗ്രൂപ്പ് ചെയ്തിരിക്കുന്നതു്.

MR. K. A. MUHAMMED (*Quilon IV—Muslim*) : ജനറൽ പോളിസിയെ കുറിച്ച് ഡിസ്കസ് ചെയ്യുന്നതിന് ടോട്ടലിൽ ഒരു തുക കുറയ്ക്കണമെന്ന ഒരു കട്ട്മോഷൻ ഉണ്ടായിരിക്കുകയും ഏതെങ്കിലും ഒരു വകുപ്പിനെപ്പററി മാത്രം മറെറാരു കട്ട്മോഷൻ ഉണ്ടായിരിക്കുകയും ചെയ്താൽ ഇതിൽ ഏതിനാണ് പ്രിഫറൻസ് കൊടുക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ടോട്ടലിനാണ് പ്രിഫറൻസ്. ടോട്ടലിനെ സംബന്ധിച്ച കട്ട്മോഷനെക്കുറിച്ച് വാദപ്രതിവാദം നടക്കുമ്പോൾ ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പററിയും പരാമർശിക്കാവുന്നതാണ്. അതുകൊണ്ട് അങ്ങനെയുള്ള കട്ട്മോഷൻ മാത്രം എടുത്താൽ മതിയെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

MR. K. A. MUHAMMED ; അങ്ങനെ എടുത്താൽ മതിയാകും.

MR. K. R. ELANKATH : ഞാൻ ആ അഭിപ്രായത്തെ പിൻതാങ്ങുന്നു.

MR. PRESIDENT : ടോട്ടലിനെ സംബന്ധിച്ച ആദ്യത്തെ കട്ട്മോഷൻ നമ്പർ ൯ ആണ്. അതു മൂവ് ചെയ്യുന്നതിനു സഭ അനുവദിക്കുന്നു എന്ന് ഞാൻ വിചാരിക്കുകയും അതിലേക്കു മി. നേശമണിയെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

MR. A. NESAMONY : The allotment may be reduced by Re. 1. The cut motion is intented to reduce the allotmont and to bring to the knowledge of the Minister concerned, the difficulties experienced by passengers and tradesmen at the Aramboli Frontier Gate. The first thing is that the Customs Inspector does not know the boundary of our State. The boundaries of our State do not terminate at the Customs Gate. Beyond the Aramboli Gates, there is yet 3 miles of territory which belongs to Travancore. The Customs House Officer thinks that Travancore boundary terminates with the Aramboly Gate. The Customs Officer stops all vehicles for checking at these Gates. He has not yet learned the fact. There are vast areas of arable land which is under cultivation for various crops. At this time of world shortage of food, the poor agriculturist find it impossible to pass through these gates with the seed paddy etc. He has to carry the seeds for cultivation outside our State. People living in the suburbs of Aramboli find it impossible to carry on cultivation on account of the difficulties which are put on the way. Beyond Aramboly there are three other villages such as Kumarapuram. All the villagers here are put to severe handicaps. Last time, three or four months ago, the cattle had not fodder because, these Customs Officers did not allow people to bring it through this

Aramboli gate. The poor villagers are not allowed to take their ration which they have to bring from outside the Customs Office gate. They have to purchase it from outside this gate. As these articles of food are not allowed to be taken into the State, the poor people are put to innumerable hardships. They complained to the Tahsildar and he afterwards sanctioned to run a ration shop in the village.

Another difficulty is in the case of passengers. The Customs Officers never think that the passengers are also human beings. People come long distances travelling through these gates. If I happen to come in a car the guard comes out with a declaration form and gets declaration and goes back with a salute. Suppose I come in a passenger bus, they pull down all the luggage, dirrty cloth, etc., and take them up one by one. If the conductor is taken into our confidence, and be allowed to negotiate, things are so easy in those Customs Offices. There are people who do not understand the ways of people among them. For example, bananas that are imported into Travancore through these customs are put to such restrictions that sometimes we find the Vadassery market deserted of all these fruits. They ask them to wait and take their own time to let them into Travancore. Tons of articles of food have to wait at these customs. Sometimes, the market is scheduled to meet on Thursday. But these things never reach the market in time. Sometimes, it will reach on Wednesday evening. From that day the trade goes on and by the next evening these plantains are carried straight to Alleppey and other places. If such restrictions are put in bringing things into the State, it will be causing a lot of hardship to the people. When the market in Tinnevelly is so fluctuating, these restrictions cause serious hits to the trade. Vehicles are not allowed to pass into or out of the State. It is so serious a matter that many a merchant now complains that it is not worthwhile to carry on the trade from the Aramboli Gate. I bring these matters to the attention of the honourable Minister concerned so that he may rectify these defects as early as possible.

MR. P. S. MUHAMMED : സർ, ബഹുമാനപ്പെട്ട മെംബർ മി. നേശമണിയുടെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി എനിക്കു പറയുവാനുള്ളതു് "ഇന്റർ പോർട്ടൽ കൺവെൻഷനെ"പ്പററിയാണു്. ഈ സ്റ്റേററിന്റെ നിലനോക്കിയാൽ ഏററവും പ്രധാനമായ വരവു് സ്ഥിതിചെയ്യുന്നതു് കസ്റ്റംസിൽ നിന്നാണെന്നു കാണാൻ കഴിയും. എന്നാൽ നിലവിലിരിക്കുന്ന ചില വ്യവസ്ഥകൾ ആ സംഖ്യ വേണ്ടവിധത്തിൽ വർദ്ധിപ്പിക്കുന്നതിനു ചില പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ൧൦൪൦-ാമാണ്ടു് ബ്രിട്ടീഷുഗവണ്മെന്റും, കൊച്ചിഗവണ്മെന്റും, നമ്മുടെ

[Mr P. S. Muhammed.]

ഗവണ്മെൻറും തമ്മിൽ ഇവിടുത്തെ കസ്റ്റംസിനെ സംബന്ധിച്ച് ഒരു ഉടമ്പടിയുണ്ടാക്കി. ആ ഉടമ്പടിയിലെ വ്യവസ്ഥയനുസരിച്ചു വെളിയിൽ നിന്നും ഈ രാജ്യത്തേക്കു വരുത്തുന്ന ഇറക്കുമതി സാധനങ്ങളുടെ ഡ്യൂട്ടി വകയായി ൯൩,൦൦൦ രൂപാ കണക്കാക്കപ്പെട്ടിരുന്നു. അതിൽ ൧൩,൦൦൦ രൂപാ നീക്കി ൮൦,൦൦൦ രൂപായാണ് ബ്രിട്ടീഷ് ഗവണ്മെൻറു നമ്മുടെ ഗവണ്മെൻറിനു കൊടുക്കുന്നതു്. എന്നുമാത്രമല്ല ഇംപോർട്ടു ഡ്യൂട്ടിയായ ൯൩,൦൦൦ രൂപയിൽനിന്ന് ൧൩,൦൦൦ രൂപായോ, അഥവാ ആ തുക കൂടുതലുണ്ടെങ്കിൽ അതോ, നീക്കിവരുന്ന തുക മാത്രമെ നമുക്കു കിട്ടുന്നുള്ളൂ. ഇതു് ൧൦൮൦-ാമാണ്ടു നടന്ന ഉടമ്പടിയിലെ വ്യവസ്ഥയാണു. ൧൦൮൦-നു ശേഷം കച്ചവടം എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നും, ആ നിലയ്ക്കു നമുക്കു കിട്ടേണ്ടതായ ഇംപോർട്ടു ഡ്യൂട്ടി ഈ ൯൩,൦൦൦-ൽ നിന്നും ഇപ്പോൾ എത്രമടങ്ങു കൂടുതലായിരിക്കണമെന്നും ഞാൻ പറയാതെ തന്നെ മനസ്സിലാക്കാൻ കഴിയും. എന്നാൽ ഇന്നാകട്ടെ നാം ഈ ൮൦,൦൦൦ രൂപായോ അതിൽ കുറഞ്ഞതോ ആയ സംഖ്യകൊണ്ടു തൃപ്തിപ്പെടണമെന്നാണു വന്നിരിക്കുന്നതു്. ഇതുവരെ ഒരു വിദേശഗവണ്മെൻറിൻെറ നുകത്തിൻകീഴിൽ കഴിഞ്ഞുകൂടിയിരുന്ന നാം നമുക്കു മനസ്സുണ്ടായാലും ഇല്ലെങ്കിലും ഈ വ്യവസ്ഥകളംഗീകരിക്കുവാൻ നിർബ്ബന്ധിതരായിരുന്നു. ഇപ്പോൾ നമ്മൾ സ്വതന്ത്രരായി എങ്കിലും സ്റ്റാൻറ്സ്റ്റിൽ എഗ്രിമെൻറിലെ വ്യവസ്ഥപ്രകാരം പഴയ ഇൻറർപോർട്ടൽ കൺവൻഷനിലെ വ്യവസ്ഥകൾതന്നെ അംഗീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു. നമുക്കിതു് വളരെ നഷ്ടമുണ്ടാക്കുന്നതാണെന്നുള്ള കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. അതുകൊണ്ടു ഈ സ്റ്റാൻറ്സ്റ്റിൽ എഗ്രിമെൻറു വളരെക്കാലം നീട്ടിക്കൊണ്ടുപോകരുതെന്നും എത്രയും വേഗത്തിൽ വിദേശികൾ നമ്മെ അടിച്ചേൽപ്പിച്ച ഈ ഉടമ്പടി വ്യവസ്ഥകൾ മാറേറണ്ടതാണെന്നും ഞാൻ ഗവണ്മെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യാഗവണ്മെൻറിനെ സമീപിച്ച് ഇതു സംബന്ധിച്ച് ഏററവും നീതിപൂർവ്വകമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു. മററു കാര്യങ്ങളിൽ ഇൻഡ്യാഗവണ്മെൻറുമായി ഇടപെടുന്ന കാര്യം സ്വല്പം നീട്ടിവച്ചാലും തരക്കേടില്ല. ഈ വിഷയത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാകുന്നു.

മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഉദ്യോഗവിതരണത്തെപ്പററിയാണ്. കസ്റ്റംസ് ഡിപ്പാർട്ടുമെൻറിൽ പത്തുനൂറു് ഉദ്യോ

ഗങ്ങളുടെ ഒഴിവുകൾ ഉണ്ടാകും. അവിടെ സമുദായപ്രാതിനിധ്യതത്വം അനുസരിച്ചു നിയമിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഗവൺമെന്റിന്റെ ഇന്നത്തെ തീർച്ച അനുസരിച്ചു ഡിപ്പാർട്ടുമെന്റുകളിൽ എല്ലാം കുറെക്കൂടി യുവത്വം ഉണ്ടാകണമെന്നു ഗവൺമെന്റു് ആഗ്രഹിക്കുന്നതായി കാണുന്നു. അതിനുവേണ്ടിയാണല്ലോ ൫൫ വയസ്സു തികഞ്ഞവർ പെൻഷൻ പററിക്കൊള്ളണമെന്നു ഗവൺമെന്റു് ഇപ്പോൾ ആജ്ഞാപിച്ചിട്ടുള്ളതു്. അങ്ങനെ ഈ ഡിപ്പാർട്ടുമെന്റിൽ എത്രത്തോളം യുവത്വം ഉണ്ടാകുമെന്നറിയുന്നതിനുവേണ്ടി ഈയാണ്ടിൽ ഈ ഡിപ്പാർട്ടുമെന്റിൽനിന്നും എത്ര ആളുകൾ പിരിഞ്ഞുപോകുമെന്നറിഞ്ഞാൽ കൊള്ളാം. അങ്ങനെ പോകുന്നവരുടെ സംഖ്യ എത്രയാണെന്നു പറയുവാൻ ഗവൺമെന്റിനു സന്മനസ്സുണ്ടായി കാണാൻ ആഗ്രഹിക്കുന്നു.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് ഞാൻ പറയാനുദ്ദേശിക്കുന്നതു് ഇന്നു കസ്റ്റംസ ഹൗസുകളിൽ സാധുജനങ്ങൾക്കു നേരിടുന്ന വിഷമതകളെ ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണു്. ഇപ്പോൾ സാധുജനങ്ങൾ ഈ കസ്റ്റംസ്ഹൗസിൽ വളരെ വിഷമതകൾ അനുഭവിക്കുന്നുണ്ടു്. ഉദാഹരണമായി കൊല്ലത്തു്, ഒരു കസ്റ്റംസ്ഹൗസുണ്ടു്. വെളിച്ചെണ്ണ മുതലായ പ്രധാന സാധനങ്ങൾ മാക്കററിലെ അപ്പപ്പോഴുള്ള റേറനുസരിച്ചു് കച്ചവടം നടത്തുന്നതു് ഈ കസ്റ്റംസ് ഹൗസിൽകൂടിയാണു്. വെളിച്ചെണ്ണ കയറ്റി അയയ്ക്കുന്നതിനു് കസ്റ്റംസ്ഹൗസിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റംമൂലം ഇപ്പോൾ വളരെ പ്രയാസം നേരിട്ടുകൊണ്ടിരിക്കുന്നു. കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ വളരെ നിസ്സാരങ്ങളായ നിർദ്ദേശങ്ങൾപോലും അക്ഷരംപ്രതി അനുസരിച്ചിരുന്നാൽ തന്നെയും കൈക്കൂലി കൊടുത്തല്ലാതെ കാര്യം നടപ്പാകയില്ല എന്നുള്ള നില വന്നിരിക്കുന്നു. വെളിച്ചെണ്ണ സാധാരണ കയറ്റി അയയ്ക്കുന്ന മാതിരി പെട്ടികളിലും വീപ്പകളിലും മററുമായി അവിടെ കൊണ്ടുവരപ്പെടുന്ന ചരക്കുകൾ യഥാസമയം കയററി അയയ്ക്കണമെന്നുണ്ടെങ്കിൽ കൈക്കൂലി കൊടുത്തേ സാധിക്കൂ. അതിനുപുറമെ മാനിഫെസ്റ്റോ എഴുതി വയ്ക്കുക എന്ന ഒരു സമ്പ്രദായമുണ്ടു്. അതിനു് എല്ലാ കസ്റ്റംസിലും ഒരു ക്ലിപ്തറേററു വച്ചിരിക്കുകയാണു്. വ്യാപാരികളുടെ പക്കൽ നിന്നും ഈ കസ്റ്റംസ് ഉദ്യോഗസ്ഥന്മാർക്കു മാസം അലവൻസ്, ദിവസം

[Mr. Mohammed Mustafa.]

അലവൻസ് ഇങ്ങനെ ചില ക്ലിപ്തമായ വരുമാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. ഇപ്പോഴത്തെ ഗവൺമെൻറിൻെറ നയമനുസരിച്ച് ഈ ഏർപ്പാട് ഉടനടി നിറുത്തൽ ചെയ്യേണ്ടതു് അത്യാവശ്യമാണ്.

അതുപോലെതന്നെ, പാക്കിനു് ഡ്യൂട്ടി വച്ചിരിക്കുന്നതുകൊണ്ടു സാധുജനങ്ങൾക്കു പല വൈഷമ്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള നിസ്സാരസാധനങ്ങളിന്മേൽ ചുമത്തുന്ന ഡ്യൂട്ടികളെല്ലാം തന്നെ നിറുത്തൽ ചെയ്യേണ്ടതാണെന്നാണ് എൻെറ അഭിപ്രായം.

മറെറാരു കാര്യം, നിലവിലുള്ള വ്യവസ്ഥകൾ ഒരു സാധനത്തിനു തന്നെ പലവിധത്തിലുള്ള ചുങ്കങ്ങളും ഡ്യൂട്ടികളും ഈടാക്കിവരുന്നു എന്നുള്ളതാണ്. ഇതു എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ സത്വരമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരടിയന്തിരകാര്യമാകുന്നു. വെളിച്ചെണ്ണയ്ക്കു തന്നെ ഒരു സെസ്സ് മില്ലുകാർ കൊടുക്കുന്നുണ്ട്. അതു വിപണിയിലേക്കു കടത്തുമ്പോൾ മറെറാരു ചുങ്കം ഈടാക്കി വരുന്നു. ഇങ്ങനെ ഒന്നിലധികം തവണ ചുങ്കങ്ങൾ പിരിക്കുന്ന പല സാധനങ്ങളും ഉണ്ട്. ആ പതിവും മറേറതാണ്ടതാണെന്നും കസ്റ്റംസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന അഴിമതികൾക്ക് എത്രയുംവേഗം പരിഹാരമുണ്ടാക്കേണ്ടതാണെന്നും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. PRESIDENT : മി. പി. ഗോപാലൻെറ ഉപക്ഷേപമാണ് അടുത്തതു്. മുൻപ് മി. ഗോപാലൻ മറെറാരു ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചതിനാൽ ഇപ്പോൾ അദ്ദേഹത്തിന് പ്രസംഗിക്കുവാൻ ഉണ്ടാകുമെന്നു തോന്നുന്നില്ല.

MR. P. GOPALAN : സർ, മറെറാരു കാര്യത്തെപ്പററി സംസാരിക്കുവാൻ എനിക്കു രണ്ടു മിനിട്ട് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, ഇൻറർപോർട്ടൽ കൺവൻഷനെപ്പററിയും നിശ്ചലകരാറിനെപ്പററിയും മി. പി. എസ്. മുഹമ്മദ് ഇവിടെ പറയുകയുണ്ടായി. ഈ സ്റേററിൻെറ മുതലെടുപ്പിനെയും ഭാവിയെയും സാരമായി സ്പർശിക്കുന്ന ഒരു പ്രധാന കാര്യമാണതു്. അതുണ്ടിനാൽ ൻ കോടിരൂപയോളം നമ്മുടെ രാജ്യത്തേക്കു കിട്ടേണ്ട ഡ്യൂട്ടിയബിൾ ആർട്ടിക്കിൾസിൽ നിന്നും ഇൻഡ്യാഗവൺമെൻറു തരേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ നിശ്ചലകരാറിലെ വ്യവസ്ഥകളും ഇംപോർട്ടുഡ്യൂട്ടി സംബന്ധിച്ചുള്ള വ്യവസ്ഥകളും ഭേദപ്പെടുത്തിയല്ലാതെ നമുക്കിപ്പോൾ നഷ്ടപ്പെട്ടുകൊണ്ടി

ിക്കുന്ന ആ തുകയ്ക്കു പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരു പക്ഷെ ഇൻഡ്യാ ഗവണ്മെൻറിന് ഇതിനെതിരായി ചില വാദങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. ഡിഫൻസ്, കമ്മ്യൂണിക്കേഷൻസ് മുതലായ ഇനങ്ങളിൽകൂടി ഒരു സംഖ്യ ന്യായമായി കിട്ടാൻ അവർക്കും അവകാശപ്പെടാം. മററു ബ്രിട്ടീഷിൻഡ്യൻ പ്രാവിൻസിൽനിന്നും നാട്ടുരാജ്യങ്ങളിൽനിന്നും ജനസംഖ്യാനുപാതികമായോ, വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയോ ന്യായമായി കൊടുത്തുവരുന്ന തുക, നമ്മുടെ ഇംപോർട്ടുഡ്യൂട്ടി ഇനത്തിൽ ഇൻഡ്യാഗവണ്മെൻറ് ഇപ്പോൾ വാങ്ങിച്ചുകൊണ്ടിരിക്കുന്ന തുകയിൽനിന്ന് എടുത്തുകൊണ്ടു ബാക്കിത്തുക നമുക്കു തരുവാൻ ഇൻഡ്യാഗവണ്മെൻറിനോടു ശക്തിയായി അവകാശപ്പെടണമെന്നു ഞാൻ ഗവണ്മെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI, *(Chirayinkil I—General)* : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു മരച്ചീനിമാവ് വെളിയിലേക്കു കടത്തിക്കൊണ്ടു പോകുന്നതിന് ലൈസൻസുകൊടുക്കുന്ന സിസ്റ്റത്തെപ്പററി രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

ഇവിടെ ആഹാരസാധനങ്ങളുടെ ദൗർല്ലഭ്യം കൂടിക്കൊണ്ടിരിക്കുന്ന അവസരത്തിലും സാധുജനങ്ങൾക്കു വളരെ പ്രാധാന്യമേറിയ ഒരാഹാരസാധനമാണു മരച്ചീനിയെന്നു മനസ്സിലാക്കിയിട്ടും ഈ നാട്ടിൽനിന്ന് മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുവാൻ ലൈസൻസുകൊടുക്കുന്നതു വെന്നുള്ളതു വളരെ ആക്ഷേപാർഹമായ ഒരു നടപടിയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സർ, ഈ മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുന്നതിനുള്ള ലൈസൻസുകൊടുക്കുന്നതിനെപ്പററി ക്ലിപ്തമായ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. ഗവണ്മെൻറുതന്നെ ഒരു കാര്യത്തെപ്പററി എന്തെങ്കിലും ഒരു തീർച്ച ചെയ്യുമ്പോൾ അതിനു ഒരു അവസാനരൂപം—ഫൈനാലിററി—ഉണ്ടാക്കണം. മരച്ചീനിമാവു കടത്തിക്കൊണ്ടുപോകുന്നതിന് ലൈസൻസുകൊടുക്കുകയില്ല എന്നു പറഞ്ഞാൽ പിന്നെ കൊടുക്കരുത്. അങ്ങനെ ഒരു നയം പ്രഖ്യാപനം ചെയ്തതിൻെറശേഷവും ഈ രാജ്യത്തുള്ള ചില ആളുകൾ എങ്ങനെയെങ്കിലും കുറെ മരച്ചീനിമാവു ശേഖരിച്ചു സൂക്ഷിച്ച് അവസരം നോക്കിനിന്ന്, ചില ആളുകളുടെ കൂടെ പററികൂടി എങ്ങനെയെങ്കിലും പററിച്ച് ആ മാവു കടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു ലൈസൻസു സമ്പാദിക്കുന്നു. ഒരു നയം ഗവണ്മെൻറു പ്രഖ്യാപിച്ചാൽ അതു നടത്തിക്കൊണ്ടുപോകുന്നതിനുള്ള ത്രാണികൂടി ഗവണ്മെൻറിനുണ്ടായിരിക്കണം.

[Mr. K. P. Nilakanta Pillai.]

അതിനുള്ള ത്രാണി ഇല്ലാതെ വന്നതുകൊണ്ടാണ് കൈക്കൂലി, കറപ്ഷൻ, എന്നും മററും പറയേണ്ടി വരുന്നതു്. ചില ആളുകൾക്ക് ഇതു സങ്കടകരമാണെന്നുള്ളതു തീർച്ചയാണ്. പത്തിരുപതിനായിരം ടൺ മരച്ചീനിമാവു ശേഖരിച്ചുവച്ചിരിക്കുന്ന ഒരാളിന് അതു കയററി അയയ്ക്കുവാൻ സാധിക്കാതെവന്നാൽ അയാളുടെ നശിക്കും, അയാളുടെ കുടുംബവും നശിക്കും. ഈ വിചാരത്താൽ അയാൾക്കു ലൈസൻസുകൊടുക്കുവാൻ ഗവണ്മെൻറു വഴിപ്പെട്ടുപോകുന്നു. അതു പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇങ്ങനെ ഒരു നയം പ്രഖ്യാപിച്ചശേഷം പലപ്പോഴും ഗവണ്മെൻറുതന്നെ അതിനെതിരായി പ്രവർത്തിച്ചു വരുന്നുണ്ടു്. ഇവിടെ ഒരു പുതുവൽചട്ടമുണ്ടു. പുതുവൽ സ്ഥലങ്ങളിൽ ആരും പ്രവേശിക്കരുതു് എന്നാണു ചട്ടം. എന്നാൽ പത്തുപേർ അതിൽ പ്രവേശിച്ചു് കൃഷിചെയ്തു തുടങ്ങുന്നതായി കാണുമ്പോൾ അതു് അവർക്കു പതിച്ചുകൊടുക്കും. ഇങ്ങനെ ഗവണ്മെൻറു ഒരു ഉറച്ച നയം കൈക്കൊള്ളാതിരിക്കുന്നതാണ് ഇവിടത്തെ കുഴപ്പം. ആ നയം മാററണമെന്നും, ഏതെങ്കിലും ഒരു നയം ഗവണ്മെൻറു പ്രഖ്യാപിച്ചാൽ, അതു നടപ്പിൽ വരുത്തുകതന്നെ വേണമെന്നുമാണ് എനിക്കു പറയുവാനുള്ളതു്.

ഒരു കാര്യംകൂടി എനിക്ക് ഈയവസരത്തിൽ പറയുവാനുണ്ടു്. ആഹാരസാധനങ്ങളുടെ വില കൂട്ടിയപ്പോൾ മരച്ചീനി ഒരു പൌണ്ടിന് ഒരു ചക്രം വിലവച്ചു വിൽക്കണമെന്നു ഗവണ്മെൻറു പരസ്യം ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ ഒരിടത്തും വിൽക്കുന്നില്ല. പാളയം ചന്തയിൽ പണത്തിനു ഒന്നരപൌണ്ടു് മരച്ചീനിയാണു കിട്ടുന്നതു്. ഇവിടെ പോലീസുകാരുടെ ഒരു കേന്ദ്രസ്ഥാനമാണ്. അങ്ങനെ പോലീസിൻെറയും പട്ടാളത്തിൻെറയും നടുവിൽ, ഗവണ്മെൻറിൻെറ തലസ്ഥാനനഗരിയിൽ തന്നെ ഇരിക്കുന്ന ഒരു ചന്തയിൽ, ഈ വിലയ്ക്കാണു കപ്പ വിൽക്കുന്നതെന്നു പറയുമ്പോൾ ഗവണ്മെൻറിൻെറ ഉത്തരവും, അതു നടപ്പിൽ വരുത്തുന്നതിൻെറ ഊർജ്ജിതവും തമ്മിൽ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നു് പറയാതെതന്നെ മനസ്സിലാക്കാവുന്നതാണ്. 'ഏട്ടിൽ അപ്പടി പയററിൽ ഇപ്പടി' എന്ന നിലയിൽ ആയിത്തീരാതെ ഗവണ്മെൻറ് എന്തെങ്കിലും ഒരു ആർഡർ പുറപ്പെടുവിച്ചാൽ, അതു പാലിക്കുകതന്നെ വേണം. എങ്കിൽ മാത്രമെ സാധുജനങ്ങൾക്കു രക്ഷയുണ്ടാകയുള്ളു. മുൻപിലത്തെ ഉത്തരവനുസരിച്ചു് ഒരു പൌണ്ടിന് ഒരു ചക്രം എന്ന വിലയ്ക്കു മരച്ചീനി വില്പിക്കുവാൻകൂടി ഗവണ്മെൻറു ശ്രമിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. P. K. RAMAN (*Shertala II—General*) : സർ, നമ്മുടെ നിത്യോപയോഗസാധനങ്ങളിൽ പലതിനും ഗവണ്മെൻറു കൺട്രോൾ ഏർപ്പെടുത്തി. എന്നാൽ ഈ സാധനങ്ങളിൽ പലതും ഗവണ്മെൻറ് അറിയാതെതന്നെ ചില ചൗക്കസ്ഥലങ്ങളിൽക്കൂടി കൊച്ചീരാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള വിചാരത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

ചേർത്തല താലൂക്കിൻെറ വടക്കേപടിഞ്ഞാറെ അറ്റത്തു് ചെല്ലാനം എന്നൊരു സ്ഥലമുണ്ടു്. അവിടെ ഗതാഗതസൗകര്യങ്ങൾ വളരെ കുറവാണ്. കൊച്ചിയിലേക്ക് ജലമാർഗ്ഗം പോകാൻ ഒരു ഊടുവഴി മാത്രമേ അവിടെയുള്ളു. ആ മാർഗ്ഗത്തിൽ കൂടി കപ്പ, ചക്കര, ശർക്കര, മധുരവള്ളിക്കിഴങ്ങു മുതലായ സാമാനങ്ങൾ വ്യാജമായി കടത്തിക്കൊണ്ടുപോകുന്നുണ്ടു്. ഇതു് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടുമാത്രമാണ് സംഭവിക്കുന്നതെന്ന് പറയുവാൻ നിവൃത്തിയില്ല. വേണ്ടിടത്തോളം ആളുകളെ അവിടെ നിയോഗിച്ചിട്ടില്ല എന്നുള്ളതും ഒരു കാരണമാകുന്നതാണ്. അവിടെ ഗതാഗതസൗകര്യങ്ങൾ വളരെ കുറവാണെന്നു ഞാൻ പറഞ്ഞല്ലോ. ഈ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ അവരിൽനിന്നും പണം തട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചിലർ അവിടെ എപ്പോഴും ചുററിനടന്നു് ആളുകൾക്ക് അമ്പരപ്പും വിഷമങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായി അറിയുന്നുണ്ടു്. ഈ സംഗതിയിൽ ബഹുമാനപ്പെട്ട ഗവണ്മെൻറു ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

HON'BLE MR. G. RAMACHANDRAN : ആ സ്ഥലത്തിൻെറ പേർ എന്താണെന്നു ഒന്നുകൂടി പറഞ്ഞാൽ കൊള്ളാം.

MR. P. K. RAMAN : ചെല്ലാനം.

MR. PONNARA G. SREEDHAR (*Nedumangad II—General*) : നിരോധിക്കപ്പെട്ട പുസ്തകങ്ങളും ലഘുലേഖകളും മററും അങ്ങനെയല്ലേ കടത്തിവിടുന്നതു്?

MR. P. K. RAMAN : അതെ.

MR. E. K. MADHAVAN (*Parur I—General*) : സർ, എക്സൈസ ഡിപ്പാർട്ടുമെൻറിൻെറ ശല്യം വളരെയുള്ള ഒരു സ്ഥലത്തുനിന്നാണ് ഞാൻ വരുന്നതു്. പറവൂർ തിരുവിതാംകൂറിൻെറ അതിർത്തിയിൽ കിടക്കുന്നൊന്നാണ്. തിരുവിതാംകൂറിൽനിന്നും കൊച്ചിയിലേക്കും കൊച്ചിയിൽ

[Mr. E. K. Madhavan.]

നിന്നും തിരുവിതാംകൂറിലേക്കും കയററി അയയ്ക്കുന്നതിനും, വരുത്തുന്നതിനുമായി എക്സൈസുകാരുടെ പക്കൽനിന്നും പലവിധമായ പെർമിററുകൾ വാങ്ങേണ്ടയാവശ്യം ആ താലൂക്കിലുള്ളവക്ക് ഉണ്ട്. എൻെറ ബഹുമാന്യ സ്നേഹിതൻ മിസ്റ്റർ ഗോപാലൻ പറഞ്ഞതുപോലെ ഈ പെർമിററുകൾ വാങ്ങിക്കുവാൻ പല ഉദ്യോഗസ്ഥന്മാക്കും കൈക്കൂലി കൊടുക്കണം. കൈക്കൂലി കൊടുത്താൽമാത്രം പോരാ, അവരെ എല്ലാതെല്ലാം തരത്തിൽ തൃപ്തിപ്പെടുത്താൻ കഴിയുമോ, അതെല്ലാം ചെയ്യുകയും വേണം. കൈക്കൂലികൊടുക്കാതെ, ഒരു കാര്യവും അവിടെ നടക്കുകയില്ലെന്നുള്ളതു തീർച്ചയാണ്. ഇതുസംബന്ധിച്ച് അനവധിപരാതികൾ ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ ആരെക്കുറിച്ചാണോ പരാതിപ്പെടുന്നത്, ആ ഉദ്യോഗസ്ഥനെതന്നെയാണ് അതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ ഗവണ്മെൻറു നിയോഗിക്കുന്നത്. ഈ നടപടി വളരെ വിചിത്രമായിരിക്കുന്നു എന്നു പറയാതെ തരമില്ല. അങ്ങനെ പരാതിപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയാൽ തെളിവില്ലാതെ ആ പരാതി ചവററുകുട്ടയിൽ പോകുകയേ ഉള്ളു എന്നുള്ളതു നിശ്ചയമാണ്.

കപ്പ ഇവിടെനിന്നും കൊച്ചിയിലേക്ക് അയയ്ക്കരുതെന്നും അഥവാ, അയയ്ക്കുന്നെങ്കിൽതന്നെ കമ്മീഷണരുടെ പ്രത്യേക പെർമിറ്റോടുകൂടിമാത്രമെ അയയ്ക്കാവൂ എന്നും നിയമമുണ്ട്. ഇവിടെനിന്നും കൊച്ചിയിലേക്കു കപ്പ അയയ്ക്കുന്നതിന് പെർമിററുകൊടുക്കാറില്ല. എന്നാൽ ചങ്ങനാശ്ശേരിയിൽനിന്നും പറവൂർ താലൂക്കിലേക്കു കരവഴിയായി കപ്പ അയയ്ക്കുന്നതിന് പെർമിററുകൊടുക്കുന്നുണ്ട്. ചിലപ്പോൾ ജലമാർഗ്ഗമായും അയയ്ക്കുന്നതിനു പെർമിററുകൾ കൊടുത്തേക്കും. ചെലവു കുറഞ്ഞും കൂടുതൽ സൗകര്യമായും കപ്പ ജലമാർഗ്ഗേണ കൊണ്ടുപോകുവാൻ സാധിക്കും. എന്നാൽ അങ്ങനെ കൊണ്ടുപോകുന്ന കപ്പ, അതുക്കുറ്റിവരെ മാത്രമേ എത്തുകയുള്ളു. പിന്നെ പെട്ടെന്ന് അന്തർദ്ധാനം ചെയ്യുകയാണു പതിവ്. കപ്പ കൊണ്ടുപോകുന്നതു നേരെ കൊച്ചിക്കാണ്. അതിനെല്ലാം എസ്കോർട്ടുകാരെ വച്ചിട്ടുണ്ട്. അവക്ക് ആവശ്യമുള്ള പണം ചങ്ങനാശ്ശേരിയിൽവച്ചുതന്നെ കൊടുത്ത് തൃപ്തിപ്പെടുത്തുന്നതിൻെറ ഫലമായി അവർ എവിടെയോ പോയി ഒളിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ കപ്പ മുഴുവൻ കൊച്ചിരാജ്യത്തേക്കുപോകുന്നു. കപ്പ വളരെ കുറച്ച് ആവശ്യമുള്ളതും, ഒരുപക്ഷെ ഒട്ടുംതന്നെ ആവശ്യമില്ലാത്തതുമായ മുനമ്പം, പുത്തൻചിറ മുതലായ സ്ഥലങ്ങളിലേക്ക് ലൈസൻസ

കൊടുത്തുവരുന്നു. ഇതു് ആ സ്ഥലത്തേക്ക കൊണ്ടുപോകാൻ വേണ്ടിയല്ലെന്നും, കൊച്ചിരാജ്യത്തേക്ക കടത്തുവാനുള്ള ഒരു വിദ്യയാണെന്നുമുള്ളതു സ്പഷ്ടമാണ്. കഴിഞ്ഞകൊല്ലം ഇതിനെപ്പററി പരാതി പറഞ്ഞപ്പോഠം, അന്വേഷണംനടത്താൻ കമ്മീഷണർ അവർകഠതന്നെ അവിടെ വരികയുണ്ടായി. പിന്നീട് എന്തു നടന്നുവെന്നു നിശ്ചയമില്ല. ഈയിടെ പറവൂർ താലൂക്ക് സ്റ്റേററകാൺഗ്രസ്സ് കമ്മിററിയിൽനിന്നും ഇതിനെപ്പററി ഒരു പരാതി അയയ്ക്കുകയും പരാതിപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥനെതന്നെ അന്വേഷണം നടത്തുവാൻ തിരിയെ അയയ്ക്കുകയും ചെയ്തു. ഇതിൽനിന്ന് എങ്ങനെ നീതി ലഭിക്കാൻ കഴിയുമെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. പരാതിപ്പെടുന്ന ഉദ്യോഗസ്ഥനെതന്നെ ആ പരാതിയെപ്പററി അന്വേഷിക്കാൻ ചുമതലപ്പെടുത്തുന്ന പതിവു് ഉടനടി നിറുത്തേണ്ടതാണ്. അതിനുവേണ്ടി പ്രച്ഛന്നവേഷത്തിൽ മന്ത്രി അവർകഠതന്നെ ചുററിസഞ്ചരിച്ച് അന്വേഷണംനടത്തിയാൽ കൊള്ളാമെന്ന് എനിക്കപേക്ഷയുണ്ട്. ഡിപ്പാർട്ടുമെൻറിൽനിന്നും പെർമിററുകൊടുക്കുന്നതിന് തടസ്സമായി ഏതെങ്കിലും പൊതുക്കാര്യപ്രസക്തന്മാർ പ്രവർത്തിച്ചാൽ അവരെപ്പററി ചില പരാതികഠ അയയ്ക്കുന്ന പതിവുണ്ട്. ആ പരാതി വഴിക്കുവഴി ആ സ്ഥലത്തുള്ള പാർട്ടികാരുടെ കൈയിലാണു കിട്ടുന്നതു്. അവർ ഇന്നാരെപ്പററി ഒരു പരാതി കിട്ടിയിട്ടുണ്ട്, അതു എൻെറ കയ്യിൽ കിട്ടിയിരിക്കുന്നു എന്നു പറഞ്ഞുനടക്കുന്ന ഒരു പതിവും അവിടെ കാണുന്നുണ്ട്. ഇങ്ങനെയുള്ള അഴിമതികളെല്ലാം എത്രയും വേഗം അവസാനിപ്പിക്കേണ്ടതാണെന്നു പറഞ്ഞുംകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : സർ, വെയർഹൗസ് ആക്ടിൻെറ പ്രവർത്തനത്തെപ്പററി അല്പം ചിലതു പറയുവാനാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. ൧൧൨൧-ലെ ൨-ാം ആക്ടാണു വെയർഹൗസ് ആക്ട്. ഇവിടെ സാധനങ്ങഠ സംഭരിക്കുന്നതിന് ശരിയായ വെയർഹൗസുകഠ ഇല്ലാത്തതുകൊണ്ട് പലവിധമായ നഷ്ടങ്ങഠ ഉണ്ടാകുന്നുണ്ടെന്നും, അതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് ആവശ്യമാണെന്നും കണ്ടിട്ടാണ് ഈ ആക്ട് ഉണ്ടാക്കിയിരിക്കുന്നതു്. ആക്ട് പാസ്സായി എങ്കിലും, ഇന്ന് ഈ വെയർഹൗസ് ആക്ട് അനുസരിച്ച് യാതൊരു സംഗതിയും നടക്കുന്നില്ല. ആകപ്പാടെ തിരുവിതാംകൂറിൽ ലൈസൻസ്സുള്ള വെയർഹൗസ് ഒരൊററയെണ്ണം മാത്രമെയുള്ളു.

MR. K. A. MUHAMMED: അതു് എവിടെയാണെന്നു പറയാമോ?

MR. KANNARA GOPALA PANICKER: ആലപ്പുഴയാണ്. വെയർഹൗസു സ്ഥാപിക്കുന്നതിനുള്ള ലൈസൻസ്സിനായി പലരും അപേക്ഷ കൊടുത്തിട്ടുണ്ടു്. അതു കിട്ടാതിരിക്കുന്നതു് ആക്ടിലെ ഒരു വ്യവസ്ഥയുള്ളതുകൊണ്ടാണ്. ലൈസൻസിനു് അപേക്ഷിക്കുന്നവർ അയ്യായിരം രൂപാ കെട്ടിവയ്ക്കുകയോ, അല്ലാത്തപക്ഷം പതിനായിരം രൂപായുടെ സെക്യൂരിറ്റികൊടുക്കുകയോ ചെയ്യണമെന്നു വ്യവസ്ഥയുണ്ടു്. പക്ഷേ, അതു് ഒരു നിർബ്ബന്ധിത വ്യവസ്ഥയാക്കിയിട്ടില്ല. ഇതു ഒരു നിർബ്ബന്ധിത വ്യവസ്ഥയാക്കേണ്ടതു വളരെ അത്യാവശ്യമാണ്. ആലപ്പുഴയിലോ അതുപോലുള്ള വലിയ കച്ചവടസ്ഥലങ്ങളിലോ ഇത്തരം വെയർഹൗസുകൾ സ്ഥാപിക്കുന്നതുകൊണ്ടു് ഉണ്ടാകുവാൻ കഴിയുന്ന ഗുണങ്ങൾ ആക്ടിലെ ഈ വ്യവസ്ഥമൂലം ഇല്ലാതെ പോകുകയാണ് ചെയ്യുന്നതു്. സാമാനങ്ങൾ ഈ വെയർഹൗസിൽ കൊടുത്താൽ അതിലേക്കു ഒരു രസീതു് ഉടമസ്ഥനാക്കു കിട്ടും. ആ രസീതു നെഗോഷ്യബിൾ ഇൻസ്ട്രുമൻറ്സ് ആക്ടിലെ വ്യവസ്ഥപ്രകാരം ബാങ്കിലേല്പിച്ചാൽ പണം കിട്ടുന്നതാണ്. മാത്രമല്ല, വെയർഹൗസിൽ ഏല്പിക്കപ്പെടുന്ന സാധനങ്ങളിൽ കള്ളത്തരം ഒന്നും ചെയ്യാൻ സാധിക്കുന്നതുമല്ല മായംചേർക്കുകയോ, വെള്ളം, മണ്ണു് മുതലായവ ചേർക്കുകയോ മററു കലർപ്പു സാധനങ്ങൾ ചേർക്കുകയോ ചെയ്യാൻ സാദ്ധ്യമല്ല. അതു കൊണ്ടു ഈ അയ്യായിരം രൂപ കെട്ടിവയ്ക്കുകയോ പതിനായിരം രൂപ സെക്യൂരിററി വയ്ക്കുകയോ ചെയ്യണമെന്നു് നിർബന്ധമായി വ്യവസ്ഥ ചെയ്തു് ഇതിനു ഒരു പോംവഴിയുണ്ടാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ പത്തൊൻപതോ, ഇരുപതോ പേർ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടു്. അവർക്കു് ലൈസൻസു കൊടുക്കുകയുംവേണം. ബഡ്ജററിൽ, ൨൦-ാമത്തെ പേജിൽ ൧൧൨൨-ാമാണ്ടിൽ വെയർഹൗസിൽനിന്നും ൩൦൦ രൂപായും, ൧൧൨൩-ൽ, ൧൦൦൦ രൂപായും, വരവു ലഭിച്ചിട്ടുണ്ടെന്നു കാണുന്നു. ൧൧൨൪-ലേക്കു ൩൦൦൦ രൂപയാണ് എസ്റ്റിമേററു ചെയ്തിരിക്കുന്നതു്. തിരുവിതാംകൂറിലുള്ള എല്ലാ വ്യാപാരസ്ഥലങ്ങളിലും, വെയർഹൗസു ഉണ്ടാക്കുകയാണെങ്കിൽ. ഗവണ്മെൻറിനു് ഈ ഇനത്തിൽ ഒരു വലിയ സംഖ്യ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. അതുകൊണ്ടു് ഗവണ്മെൻറു ഈ കാര്യത്തിൽ വേണ്ടതു ചെയ്യണമെന്നു് അഭിപ്രായപ്പെടുന്നു.

MR. K. A. MUHAMMED: സർ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ പ്രസംഗത്തിൽതന്നെ പറയുകയുണ്ടായി, ഇൻഡ്യാഗവണ്മെൻറുമായുള്ള നിശ്ചലകരാറുമൂലം നമ്മുടെ രാജ്യത്തിന് സാമ്പത്തികമായ എന്തെല്ലാം ഗുണദോഷങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് ശരിയായി പരിശോധിച്ചിട്ടില്ലാ എന്ന്. ഈ അവസരത്തിൽ ഇൻറർപോർട്ടൽ കൺവെൻഷൻ മുഖാന്തിരം തിരുവിതാംകൂറിനു വളരെ ദോഷമുണ്ടാകുന്നുവെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള കാര്യങ്ങളുടെ ഗുണദോഷങ്ങൾ പരിചിന്തനം ചെയ്യുമ്പോൾ ചിലർ പറയും ഇതു ഒരു പ്രാദേശിക ചിന്താഗതിയാണെന്ന്. ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിതന്നെ ഒരവസരത്തിൽ പ്രാദേശികമായി ചിന്തിക്കുന്നതു സാമുദായികമായി ചിന്തിക്കുന്നതുപോലെതന്നെ ദോഷകരമാണെന്ന് ഊന്നിപ്രസ്താവിച്ചതു ഞാൻ ഓർക്കുന്നു. എന്നാൽ യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ പ്രാദേശികചിന്തയ്ക്കു കുറെയൊക്കെ നാം അധീനരായിപ്പോകുമെന്നുള്ളതിനു സംശയമില്ല. ഇൻഡ്യയുടെ മററുഭാഗങ്ങളിൽ വളരെ കുറഞ്ഞ വിലയ്ക്കു അരികിട്ടുമ്പോൾ വളരെ കൂടുതൽ വില കൊടുത്തെങ്കിൽമാത്രമേ നമുക്ക് അരി കിട്ടുകയുള്ളു എന്ന ഒരു നില വന്നാൽ, നാം നിന്ന് ഒന്നാലോചിക്കും, എന്തുകൊണ്ട് ഇങ്ങനെവന്നു എന്ന്. അതുപോലെ ഇൻറർപോർട്ടൽ കൺവൻഷൻ വ്യവസ്ഥകൾ ഇപ്പോഴത്തെ നിശ്ചലകരാറിൻപ്രകാരം നാം നിർബന്ധിതമായി പാലിക്കേണ്ടതുണ്ട്. ആ വ്യവസ്ഥയനുസരിച്ച് ൫൭ ലക്ഷം രൂപാ നാം നഷ്ടപ്പെടുന്നു എന്ന് ഈയാണ്ടത്തെ ബഡ്ജററ് എസ്റ്റിമേററിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. ഇപ്പോഴത്തെ ഗവണ്മെൻറിന് ഇതു സംബന്ധിച്ച് ഒന്നും ചെയ്യുവാൻ കഴിയുന്നതല്ലെന്നും എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറുതന്നെ വ്യത്യാസപ്പെടുത്തണമെന്നും എനിക്കറിയാം. സ്റ്റാൻറുസ്റ്റിൽ എഗ്രിമെൻറ വ്യത്യാസപ്പെടുത്തുകതന്നെവേണം. അതിനുവേണ്ടി ഗവണ്മെൻറ ശക്തിയായി ശ്രമിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയുവാനുള്ളത്.

മറെറാരുകാര്യം എനിക്കു പറയുവാനുള്ളത് ഇവിടുത്തെ ആഹാരത്തെപ്പററിയാണ്. നമുക്കാവശ്യമുള്ള ആഹാരസാധനങ്ങളിൽ ഏതാണ്ട ൪൦ ശതമാനംമാത്രമേ ഇവിടെ വിളയുന്നുള്ളു. ബാക്കിയുള്ള ൬൦ ശതമാനവും വെളിയിൽനിന്നു വരുത്തുകയാണ്. അങ്ങനെ നോക്കു

[Mr. K. A. Muhammed.]

മ്പോൾ ഇവിടത്തേക്കു ഇംപോർട്ടു വളരെ കൂടുതലായി നാം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ എക്സ്പോർട്ടു ഇനത്തിൽ അമേരിക്കയിൽനിന്നും ധാരാളം ഡാളർ നമുക്കു ലഭിക്കുന്നുണ്ടു്. ഇൻഡ്യയിൽ ഡാളർ ക്രെഡിററു സമ്പാദിച്ചു കൊടുക്കുന്നതു പ്രധാനമായി ജൂട്സു്, കാഷ്യു എന്നീ സാധനങ്ങളുടെ കയററുമതി മൂലമാണു്. ഇൻഡ്യ വിഭജിക്കപ്പെട്ടതിനുശേഷം ഡാളർ ക്രെഡിററിനെ അടിസ്ഥാനമാക്കി നില്ക്കുന്ന പ്രധാനകയററുമതി കാഷ്യു മാത്രമാണെന്നു കാണാം. അങ്ങനെ ഹാഡ് ക്യാഷ് വേണ്ടത്ര കിട്ടാനുള്ള കയററുമതി നമുക്കുണ്ടു്. എന്നാൽ അതു് ഉപയോഗിക്കുവാനുള്ള അവകാശവും, അധികാരവും നമുക്കില്ലെന്നായി വന്നിരിക്കുന്നതു്. ആ അധികാരം കൺട്രോൾ ചെയ്യുന്നതു റിസർവ്വ ബാങ്കും ഇൻഡ്യൻയൂണിയൻ ഗവണ്മെൻറുമാണു്. നേരെമറിച്ചു് നാം സമ്പാദിക്കുന്ന ഡാളർ ക്രെഡിററും സ്റ്റെർലിംഗ് ക്രെഡിററും നമുക്കു തന്നെ ഉപയോഗിക്കുവാനുള്ള അവകാശം നമുക്കു ലഭിച്ചിരുന്നാൽ ഇന്നു കൺട്രോളിൽ ഇരിക്കുന്ന പല സാധനങ്ങളും, ഇരുമ്പു്, ഉരുക്കു്, സിമൻറു്, തുണി എന്നിങ്ങനെയുള്ള പല സാധനങ്ങളും നമുക്കു പ്രയാസംകൂടാതെ വാങ്ങിക്കുവാൻ സാധിക്കും. പക്ഷേ, ഇന്നു് അതു സാദ്ധ്യമല്ല. ഏതെങ്കിലും സാധനം ഇവിടെയുള്ള ആരെങ്കിലും അമേരിക്കയിൽനിന്നും വാങ്ങിക്കുവാൻ ഇൻഡ്യാഗവണ്മെൻറു മുഖേന അപേക്ഷിച്ചാൽ ആ അപേക്ഷയേക്കാൾ കൂടുതൽ പരിഗണനകൊടുക്കുന്നതു ബോംബെയിൽനിന്നോ, മദ്രാസ്സിൽനിന്നോ ലഭിക്കുന്ന അപേക്ഷകൾക്കാണു്. ഒരു ഡാളർ പോലും സമ്പാദിച്ചുകൊടുക്കുന്നവർക്കു പ്രത്യേക പരിഗണനകൊടുക്കുമ്പോൾ പ്രാദേശികമായി അവരവരുടെ അവശതകളെക്കുറിച്ചു ചിന്തിക്കാത്തതാരാണു്? നാം സമ്പാദിച്ചുകൊടുക്കുന്ന ഡാളർ പൂളിനോ അല്ലെങ്കിൽ സ്റ്റെർലിംഗു പൂളിനോ വേണ്ടി ഇങ്ങനെ ഇൻഡ്യൻ യൂണിയൻ പ്രോവിൻസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷകൾക്കു കൂടുതൽ പരിഗണനകൊടുക്കുന്നതു് എന്തുകൊണ്ടാണു്? ഇന്നത്തെ സ്റ്റാൻഡ്സ്റ്റിൽ എഗ്രിമെൻറാണു് ഇതിനെല്ലാം കാരണം. ആ എഗ്രിമെൻറു നമുക്കു വളരെ ദോഷകരമായ ഒന്നാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ നിലയിലാണു് ഇൻറർപോർട്ടൽ കൺവൻഷൻ ഉടമ്പടി വ്യവസ്ഥകൾ അക്ഷരംപ്രതി പാലിക്കുവാൻ നാം നിർബ്ബന്ധിതരായിരിക്കുന്നതു്. ആ വ്യവസ്ഥപ്രകാരം ൧൦,൦൦൦-ൽ ചില്വാനം വരുന്ന ഒരു തുക മാത്രമേ നമുക്കു കിട്ടുവാൻ അവകാശമുള്ളു. ആ തുകയിൽനിന്നുതന്നെ നമ്മുടെ കയററുമതി സാധനങ്ങളുടെ ചുങ്കത്തിൽ

നാം ഇൻഡ്യാഗവണ്മെൻറിനു കൊടുക്കേണ്ടതായ തുക കഴിച്ചു ബാക്കി വരുന്നതുമാത്രമെ നമുക്കു കിട്ടുകയുള്ളു. സ്വതന്ത്ര തിരുവിതാംകൂർ ഉണ്ടാകുകയാണെങ്കിൽ ആ ഇനത്തിൽ ഒരുകോടി എഴുപതുലക്ഷം രൂപ നമുക്കു ലഭിക്കുന്നതാണെന്നു കണക്കാക്കപ്പെട്ടിരുന്നു. എങ്കിലും യഥാർത്ഥമായ കണക്കുനോക്കിയാൽ നാം പ്രതിവർഷം ഈ ഇനത്തിൽ ൩൰ ലക്ഷം രൂപയോളം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതെന്നു കാണാം. അതുകൊണ്ടു ഇന്നത്തെ സ്റ്റാൻഡ്സ്റ്റിൽ എഗ്രിമെൻറ് എത്രയും വേഗത്തിൽ വ്യത്യാസപ്പെടുത്തി ഇൻറർപോർട്ടൽ കൺവെൻഷൻ ഉടമ്പടി വ്യവസ്ഥകൾ ഭേദഗതിചെയ്യുവാൻ ഗവണ്മെൻറു ശ്രമിക്കേണ്ടതാണ്.

അരിക്ക് വില കൂട്ടുന്നതിനെപ്പററി സംസാരിച്ചപ്പോൾ അതിൻെറ പരിഹാരത്തിനായി ഒരു സബ്സിഡി തരുവാൻ ഇൻഡ്യാ ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടും ഇതുവരെ ഇൻഡ്യാഗവണ്മെൻറ് അതു തരാതിരുന്നതിൽ നാം പ്രൊട്ടസ്ററു ചെയ്യേണ്ടതല്ലേ എന്നു ബഹുമാനപ്പെട്ട ഒരു മെംബർ പ്രധാനമന്ത്രിയോടു ചോദിച്ചപ്പോൾ എല്ലാക്കാര്യത്തിലും പ്രൊട്ടസ്ററു ചെയ്യാൻ നിവൃത്തിയില്ല എന്ന മറുപടിയാണ് അദ്ദേഹം പറഞ്ഞതു്. ഈ കാര്യത്തിൽ പ്രൊട്ടസ്റ്റിൻെറ ആവശ്യംതന്നെയില്ല. ഇതു നമ്മുടെ ഒരു അവകാശമാണ്. ഈ അവകാശം ഇൻഡ്യാ ഗവണ്മെൻറിനോടു ശക്തിയുക്തം ചോദിച്ചുവാങ്ങുകയാണ വേണ്ടതു്. നാം സമ്പാദിക്കുന്ന ഡാളർക്രെഡിററു നമുക്കുതരണം. അതിന് ബാധകമായി നിൽക്കുന്ന ഇന്നത്തെ സ്റ്റാൻഡ്സ്റ്റിൽ എഗ്രിമെൻറ് എത്രയും വേഗത്തിൽ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ നടത്തണമെന്നാണ് എനിക്കു പറയാനുള്ളതു്.

**MR. KRISHNAN AIYAPPAN** (*Shertallai III—General*) : സർ, ഇവിടെ സമർപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ചരക്കുവഴി അയയ്ക്കുന്ന വ്യവസായസാധനങ്ങൾക്കു തീരുവ ചുമത്തുമ്പോൾ ഉണ്ടാകുന്ന താമസത്തെപ്പററിയും ഈ ഡിപ്പാർട്ടുമെൻറിൽ നടത്തുന്ന നിയമനങ്ങളെപ്പററിയും രണ്ടു വാക്കു പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ചേർത്തല, അമ്പലപ്പുഴ ഈ താലൂക്കുകളിൽ മുൻപുണ്ടായിരുന്ന വ്യവസായശാലകളിൽ അധികവും ഇന്നു പല കാരണങ്ങളാൽ നിന്നിരിക്കയാണ്. അനേകം ഫാക്ടറികൾ പല തരത്തിൽ ഉണ്ടായിരുന്നവയിൽ ഇപ്പോൾ ൯-൧൦ എണ്ണങ്ങളിൽ മാത്രമേ ശരിയായി ജോലിനടക്കുന്നതായി ഉള്ളു. നേരിട്ട് ലണ്ടനിലേക്കും അമേരിക്കയിലേക്കും കപ്പലിൽ കയററി ചരക്ക് അയക്കുന്ന ചില വ്യവസായികൾ

[Mr. Krishnan Aiyappan.]

കയറവ്യവസായം തുടങ്ങിയവ—ചേർത്തലയിൽ ഉണ്ട്. അവരുടെ വ്യവസായസാധനങ്ങൾ തക്ക സമയത്തു് അവിടെ എത്താൻ കസ്റ്റംസ് ആഫീസരുടെ സഹകരണവും പ്രത്യേകം ഉണ്ടാകേണ്ടിയിരിക്കുന്നു. നാട്ടുകാരുടെ സാമാനം അയയ്ക്കുന്നതിലാണ് ഈ ആപത്തു കൂടുതൽ ഉള്ളതു്. കപ്പലിൽ ചരക്ക് അയയ്ക്കുന്നതിന് ഇന്ന തീയതി കപ്പൽ കൊച്ചിയിൽ എത്തുമെന്നും അതിൽ ഇത്ര ടൺ സാധനം കയററുന്നതിനേ സ്ഥലം ഉള്ളൂ എന്നും അറിഞ്ഞാൽ ആ ചരക്കയയ്ക്കുന്നതിനാണ് ബദ്ധപ്പാടുകളും ബുദ്ധിമുട്ടുകളും ഉള്ളതു്. ഇപ്പോഴുള്ള തൊഴിലാളിക്കുഴപ്പങ്ങളാൽ അയയ്ക്കുന്നതിനു ൧-൨ ദിവസത്തിനകമേ ചരക്കുകൾ തയാറാകുകയുള്ളൂ. ഒന്നുരണ്ടു ദിവസത്തിനകം വെളിയിൽ ചരക്ക് അയയ്ക്കണം എന്നു വരുമ്പോൾ അവിടെ പലവിധത്തിലുള്ള പരിശോധനകൾ വേണം എന്ന നാട്യം കാണിച്ചു് ബുദ്ധിമുട്ടിക്കുന്ന രീതി ഇപ്പോൾ ചൗക്കകളിൽ ധാരാളമായി കാണുന്നുണ്ട്. അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ ചരക്കു സമയത്തിനു കപ്പലിൽ എത്തിക്കാൻ സാധിക്കാതെ കപ്പൽ പോകുകയും കൊച്ചിയിൽ കൊണ്ടുചെല്ലുന്ന സാധനങ്ങൾ അവിടെത്തന്നെ ഗോഡൗണിൽ കൂടുതൽ കൂലികൊടുത്തു വയ്ക്കേണ്ടതായും വരുന്നു. ഇങ്ങിനെയുള്ള ചൗക്കയിലെ പരിശോധനയിലുള്ള താമസംകൊണ്ടു് കൂടുതൽ നഷ്ടം ഉണ്ടാകുകയും ചരക്കയയ്ക്കാൻ സാധിക്കാതെ അതിന്റെ ആഡർ ക്യാൻസൽ ആകുകയും ചെയ്യുന്നു. അതിനാൽ ചൗക്കയിൽ ഇരിക്കുന്നവർ വ്യവസായങ്ങളിൽ താൽപര്യം ഉള്ളവർ ആയിരിക്കണമെന്നും കസ്റ്റംസ് നിയമങ്ങളിൽ ചില നയങ്ങൾ ഉണ്ടായിരിക്കണമെന്നുമാണ് എനിക്കു പറയാനുള്ളതു്. സൗകര്യമുള്ള പക്ഷം കസ്റ്റംസ് എക്സൈസിൽനിന്നും വേർതിരിച്ചു പ്രത്യേകമായി വയ്ക്കുകയോ അല്ലാത്തപക്ഷം അതിലേക്ക് ഒരു അഡ്വൈസറിബോർഡ് വയ്ക്കുകയോ ചെയ്യണം. ഇങ്ങനെയുള്ള സ്ഥലത്തു നിയമിക്കപ്പെടുന്നവർ രാജ്യസ്നേഹവും സത്യസന്ധതയും ഉള്ളവരായിരിക്കണം. എനിക്ക് ഈ സഭയെ അറിയിക്കാനുള്ള വേറൊരു സംഗതി, സന്ദർഭം കിട്ടുമ്പോഴാണ് ഗവണ്മെന്റിന് വല്ലതും ചെയ്യുവാൻ സാധിക്കുന്നതു് എന്നാണ്. അധഃകൃതവർഗ്ഗത്തിൽപെട്ട സ്കൂൾഫൈനൽ മുതൽ ബി. ഏ. വരെ പാസ്സായിട്ടുള്ള ഏതാനും ആളുകൾ ഇപ്പോൾ തിരുവിതാംകൂറിൽ ഉണ്ട്. ഉദ്ദേശം നാലായിരത്തോളം ഉദ്യോഗങ്ങൾ ഒഴിവു് ഉള്ളതായും അറിയുന്നു. സർ രാജഗോപാലാചാരി ഇവിടെ ദിവാൻജിയായിരുന്ന കാലത്തു് ... ...

MR. PRESIDENT: ആർഡർ, ആർഡർ. ഈ മോഷനിൽ ഉൾപ്പെടുന്നതു് ഇത്രമാത്രമേയുള്ളൂ:—

"To discuss the inconvenience, hardships and unnecessary delay caused by the Customs Office to the transport of goods sent for shipping through the Arukutty and Veluthully chowkeys."

MR. KRISHNAN AIYAPPAN : ഈ പ്രമേയത്തെപ്പററി ഇവിടെ അഭിപ്രായം പറയുന്നതിന് അനുവദിച്ചതുകൊണ്ടാണ് ഞാൻ പറയുന്നതു്.

ഈ നിലയിൽ കസ്റ്റംസ് ആഫീസിൽ നിയമിതരാകുന്ന ആളുകൾ സത്യസന്ധത പാലിക്കണം എന്നാണ് എനിക്കു പറയുവാനുള്ളതു്. അധഃകൃതവർഗ്ഗത്തിൽപെട്ട ആളുകൾ നിയമിതരാകുന്നപക്ഷം സത്യസന്ധതയോടുകൂടി യഥായോഗ്യം പെരുമാറുമെന്നും അവർ ധിക്കാരമായി പെരുമാറുകയില്ലെന്നും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. N. V. CHACKO *(Kunnathunad III—General)* : സർ, ചുങ്കം ഏർപ്പാടുമൂലം ചൗക്കകളിൽ വലിയ അനീതികൾ നടക്കുന്നുണ്ടു്. സാമാനങ്ങൾക്ക് വിലകൂടിയാൽ ചുങ്കം കൂടും. എന്നാൽ സാമാനങ്ങൾക്കു വില കുറഞ്ഞാൽ ചുങ്കത്തിന്റെ നിരക്കു കുറയുന്നില്ല. അങ്ങനെ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇവിടെ അടയ്ക്കാക്കു ചുങ്കം ഉണ്ടായിരുന്നു. ഇപ്പോൾ നിറുത്തിയിരിക്കയാണെന്നു തോന്നുന്നു. അടയ്ക്കാക്കു ചുങ്കം ഉണ്ടായിരുന്ന കാലത്തു് മുഴുവൻ ചുങ്കവും കൊടുത്തു കച്ചവടക്കാർ കൊച്ചിയിൽ അടയ്ക്കാകൊണ്ടുപോയി വിററിരുന്നു. അവരിൽ നിന്നു കൂടുതൽ ചുങ്കം ഈടാക്കുവാനുള്ള നടപടി നടത്തിവന്നു. കച്ചവടക്കാർ അതാതു കാലത്തുള്ള ചുങ്കത്തിന്റെ നിരക്കനുസരിച്ചാണ് അടയ്ക്കാ വാങ്ങിയിരുന്നതു്. ഇപ്പോൾ കൂടുതൽ കച്ചവടക്കാരുടെ മേൽ ആണ് ചുങ്കം ചുമത്തുന്നതു്. അതാതു് ചുങ്കം ആവശ്യപ്പെട്ടാൽ അതു അവർക്ക് ഭീമമായ നഷ്ടത്തിനിടയാകും. റവന്യൂഡിപ്പാർട്ടുമെൻറുവഴി കൂടുതൽ ചുങ്കം ഈടാക്കുന്നതിനു നടപടി നടത്തിവരുന്നതായി അറിയുന്നു. മുൻപു് കൊച്ചിയിൽനിന്നും തിരുവിതാംകൂറിലേക്കു പുകയില കടത്തികൊണ്ടുവരുന്ന ഏർപ്പാടു് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നേരെ മറിച്ചാണു്. ചുങ്കം ഏർപ്പാടുകൊണ്ടു് പലപ്പോഴും പല അസൗകര്യങ്ങളും വരുന്നുണ്ടു്. അവരെപ്പററി പുരാതനകാലംമുതലേ ചീത്ത അഭിപ്രായമുള്ളതാണു്. അങ്ങനെയുള്ള വിഷമങ്ങൾ ഉണ്ടാകാതെ ചുങ്കം ജീവനക്കാർ നീതിപൂർവമായി പെരുമാറത്തക്കവണ്ണം വേണ്ട ഏർപ്പാടു് ഗവൺമെൻറു് ചെയ്യണം എന്ന അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. T. A. ABDULLA: Sir, I may be permitted to speak on this matter.

മി. നേശമണി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. അതിനുള്ള ഒന്നുരണ്ടു സംഗതികൾ ബഹു: മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. എനിക്ക് ആദ്യമായി പറയാനുള്ളതു് കള്ളുഷാപ്പിലെ ക്രമക്കേടുകളെ പ്പററിയാണ്. കള്ളുഷാപ്പ് രാത്രി എട്ടുമണിക്കുമേൽ തുറക്കാൻപാടില്ല എന്നാണ് വ്യവസ്ഥയുള്ളതു്. അതുപോലെ അന്നന്നുള്ള കള്ള് അന്നന്നു തീരാതെ ബാക്കിവരുന്നതു അന്നന്നു നശിപ്പിക്കണമെന്നും അതു് പിറേറ ദിവസം ഉപയോഗിക്കാൻ പാടില്ല എന്നുമാണ് നിയമം. കൂടാതെ........

MR. PRESIDENT : ഇതു് എക്സൈസിനെപ്പററി പറയുമ്പോൾ പറയേണ്ടതാണ്.

MR. G. P. NILAKANTA PILLAI (*Karunagappalli I—General*) : Sir, on a point of order. The motion is not for a cut in the total allotment.

MR. T. A. ABDULLA : But the point has been referred to by the mover.

മി. കണ്ണാറ ഗോപാലപ്പണിക്കർ വെയർഹൌസ് ആക്ററു നിർബന്ധിതമാക്കണമെന്നഭിപ്രായപ്പെട്ടു. എനിക്ക് അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളതു് ഇതു് വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ടതായ ഒരു സംഗതിയാണെന്നാണ്. ഇന്നു് ഒരു വെയർ ഹൌസ് ആക്ററു് നിലവിലുണ്ടെങ്കിലും അതു് നിർബന്ധിതമല്ല. മി. കണ്ണാറ ഗോപാലപ്പണിക്കർ ഈ ആക്ററു കമ്പൽസറിയാക്കിയില്ലെങ്കിൽ വിഷമമുണ്ടെന്നു പറഞ്ഞു. ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. കമ്പൽസറി (നിർബന്ധിതം) ആക്കണമെന്നുണ്ടെങ്കിൽ തന്നെയും ഇന്നത്തെ ആക്ററു് സൂക്ഷ്മമായി പരിശോധിച്ചശേഷം മാത്രമേ അങ്ങനെ ചെയ്യാൻ പാടുള്ളു. ഇന്നത്തെ ആക്ററിൻെറ വലിയ മെച്ചമായി പറയുന്ന ഒരു പ്രധാന കാര്യം ഇതാണ്. അതായതു് വെയർഹൌസ്മാൻെറ സർട്ടിഫിക്കററു് ഒരു നെഗോഷിയബിൾ ഇൻസ്ട്രുമെൻറാക്കിയിട്ടുണ്ട്. അതു കൊടുത്തു വളരെ സൌകര്യപ്രദമായ വിധം പണം അഡ്വാൻസ് വാങ്ങാമെന്നാണ് പറയുന്നതു. എന്നാൽ വെയർഹൌസമാൻെറ സർട്ടിഫിക്കെററുകൊണ്ടു പണം കിട്ടുന്ന കാര്യത്തിൽ പ്രത്യേകം സൌകര്യമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല. പണം കിട്ടുന്ന കാര്യം മററു പല സംഗതികളെയും ആശ്രയിച്ചാണിരിക്കുന്നതു്. ചരക്കു ഏററുവാങ്ങി സൂക്ഷിക്കുന്ന ഗുദാമുടമസ്ഥന്മാർ തന്നെയാണ് ഇന്നു് ഉൽപാദകനു് അഡ്വാൻസ്

കൊടുക്കുന്നത്. എന്നാൽ Warehouse Act അനുസരിച്ച് സൂക്ഷിപ്പുകാരനായ ലൈസൻസുള്ള വെയർഹൌസ്മാൻ പണം അഡ്വാൻസ് കൊടുക്കുന്നതു നിയമവിരുദ്ധമാകുന്നു. അതിനാൽ ചരക്കുടമസ്ഥൻ പണത്തിനായി മററുള്ളവരെ ആശ്രയിക്കേണ്ടിവരും. ഇന്നത്തെ പണത്തിൻെറ വിക്രമംമൂലം സർട്ടിഫിക്കെററുമായി പണത്തിനു നടന്നാൽ കിട്ടുന്നതിനു വളരെ പ്രയാസമാണ്. തൽക്കാരണത്താൽ തിടുക്കത്തിൽ ചരക്കു മുഴുവൻ കിട്ടുന്ന വിലയ്ക്കു വില്ക്കുവാൻ നിർബന്ധിതമായിത്തീരുന്നു. ഇപ്പോഴത്തെ ആക്ററിൽ മററു പല ന്യൂനതകളും അവ്യക്തതകളും ഉണ്ട്. Warehouse man-ൻെറ പ്രതിഫലത്തെ സംബന്ധിച്ച് റൂളുകൾ ഇനിയും ഉണ്ടായിട്ടില്ല. മററു പല പ്രായോഗിക വിഷമതകളും ആക്ററ് നടപ്പിലാക്കിയാൽ വന്നുകൂടുന്നതാണ്. ആകപ്പാടെ ഈ ആക്ററിനെ ഒരു സമൂലപുനഃപരിശോധനയ്ക്കുശേഷം നടപ്പിലാക്കിയാൽ മതിയെന്നാണ് എൻെറ അഭിപ്രായം. അതിലേക്കായി ബഹു: മന്ത്രി ഇതിൽ താൽപര്യമുള്ള കക്ഷികളുമായി വേണ്ടതായ ആലോചനകൾ ചെയ്യുമെന്നു വിശ്വസിക്കുന്നു.

MR. M. GOVINDAN (*Trivandrum III— General*): ഇപ്പോഴത്തെ വെയർഹൌസ് ആക്ററു മോശമാണെന്നാണോ മെംബറിൻെറ അഭിപ്രായം.

MR. T A. ABDULLA: ഇന്നുള്ള ആക്ററു മോശമാണെന്നാണ് എൻെറ അഭിപ്രായം.

MR. M. GOVINDAN: സർ, മരച്ചീനി ശകലമെങ്കിലും വെളിയിൽ വിട്ടാൽ ഇവിടത്തെ ആളുകൾ കഷ്ടപ്പെടുമെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതു വലിയ അബദ്ധമാണ്. ഈ രാജ്യത്തു് പണം വരുന്നതിൽ ഏററവും പ്രധാനമായിട്ടുള്ളതു് മരച്ചീനിയിൽ നിന്നാണ്. ഈ രാജ്യത്തുള്ളതിൽ എത്രയോ വളരെ കൂടുതൽ വിലയാണ് വെളിയിൽ നിന്നും കിട്ടുന്നതു്. നമ്മുടെ മരച്ചീനി വെളിയിൽപോയാൽ ഇവിടെ കിട്ടുന്നതിൽ എത്രയോ മടങ്ങു പണം ഇവിടെ വന്നുചേരും. അങ്ങനെ വന്നുചേർന്നാൽ നമ്മുടെ ആവശ്യത്തിനുള്ള പല സാധനങ്ങളും വാങ്ങാം. ഇവിടെ ഈ മരച്ചീനി ആരാണ് തിന്നുന്നതു്? ഇവിടെ ഉള്ളവരെല്ലാം ഈ മരച്ചീനി തിന്നുകയാണോ ചെയ്യുന്നതു്? പാവപ്പെട്ടവർ ചോറിനു സമം മരച്ചീനി തിന്നുമെന്നുള്ളതു് വെറും ഒരു തെററിദ്ധാരണയാണ്. വല്ല മീനോ മറേറാ ഉണ്ടെങ്കിൽ തിന്നുമെന്നല്ലാതെ മരച്ചീനിമാത്രം തിന്നുന്നവർ വളരെ

[Mr. M. Govindan ]

കുറവാണ്. എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞതു് മരച്ചീനി വെളിയിൽവിട്ടാൽ ഇവിടെ ക്ഷാമമുണ്ടാകുമെന്നാണ്. പണം ധാരാളം നമ്മുടെ നാട്ടിൽ വന്നാൽ നമുക്കു ഒന്നാംതരം പോഷകാംശമുള്ള ഭക്ഷണസാധനം ഇവിടെ വരുത്താം. മരച്ചീനി വെളിയിൽ വിട്ടാൽ അതു് ധാരാളം വിലപോകും. അങ്ങനെയാകുമ്പോൾ മരച്ചീനിക്കൃഷി ഇവിടെ ധാരാളം ഉണ്ടാകും. ഇന്നു് മരച്ചീനിക്കൃഷി വളരെ ചുരുക്കംപേർ മാത്രമാണ് ചെയ്യുന്നതു്. മരച്ചീനി വെളിയിൽ അയച്ചു് അതിന്റെ വില കൂടിയാൽ എല്ലാ സ്ഥലത്തും മരച്ചീനിക്കൃഷി ഉണ്ടാകും. ഞാൻ ഈയിടെ രണ്ടായിരം ഏക്കർ സ്ഥലം മരച്ചീനിക്കൃഷി ചെയ്യണമെന്നു വിചാരിച്ചു. അതിനാൽ കുറെ എങ്കിലും ഈ മരച്ചീനിമാവും മരച്ചീനിയും വെളിയിൽ കൊണ്ടുപോകുവാൻ അനുവദിക്കണം. ഞാൻതന്നെ ഒരു വക്കീലത്തു പറഞ്ഞു പത്തു മുന്നൂറു ടൺ മരച്ചീനിമാവു് വെളിയിൽ അയപ്പിച്ചിട്ടുണ്ടു്. മനുഷ്യനു് തിന്നാൻകൊള്ളരുതാതെയായി ദുർഗന്ധംകൊണ്ടു് അടുത്തുള്ളവർക്കു് താമസിക്കുന്നതിനുപോലും സൌകര്യമില്ലാത്തവിധം അതു് ചീത്തയായിപ്പോകുന്നതിനുമുമ്പു് അവയെ വെളിയിൽ അയയ്ക്കുന്നതിനു് എക്സൈസ് കമ്മീഷണർ കല്പന കൊടുക്കേണ്ടതാണ്. മരച്ചീനി മാത്രമായിട്ടു് ഒരു ഭക്ഷണപദാർത്ഥം ആയി ഉപയോഗിക്കാൻ സാധിക്കുകയില്ല. പണം മാത്രം കയ്യിൽ ഉണ്ടായിരുന്നാൽ മതി എല്ലാ സാധനങ്ങളും വാങ്ങിക്കാം, നല്ല അരി വാങ്ങിക്കാം, സുഖിക്കാം. എന്നാൽ പണം ഇല്ലാതെ ഒന്നും ഒക്കുകയില്ല. ഈ മരച്ചീനിക്കും മരച്ചീനിമാവിനും വെളിയിൽ നല്ല ഡിമാൻഡു് ഉള്ളതുകൊണ്ടു് അതു് വെളിയിൽ അയച്ചു് നമുക്കു പണം ഉണ്ടാക്കാവുന്നതും ആണ്.

MR. P. T. CHACKO: ബഹുമാനപ്പെട്ട മെമ്പർ മരച്ചീനി ഉപയോഗിച്ചു നോക്കിയിട്ടുണ്ടോ?

MR. M. GOVINDAN: ധാരാളം ഉപയോഗിച്ചു നോക്കിയിട്ടുണ്ടു്. അതു് അത്ര നല്ല സാധനം ഒന്നും അല്ല. അതിനാൽ ഞാൻ പറയുന്നതു മരച്ചീനിയും മരച്ചീനിമാവും കുറെ എങ്കിലും വെളിയിൽ അയയ്ക്കുന്നതിനു് അനുവാദം നൽകേണ്ടതാണ് എന്നാണ്.

MR. PONNARA G. SREEDHAR: സർ, മരച്ചീനിയോടു് വളരെ അടുത്തു പരിചയമുള്ള ഈ വസ്തുതയെ സംബന്ധിച്ചു് രണ്ടു വാക്കു പറയുവാനുണ്ടു്. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു, മരച്ചീനി ഒരു ആഹാരസാധനമായതിനാൽ വെളിയിൽകൊണ്ടുപോകുന്നതിനു് അനുവദിച്ചുകൂടെന്നു്. മി. ജോസഫ് മാളിയേക്കൽ പറയുന്നു, അരിയും

നെല്ലും ഡീകൺട്രോൾ ചെയ്യണമെന്ന്. അതിന് അദ്ദേഹവും കൂട്ടരും ഗവൺമെൻറിനെ പ്രേരിപ്പിച്ചുവരുന്നു എന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ അതേ സമയത്തുതന്നെ മരച്ചീനിയുടെ വില കുറയപ്പെടുത്തണമെന്നും അദ്ദേഹം പറയുന്നു. അതായതു, മരച്ചീനിക്കു പൌണ്ടിനു രണ്ടു ചക്രമാക്കണം എന്ന്. ഈ രണ്ടു കാര്യങ്ങളുംകൂടി ഏതു വിധം യോജിക്കുന്നു എന്നെനിക്കു മനസ്സിലാകുന്നില്ല. മി. ഗോപിനാഥൻ പറഞ്ഞതുപോലെ മരച്ചീനി മാത്രമായി ഒരാഹാരസാധനമായി ഉപയോഗിക്കുവാൻ കൊള്ളാവുന്നതല്ല. അരിയും മററു സാധനങ്ങളും ഉണ്ടെങ്കിലേ അതു ഉപയോഗിക്കാൻ കൊള്ളുകയുള്ളു. അതിനാൽ അരിയും മററും ഡീകൺട്രോൾ ചെയ്തിട്ടു മരച്ചീനി കൺട്രോൾ ചെയ്തതുകൊണ്ടു വിശേഷിച്ചു ഗുണം ഒന്നും വരുവാനില്ല. എന്നാൽ അതേ സമയത്തുതന്നെ മരച്ചീനി വെളിയിൽ അയയ്ക്കുന്നതുകൊണ്ടു അതിൻെറ വില വദ്ധിക്കുകയും ചെയ്യും. ആ വിധം കൂടുതൽ ലഭിക്കുന്ന പണംകൊണ്ടു ബ്ലാക്കിലെങ്കിലും അരി വാങ്ങാൻ സാധിക്കും. കൃഷിക്കു വേലക്കൂലിയായും മററും ഇപ്പോഴത്തെ നിലയ്ക്കു പണം കൂടുതൽ ചിലവുള്ളതാണ്. അതിനാൽ അതിനെ കൺട്രോൾ ചെയ്താൽ മരച്ചീനികൃഷി ആരും ചെയ്യാതെ ആകും. സാധുക്കൾ വിഷമിക്കും. ഞങ്ങളുടെ നാട്ടിൽതന്നെ മുൻപു മരച്ചീനി കൃഷിചെയ്തുകൊണ്ടിരുന്നു. ഈ കാരണംനിമിത്തം കൃഷിക്കാർ ഇപ്പോൾ കൃഷിചെയ്യാതെ ഇട്ടിരിക്കയാണ്. വളരെ സ്ഥലങ്ങൾ തരിശായിട്ടു കിടക്കുന്നു. ഇതാണ് മരച്ചീനി വെളിയിലയയ്ക്കാൻ പാടില്ലെന്നു വച്ചിട്ടും വില കുറയാത്തതു. ഇതു സാധുക്കൾ ആഹാരസാധനമായി ഉപയോഗിക്കുന്നു എന്നുള്ളതു ശരിതന്നെ. പക്ഷെ അതു വെളിയിലയയ്ക്കാൻ അനുവദിക്കയാണെങ്കിൽ അതിൻെറ വില കൂടുന്നതും ആ വിധത്തിൽ കൃഷിവേലക്കാർക്കു ധാരാളം പണിയും കൂടുതൽ കൂലിയും ലഭിക്കുന്നതുമാണ്. പ്രധാന ആഹാരസാധനമായ അരി ഡീകൺട്രോൾ ചെയ്യണമെന്നും അരിയെപ്പോലെ അത്ര പ്രാധാന്യമർഹിക്കാത്ത ഒരു ആഹാരസാധനമായ മരച്ചീനിമാത്രം ചില വൻകർഷകമുതലാളന്മാർക്കു വേണ്ടി കൺട്രോൾ ചെയ്യണമെന്നും പറയുന്നതു അത്ര ശരിയല്ല. ഇതുമാത്രമെ എനിക്കു പറയുവാനുള്ളു.

MR. PRESIDENT: Mr Nesamony, do you press your cut motion?

MR. A. NESAMONY : May we know what the Hon'ble Minister has to say on the points placed before the House and then we shall decide the issue.

HON'BLE MR. G. RAMACHANDRAN : സർ, ഇന്ന് ഇവിടെ പല ഉപക്ഷേപങ്ങളും അവതരിപ്പിച്ചുകൊണ്ട് പല മാന്യമെംബറന്മാരും പ്രസംഗിച്ചു കഴിഞ്ഞിരിക്കുന്നു. എനിക്കു പറയുവാനുള്ളത് ഉപക്ഷേപങ്ങളെപ്പററിയുണ്ടായ പ്രസംഗങ്ങൾ എനിക്കു വളരെ അറിവു നൽകിയിട്ടുണ്ട് എന്നാണ്; ഇന്നത്തെ ഈ പ്രസംഗങ്ങൾ നല്ലതുപോലെ എനിക്ക് ഓർമ്മിക്കാൻ കഴിയുമെങ്കിൽ ഇന്ന് ഇവിടെയുണ്ടായ പല ആക്ഷേപങ്ങൾക്കും പരിഹാരമുണ്ടാകുന്നതിനു വേണ്ടി എനിക്കു പ്രയത്നിക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ആദ്യമായിട്ട് കസ്റ്റംസ് ചൌക്കകളിൽ നടക്കുന്ന പല കാര്യങ്ങളെപ്പററിയും ഇവിടെ പറയുകയുണ്ടായി. കസ്റ്റംസ് ചൌക്കകളെപ്പററി പരാതിയില്ലാത്ത ഏതെങ്കിലും രാജ്യം ഉണ്ടോ എന്ന് എനിക്കറിവില്ല. നമ്മുടെ നാട്ടിൽതന്നെ വടക്കൻ കസ്റ്റംസ് അതിർത്തിയായ അരൂക്കുററി ചൌക്കയിലും തെക്കൻ കസ്റ്റംസ് അതിർത്തിയായ ആരുവാമൊഴി ചൌക്കയിലും നടക്കുന്ന അനാശാസ്യനടപടികളെക്കുറിച്ച് ഞാനും അനുഭവക്കാരനാണ്. എന്നല്ല അതിർത്തികൾ എവിടെയുണ്ടെങ്കിലും അവിടെ പരാതിയില്ലാതിരിക്കുകയില്ല. അതായത് സാധാരണ അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന ചരക്കുകളേയും ആളുകളേയും തടഞ്ഞു നിറുത്തി കുറേനേരം താമസിപ്പിച്ച് വളരെ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുന്നു എന്നുള്ളത് വാസ്തവം തന്നെയാണ്. ആരോ ഒരാൾ പറഞ്ഞു, ഞാൻ മന്ത്രി എന്നുള്ള ഭാവം കാണിക്കാതെ സാധാരണ ആളുകൾ പോകുന്നതുപോലെ വള്ളത്തിലോ മറേറാ ഒന്നുപോയി പരിശോധിച്ചാൽ കൊള്ളാമെന്ന്. എനിക്ക് നേരത്തേതന്നെ ഈ കാര്യങ്ങൾ അനുഭവം ഉണ്ട്. അതല്ല, വല്ലരെ നിർബന്ധിക്കുകയാണെങ്കിൽ ഒരിക്കൽകൂടി പോകുന്നതിനും മടിയില്ല. ഈ കാര്യത്തിൽ വളരെ നിഷ്കർഷിക്കണമെന്നാണ് എനിക്കു തോന്നുന്നത്. അരൂക്കുററിയിലും മററും വളരെ നേരം വള്ളങ്ങൾ കെട്ടിയിട്ട് പല അനാശാസ്യതകളും നടക്കുന്നതായിട്ടറിയാം. എന്നാൽ ഞാൻ മുൻപു പറഞ്ഞതുപോലെ കസ്റ്റംസിനെപ്പററി ഉള്ള പരാതി തിരുവിതാംകൂറിൽ മാത്രമല്ല, എല്ലാം സ്ഥലങ്ങളിലും ഉണ്ട്. ഞാൻ ഒരിക്കൽ സിലോണിൽ പോയിരുന്നു. അവിടെ ഇറങ്ങി രാജ്യത്തിനകത്തു പോകണമെങ്കിൽ ഉടുപ്പു മുതലായ ദേഹത്തുള്ള സകല സാധനങ്ങളും അഴിച്ചു വയ്പ്പിച്ച് പരിശോധിച്ചിട്ടു മാത്രമേ അവർ അകത്തേക്ക് കടത്തി വിടുന്നുള്ളു. ഇത് സിലോൺ ഗവണ്മെൻറും ഇൻഡ്യാ ഗവണ്മെൻറും നിഷ്കർഷിച്ചിട്ടുള്ളതാണ്. ഞങ്ങൾ വളരെ ക്ലേശങ്ങൾ അനുഭവിച്ചു. ഒടുവിൽ സിലോൺ പ്രധാനമന്ത്രിയെ കണ്ട് പരാതിപ്പെടേണ്ടതായിട്ടുവന്നു. ഏതായാലും ഈ കാര്യത്തിൽ ഗവണ്മെൻറ് വേണ്ടതു പ്രവർത്തിക്കുന്നതാണ്.

പിന്നൊരു കാര്യം പറഞ്ഞതു് ചരക്കുകളിലുള്ള കൈക്കൂലിയെപ്പറ്റിയാണ്. ചരക്കുകളിൽ കൈക്കൂലി നടക്കുന്നു എന്നുള്ളതും എനിക്ക് അറിയാം. അതും ഞാൻ മുമ്പു പറഞ്ഞതുപോലെ തിരുവിതാംകൂറിൽ മാത്രമല്ല.

MR. P. M. VARGHESE : സിലോണിൽ വളരെ കർശനമായി യാത്രക്കാരെ പരിശോധിക്കുന്നു എന്നു് പറഞ്ഞു. എന്നാൽ അവിടെ ഇവിടത്തെപ്പോലെ കൈക്കൂലിയുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടു് ധാരാളമുണ്ടു്. പക്ഷെ, അവിടെയായാലും കൈക്കൂലിക്കാരെ എളുപ്പം കണ്ടുപിടിക്കാൻ സാധിക്കും. എന്നാൽ, ഇവിടെ അതു് വളരെ പ്രയാസമാണ്. അതായതു് ഈ കാര്യത്തിൽ വളരെ വളരെ നിഷ്കർഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്. എങ്കിലും ഗവണ്മെന്റ് വേണ്ടത്ര നിഷ്കർഷിക്കുന്നതാണ്. രണ്ടാമതായിട്ട്, ഇവിടെ ഒരു മെംബർ ഊന്നിപ്പറഞ്ഞതു് ഇൻററ് പോർട്ടൽ കൺവെൻഷനെപ്പറ്റിയാണ്. ഇതു് ഏകദേശം എൺപതഞ്ചു വർഷങ്ങൾക്കുമുമ്പു ഏർപ്പെടുത്തിയ ഒരു കാര്യമാണ്. അന്നത്തെ പരിതഃസ്ഥിതികൾ വച്ച് ഈ ഗവണ്മെന്റും മററു ഗവണ്മെൻറുകളുമായി ഏതോ ചില തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൻെറ ഫലം വാസ്തവത്തിൽ തിരുവിതാംകൂറിനു വളരെ നഷ്ടമാണ്. ആരോ ഒരു സമർത്ഥൻ വളരെ കണക്കുകൾകൂട്ടി ഏകദേശം അഞ്ചാറുകോടി രൂപായോളം തിരുവിതാംകൂറിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അതു തിരിയെകിട്ടുവാൻ വേണ്ട നടപടി നടത്തുന്നതാണെന്നും പിരവാദം അർത്ഥവത്തായി പറയുകയുണ്ടായി. അതു് ഞാൻ ഓർമ്മിക്കുന്നു. ഈ കാര്യങ്ങളെല്ലാം സ്റ്റാൻഡു് സ്റ്റിൽ എഗ്രിമെൻറ് അവസാനിച്ച ശേഷം എല്ലാവർക്കും കൂടിയിരുന്ന് ആലോചിക്കാനെ സാദ്ധ്യമാകയുള്ളു. അല്ലാതെ ഈ കാര്യത്തിൽ ഇപ്പോൾ ഒന്നും പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ഏതായാലും ഗവണ്മെൻറിൻെറ ശ്രദ്ധ ഇതിൽ പതിഞ്ഞിട്ടുണ്ട്. ആ സമയത്തു് തിരുവിതാംകൂറിന്ന് നഷ്ടം ഇല്ലാത്തവിധത്തിൽ ഇൻഡ്യാഗവണ്മെൻറിനും പരാതിയില്ലാത്തവിധത്തിൽ വളരെ കാര്യമായും നയത്തോടുകൂടിയും കാര്യങ്ങൾ ശരിപ്പെടുത്തുന്നതാണ്.

MR. T. A. ABDULLA: ഇൻഡ്യൻ യൂണിയൻ ഡ്രാഫററ് കാൺസ്റ്റിറ്റ്യൂഷനിൽ അഞ്ചുകൊല്ലക്കാലത്തേക്ക് ഈ സ്റ്റാൻഡ്സ്റ്റിൽ എഗ്രിമെൻറ് തുടരുന്നതാണെന്നു് സ്പെസിഫിക്ക് പ്രൊവിഷൻ ഉള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം.

MR. T. A. ABDULLA : അതുകൊണ്ട് ഇപ്പോഴുംതന്നെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണെന്ന് അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിയാം. പിന്നെ വേറൊന്ന് മരച്ചീനിമാവിനെക്കുറിച്ചാണ്. മാന്യമെമ്പർ മി. കെ. പി. നീലകണ്ഠപ്പിള്ള ഇതിനെപ്പററി ബലമായി വാദിച്ചതു് കേൾക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ടായിരുന്നു. വേറൊരു മാന്യമെംബർ മിസ്റ്റർ ഗോവിന്ദൻ മറുപുറത്തു നിന്നുകൊണ്ട് വാദിച്ചതും നന്നായിരുന്നു. എന്നാൽ കാര്യങ്ങൾ ഇതുവരെ രൂപപ്പെട്ടിട്ടുള്ളതു് ഓർമ്മിക്കുകയാണെങ്കിൽ മരച്ചീനിയും മരച്ചീനിമാവും, ഇവിടെ ആഹാരസാധനസംബന്ധമായബുദ്ധിമുട്ടുകൾ തുടർന്നുകൊണ്ടുപോകുന്നതുവരെ വെളിയിൽ അയയ്ക്കുന്നതിനു നിവൃത്തിയില്ല എന്നാണ് ഗവണ്മെൻറിൻെറ അഭിപ്രായം. ഇപ്പോഴുംതന്നെ പല കച്ചോൺടിട്ടിയായി മരച്ചീനി വെളിയിൽ അയയ്ക്കുന്നതിനുള്ള പെർമിററുകൾക്കു വേണ്ടി വളരെ അപേക്ഷകൾ വരുന്നുണ്ട്. ഇവ ഗവണ്മെൻറിൻെറ മുമ്പാകെ വന്നപ്പോൾ മററു സകല കാര്യങ്ങളും മാറ്റിവച്ചിട്ട് ഈ ആഹാരസാധനപ്രശ്നം മുൻനിറുത്തി ഈ കാര്യം തീരുമാനിക്കുകയാണ് ചെയ്തതു്. അതുകൊണ്ട് ഗവണ്മെൻറിന് ഈ കാര്യത്തിൽ ഒരു സ്ഥിരമായ നിലതന്നെയാണ് ഉള്ളതു. ഇങ്ങനെയാണെങ്കിലും ഗവണ്മെൻറു് ഒന്നുരണ്ടു പെർമിററുകൾ കൊടുത്തിട്ടുള്ളതായി എനിക്കറിയാം. എൻെറ അറിവിൽ കഴിഞ്ഞിടയ്ക്കൊക്കെ ഈയിടെ അങ്ങനെ ഒന്നും കൊടുത്തിട്ടില്ല; അഞ്ചാറു മാസങ്ങൾക്കുമുമ്പ് ഒരു പെർമിററു് ഒരു ചെറിയ കച്ചോൺടിററിക്ക് കൊടുത്തിട്ടുള്ളതായി കാണുന്നു. ഇനി അതു് ഉണ്ടാകയില്ല. കാര്യങ്ങൾ ഒന്നു തീരുമാനിച്ചതിനുശേഷം അതു് നടപ്പിൽവരുത്തുന്നതിനുള്ള ശക്തി ഈ ഗവണ്മെൻറിന് പരിപൂർണ്ണമായി ഉണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

വേറൊന്ന് പറയാനുള്ളതു് വെയർ ഹൌസ് ആക്ടിനെ സംബന്ധിച്ചാണ്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇങ്ങനെ ഇവിടെ ഒരു ആക്ട് ഉണ്ട്. പക്ഷേ അതനുസരിച്ച് എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നാണു അറിവ്. ഇതിനെപ്പറ്റി ആലോചിച്ചപ്പോൾതന്നെ ഇതു് നിർബന്ധിതമാക്കാൻ പാടില്ലെന്ന് ശക്തിയായി വാദിച്ച ഒരു ഭൂരിപക്ഷം ആളുകൾ ഉണ്ടായിരുന്നു. നമ്മുടെ രാജ്യത്തിൽ ഇതു് ഫലപ്രദമാണോ എന്നുള്ള കാര്യം സംശയമാണ്.

MR T. A. ABDULLA : ഈ ആക്ട് നടപ്പിലുണ്ടെന്നു കാണിക്കാൻ വേണ്ടി ആഫീസറന്മാർ നിർബന്ധിച്ച് ആളുകളെക്കൊണ്ട് ഇതിനായി ലൈസൻസ് എടുപ്പിക്കുന്ന വിവരം അറിയാമോ?.

HON'BLE MR. G. RAMACHANDRAN : അതു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നില്ലെങ്കിലും ആളുകൾക്ക ഇതിൽ അതൃപ്തിയാണുള്ളതെന്നു എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം ക്രൂലങ്കഷമായി പര്യാലോചിച്ചതിനുശേഷം ഈ ആക്ട് വേണമോ വേണ്ടയോ എന്നു തീരുമാനിക്കാവുന്നതാണ്.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ചില നിയമനങ്ങളെപ്പററി ഒരു പരാതി ഇവിടെ പറയുകയുണ്ടായി. അതിനെപ്പററി എനിക്കു ചുരുക്കത്തിൽ പറയാനുള്ളതു് നിയമനങ്ങൾ നടത്തുന്നതു് സർവ്വീസ് കമ്മീഷണർ മുഖാന്തരവും പ്രമോഷനെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് മേധാവിയുമാണ് നടത്തിക്കൊണ്ടിരിക്കുന്നതു് എന്നുള്ളതാണ്. എന്നാൽ ചില നിയമനങ്ങൾ അങ്ങും ഇങ്ങും തൊടാതെ നടത്തിയിട്ടുണ്ട്. മിക്കവാറും സർവ്വീസ് കമ്മീഷണർ തന്നെ നിയമനങ്ങൾക്ക ശുപാർശകൾ ചെയ്യുന്നു എന്നു പറയാനേ എനിക്കു സാധിക്കുകയുള്ളൂ.

MR. KRISHNAN AIYAPPAN : നിയമനങ്ങളെപ്പററി പറഞ്ഞ അവസരത്തിൽ അധഃകൃതസമുദായങ്ങളിൽപ്പെട്ടവർക്ക് കൂടുതൽ പരിഗണന കൊടുക്കേണ്ടതായിരിക്കുമെന്ന് പറഞ്ഞു. എന്നാൽ ആ വക സംഗതികളെപ്പററിയുള്ള ഒരു കട്ട്മോഷൻ ഞാൻ അയച്ചിട്ടുള്ളതും അതു ആലോചിക്കുവാൻ ഇപ്പോൾ സമയം അനുവദിക്കുന്നതല്ലെന്നു പറഞ്ഞു. കസ്റ്റംസിൽ ആളുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെപ്പററി പരിചിന്തിക്കുമ്പോൾ അതിൻെറ പരിഹാരത്തിനായി അതിനു പററിയ ആളുകളെ നിയമിക്കുന്നതുകൊണ്ടുമാത്രമേ സാദ്ധ്യമാകയുള്ളൂ എന്നാണ് എൻെറ കട്ട്മോഷൻെറ സാരം.

HON'BLE MR. G. RAMACHANDRAN: അധഃകൃതവർഗ്ഗത്തിൽ നിന്നും നിയമനങ്ങൾക്കുവേണ്ടി, എക്സൈസ് ഡിപ്പാർട്ടുമെൻറിൽമാത്രമല്ല തിരുവിതാംകൂറിലുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും, മുൻഗണനകൊടുക്കണമെന്നുള്ളതു് ഗവൺമെൻറിൻെറ ഒരു പ്രത്യേക നിശ്ചയംകൂടിയാണ്. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചെയ്തിട്ടുള്ള വിമർശനത്തെപ്പററി ഞാൻ നല്ലവണ്ണം പരിചിന്തിക്കയും എല്ലാത്തിനും കൂടി ഒരു സംക്ഷേപരൂപത്തിൽ മറുപടി പറകയും ചെയ്യാമെന്നല്ലാതെ ഓരോന്നിനും വിശദമായി മറുപടി പറയാനുള്ള സമയം ഇല്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ,

[Hon'ble Mr. G. Ramachandran]

എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പററി അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപങ്ങളെ പിൻവലിച്ച്, ഡിമാൻറിനെ അനുകൂലിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. A. NESAMONY: In view of the assurance given by the Hon'ble Minister I do not press the motion.

MR. PRESIDENT: ഈ ഡിമാൻറിനെപ്പററിയുള്ള ഉപക്ഷേപം പ്രസ്സ് ചെയ്യാത്തതുകൊണ്ട് ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നതായി വിചാരിക്കുന്നു.

The motion was by leave withdrawn.

MR. PRESIDENT: എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ ടോട്ടൽ ഡിമാൻറിനെപ്പററി ചർച്ച ചെയ്താൽ മതിയോ അതല്ല, സാൾട്ട് കസ്റ്റംസ് മുതലായ ഇനങ്ങളെപ്പററിയുള്ള തുകകളെക്കൂടി ചർച്ച ചെയ്യണമോ, എങ്ങനെയാണ് വേണ്ടതെന്നു ഈ സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): ടോട്ടൽ ഡിമാൻറിനെപ്പററി ചർച്ച ചെയ്താൽ മതിയാകും.

MR. M. O. CHERIYAN (*Devicolam—General*): Sir I move:

"To reduce the total allotment of Rs. 15,70,606| for Excise by Re. 1".

The main purpose of my motion is to discuss about the difficulties experienced in the export of cardamom, tea, etc. Cardamom is an article which grows at an elevation of 3 to 4 thousand feet and that in a cold climate. That article when taken out of the store is green in colour. It fetches better value when the seed sheds its original colour. The colour itself does not last anything more than two or three weeks in a cold place. The cultivators of this commodity were able to take out these articles to the markets outside this State without any sort of permit or duty up to the year 1114. But in the year 1114, Government introduced a duty of Rs. 5 per cwt. Even then the cultivators after the payment of duty were able to market the stuff easily. In the year 1120 on the top of the duty Government brought in the permit system. The permits were issued in the name of merchants who were dealing in the export of the stuff. There is unusual delay in that process thereby taking a very long period to find out the markets in dry places. If the object of the Government is to realise an extra revenue through the permit system, that can as well be recovered through the duty which was in vogue before, that is by enhancing it. By the introduction of the permit system which takes a long time for securing it, market value of the stuff deteriorates and thereby causes unnecessary hardship to the cultivator. Therefore I suggest that the permit system in the export of cardamom be cancelled.

MR. T. K. NARAYANA PILLAI (*Parur II—General*): സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നതോടുകൂടി പ്രധാനപ്പെട്ട ഒന്നുരണ്ടു സംഗതികളിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്നു എനിക്ക് അഭിപ്രായമുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിലവിലിരിക്കുന്ന അസഹനീയമായ കൈക്കൂലിയെപ്പററിയാണ് ഒന്ന്. ഇന്നത്തെ എക്സൈസ് കമ്മീഷണർ അവർകൾ സത്യസന്ധതയും നീതിബോധവും ഉള്ള ഒരാഫീസറാണെന്ന് എനിക്കറിയാവുന്നതുപോലെ പരക്കെ സമ്മതവുമുള്ളതുമാണ്. അദ്ദേഹം ഡിപ്പാർട്ടുമെൻറിൽ മേധാവിയായി വന്നതിനുശേഷം കൈക്കൂലിയേയും അഴിമതിയേയും നിരുത്തൽചെയ്യാൻ വളരെ പരിശ്രമിച്ചിട്ടുണ്ടെങ്കിലും പറയത്തക്കവണ്ണമുള്ള ഫലസിദ്ധി അതിനുണ്ടായിട്ടില്ലെന്നു എനിക്ക് നിശ്ചയമായി പറയാൻ കഴിയും. ഇന്നു തിരുവിതാംകൂറിലുള്ള എക്സൈസ് ആഫീസുകളിൽ എല്ലാംതന്നെ കൈക്കൂലി കൂടാതെ നിസ്സ്വാർത്ഥമായി സേവനം അനുഷ്ഠിക്കുന്നവർ വളരെ വിരളമാണ്. എന്നു പറഞ്ഞാൽ, എവിടെ ചെന്നാലും കൈക്കൂലി കൂടാതെ കാര്യം സാധിക്കുന്നതു അത്ര എളുപ്പമല്ല. മററുപല ഡിപ്പാർട്ടുമെൻറുകളിലും കൈക്കൂലിയുണ്ടെങ്കിലും ഈ ഡിപ്പാർട്ടുമെൻറിനെപ്പോലെ കൈക്കൂലി ദിനംപ്രതി വളർന്നുവരുന്നില്ല. അതിലേക്കു ബഹുമാനപ്പെട്ട ഗവണ്മെൻറ് കഴിയുന്നതും വേഗത്തിൽ വേണ്ട നടപടി കൈക്കൊള്ളണമെന്നും അങ്ങനെ ചെയ്യുന്നതു രാജ്യവാസികൾക്കുതന്നെ ക്ഷേമകരമാണെന്നുള്ളതു നാം എല്ലാവരും ഓർക്കേണ്ട ഒരു കാര്യമാണ്. രണ്ടാമതായി എനിക്കൊന്നു പറയുവാനുള്ളതു മദ്യനിരോധനം നടപ്പിൽ വരുത്താൻ പോകുന്നതിനെ സംബന്ധിച്ചാണ്. മദ്യവർജ്ജനം നടപ്പിൽ ആകുന്നതു തിരുവിതാംകൂറിലെ ജനങ്ങൾക്കു വളരെ താൽപര്യമുള്ള ഒരു സംഗതിയാണ്. എന്നാൽ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആറു താലൂക്കുകളിൽ ഒരു സാമ്പത്തികസർവേ നടത്തിയിട്ടുണ്ടെന്നും അവിടെ കള്ളം ഒരുക്കുന്നതിനു രണ്ടാഫീസറന്മാരെ നിയമിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. ഞാൻ ചോദിക്കുന്നു, ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും അവരുടെ സാമ്പത്തികസ്ഥിതി എന്താണെന്നോ മദ്യപാനത്തിലുള്ള ആസക്തി കുറയ്ക്കുന്നതിനു പര്യാപ്തമായിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നോ ബഹുമാനപ്പെട്ട മന്ത്രി അവർകൾ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന്. സർ, ഒരഭിപ്രായം എനിക്ക് പറയാനുള്ളതു, അതായതു ഒരു നേഷൻ ബിൽഡിംഗ് പ്ലാനിന്റെ ആവശ്യം പെട്ടെന്നു നമുക്കുണ്ടായിട്ടുണ്ട്. മദ്യവർജ്ജനം നടപ്പിൽവന്ന ഉടൻതന്നെ

[Mr. T. K. Narayana Pillai]

ആളുകളുടെ മനോവികാരത്തെ തിരിച്ചുവിടുന്നതിനുള്ള വിനോദശാലകളും, വായനശാലകളും മുതലായ സ്ഥാപനങ്ങൾ നിർമ്മിക്കയും അവയെ ആളുകളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ മാത്രമേ മദ്യവർജ്ജനംകൊണ്ടു നാം വിചാരിക്കുന്ന ഫലസിദ്ധി ഉണ്ടാകയുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. P. S. MUHAMMED : എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഇതുവരെയുള്ള നയത്തിൽ വ്യത്യാസങ്ങൾ വരേണ്ട സമയം വളരെ അതിക്രമിച്ചുപോയി എന്നുള്ളതിനെ സൂചിപ്പിക്കാനാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നത്. അഞ്ചെട്ടു കഴിഞ്ഞ ൧൦ വർഷങ്ങൾക്കു മുമ്പുള്ള ഗവർമെന്റിന്റെ നയം നോക്കിയാൽ മദ്യപാനാസക്തി എത്രത്തോളം കൂടുമോ അത്രത്തോളം കൂടുതലുള്ള സംരംഭങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ കഴിഞ്ഞ ൧൦ വർഷക്കാലമായി ഡിപ്പാർട്ടുമെന്റിൽ വരവു കുറഞ്ഞാലും ഏക ഉദ്ദേശത്തോടുകൂടി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പല സാഹചര്യങ്ങളും ഉണ്ടാക്കിക്കൊടുക്കയാണ് ചെയ്തിട്ടുള്ളത്. മദ്യവുമല്ല മുതൽ കുറ്റിക്കാണിക്കുന്നതിന്നുവേണ്ടി ഡിപ്പാർട്ടുമെന്റു മേധാവി അത്യന്തം പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതിനെ പറയാൻ എനിക്കു മടിയില്ല. എന്നാൽ ഇപ്പോഴാകട്ടെ മദ്യവർജ്ജനം നടപ്പിൽ വന്നിരിക്കുന്നു. ഇതു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതു കേവലം ൩ താലൂക്കുകളിൽ മാത്രമാണ് എങ്കിലും ക്രമാനുഗതമായി തിരുവിതാംകൂർ മുഴുവനും വ്യാപിക്കുമെന്നു നമുക്കു ന്യായമായി ആശിക്കാം. അതിന്റെ പ്രാരംഭപടങ്ങളായി ഒരു കാര്യം ഗവർമെന്റു ചെയ്യാനുണ്ട്. അതായതു പ്രധാനപ്പെട്ട ടൗണുകളിൽ, പള്ളിക്കൂടങ്ങളുടെ സമീപസ്ഥലങ്ങളിൽ പള്ളി, ദേവാലയം മുതലായവയുടെ പുറമ്പാട്ടം, ഇങ്ങനെ ഈ വക സ്ഥലങ്ങളിൽ മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കാതിരുന്നാൽ അതു മദ്യപാനാസക്തിയെ വർജ്ജിപ്പിക്കുന്നതിനുകൂടി പര്യാപ്തമായിരിക്കും എന്നാണ് എന്റെ വിശ്വാസം. ഇതിനു ഡിപ്പാർട്ടുമെന്റലായിട്ടു കുറേ ഒക്കെ ചെയ്യാനുമുണ്ട്. അതായതു ഇതു സാദ്ധ്യമാകുന്നുവെങ്കിൽ ഡിപ്പാർട്ടുമെന്റിനു തന്നെ ഒരു പുതിയ ജീവൻ ഉണ്ടാകണം. അഴിമതിചെയ്തു തഴമ്പിച്ച കുറെ ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെന്റിൽ വെളിയിൽ പോകാതെ തരമില്ല. ൫൫ വയസ്സ് തികയുന്ന ഉദ്യോഗസ്ഥന്മാരെല്ലാം വെളിയിൽ പോകുന്നപക്ഷം ആ

സ്ഥാനങ്ങളിൽ ചൊടിപ്പും കാര്യക്ഷമതയുമുള്ള ചെറുപ്പക്കാർ വരികയും അവർ കാര്യക്ഷമമായി ജോലി ചെയ്യുകയും ചെയ്യുമെന്നുള്ളതാകുന്നു. അങ്ങനെ ഡിപ്പാർട്ടുമെൻറിന് ഒരു പുതിയ ജീവൻ ഉണ്ടാകുമെന്ന് നമുക്കു ന്യായമായി ആശംക്കാം.

MR. PAUL THALIAT: ഏലം വില്പനയ്ക്കു കൊണ്ടുപോകുന്നതിനു ഇപ്പോഴും നിലവിലിരിക്കുന്ന പെർമിററു സമ്പ്രദായം ഇല്ലാതെ ആക്കുന്നതിനെ പററിയും മററും ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ എം. ഒ. ചെറിയാൻെറ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം കൃഷിചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങളെ തീരുവയിൽ നിന്നും ഒഴിവാക്കണമെന്നുള്ള സംഗതി ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയെന്നുള്ളതാണ്. ഇപ്പോഴും കൃഷിക്കാർക്ക് ഇൻകംടാക്സ് അധികാരികളും, റവന്യൂ അധികാരികളും അതിനും പുറമേ എക്സൈസ് അധികാരികളും ഇങ്ങനെ മൂന്നു കൂട്ടം ആളുകളുടെ സേവപിടിച്ചെങ്കിൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളൂ. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നന്നു നിശ്ചയിച്ചിരിക്കുന്ന തീരുവ കൊടുക്കാമെന്നു വച്ചാൽ തന്നെയും അതിനും പുറമേ കൈക്കൂലിയായിട്ടുകൂടി ഒരു സംഖ്യ കൊടുക്കേണ്ടിവരുന്നു എന്നു പറയാതെ നിവൃത്തിയില്ല. മാനിഫെസ്റേറാ കിട്ടണമെങ്കിൽ ഒരു കൈക്കൂലി, എക്സൈസ് സ്റ്റേഷനിൽ ഒരു കൈക്കൂലി, ചെക്കിംഗ് സ്റ്റേഷനിൽ ഒരു കൈക്കൂലി ഇങ്ങനെയാണ് കാര്യങ്ങളും നടക്കുന്നത്. ഈ തീരുവ നിറുത്തിക്കളയുകയെന്നു വച്ചാൽ ഗവണ്മെൻറിൻെറ വരവിനു ഒരു കുറവുണ്ടാകുകതന്നെ ചെയ്യും. അതിന് എനിക്ക് പറയാനുള്ളത് ആ കുറവു പരിഹരിക്കാൻ കരം കുറച്ചു കൂട്ടിയാലും വേണ്ടുകില്ല, ഞങ്ങളെ തീരുവയിൽ നിന്നും ഒഴിവാക്കണമെന്നാണ്. ചുരുക്കിപ്പറയുന്നതായാൽ മൂന്നു അധികാരികളുടെ കീഴിൽ നിന്നും ഒരധികാരിയുടെ കീഴിലാക്കിക്കിട്ടുകയെന്നുള്ളതാണ്. ഇപ്പോഴും ഞങ്ങളും മൂന്നു സ്ഥലത്തും ഉരിതാ അനുഭവിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ആ സംഗതി അടിയന്തിരമായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇതോടുകൂടി ഒരു സംഗതികൂടി എക്സൈസ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാനാഗ്രഹിക്കുന്നു. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഡിപ്പാർട്ടുമെൻറിൽ വളരെയധികം കൈക്കൂലി നടക്കുന്നുണ്ടെന്നു പറഞ്ഞു കഴിഞ്ഞു. എക്സൈസ കമ്മീഷണർ, ഡിവിഷനുകളും, അസിസ്റ്റൻറു

[Mr. Paul Thaliat]

എക്സൈസ് കമ്മീഷണർമാർ റേഞ്ചുകളും, ഇൻസ്പെക്ടർമാർ ചെക്കിംഗ് സ്റ്റേഷനുകളും പരിശോധിച്ച് ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളുന്നതായാൽ ഈ കൈക്കൂലിക്ക് താൽക്കാലികമായി എങ്കിലും ശമനമുണ്ടാക്കാൻ സാധിക്കും. മേലുദ്യോഗസ്ഥന്മാർ മനഃപൂർവം ശ്രമിച്ചാൽ ക്രമേണ എങ്കിലും കൈക്കൂലി നിശ്ശേഷം നിറുത്താൻ സാധിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവർകളെ എനിക്ക് അറിയിക്കുവാനുള്ളത്. മുന്നറിയിപ്പു കൂടാതെയുള്ള സർക്കീട്ടുകൾ നടത്തിയാൽ കൈക്കൂലിക്കാരെ കണ്ടുപിടിക്കാൻ കഴിയും. ഈക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. JOSEPH MALIECKAL : സർ, എനിക്കു രണ്ടു സംഗതികളെക്കുറിച്ചാണ് പറയാനുള്ളത്. ഒന്നാമത്തു കൈക്കൂലിയെപ്പററി. കൈക്കൂലി ഈ രാജ്യത്ത് ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. വളരെ കാലമായി ഇവിടെ തഴമ്പിച്ച് പഴക്കം വന്നിരിക്കുന്ന ഒന്നായി തീർന്നിരിക്കുകയാണ് കൈക്കൂലി. കൈക്കൂലി കാര്യം എങ്ങനെ നമ്മുടെ മന്ത്രിമാർ നേരിടുമെന്നുള്ളത് അവർക്ക് ഒരു ടെസ്റ്റായി അവരുടെ മുമ്പിൽ വച്ചിരിക്കുന്നു. ആ ടെസ്റ്റിൽ നമ്മുടെ ബഹുമാനപ്പെട്ട മിനിസ്റ്റർ എങ്ങനെ വിജയിച്ചുവരുമെന്ന് എല്ലാവരും നോക്കിയിരിക്കുകയാണ്. ഇതിന്റെ സത്വരമായ പരിഹാരത്തിന് ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. എവിടെയെല്ലാമാണ് കൈക്കൂലി ഉള്ളതെന്ന് എല്ലാവർക്കുമറിയാം. ഇക്കാര്യങ്ങൾ നല്ലവണ്ണം അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രി ഇതിനു പരിഹാരമുണ്ടാക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. മേലധ്യക്ഷന്മാർ സത്യസന്ധന്മാരായിരുന്നാൽ കീഴുദ്യോഗസ്ഥന്മാരും അങ്ങനെയായിരിക്കുമെന്ന് ഒരു വെയ്പുണ്ട്. എന്നാൽ എക്സൈസ ഡിപ്പാർട്ടുമെന്റിലെ അനുഭവം നേരേ മറിച്ചാണ്. കാരണം സത്യസന്ധന്മാരായ മേലുദ്യോഗസ്ഥന്മാർക്കു കൈക്കൂലിയുടെ പങ്കു കൊടുക്കേണ്ട ആവശ്യമില്ല. കീഴുദ്യോഗസ്ഥന്മാരിലും ചില സത്യസന്ധന്മാർ ഉണ്ടായിരിക്കാം. അവർ ആ ഡിപ്പാർട്ടുമെന്റിൽ നിന്നും രക്ഷപ്പെട്ടു മററു ഡിപ്പാർട്ടുമെന്റിലേക്ക് മാറാൻ ശ്രമിക്കുകയാണു പതിവ്.

രണ്ടാമത്തെ കാര്യം പ്രോഹിബിഷൻ ആണ്. പ്രോഹിബിഷൻ ഒരു തത്വമായി നാം സ്വീകരിച്ചിരിക്കുന്നു. ഇപ്പോൾ അതു തെക്കൻ തിരുവിതാംകൂറിൽ മാത്രമേ നടപ്പാക്കുന്നുള്ളു. എങ്കിലും അതു വടക്കൻ

തിരുവിതാംകൂറിലും വരുന്നതാണ്, അടുത്തകാലത്തു തന്നെ പ്രൊഹിബിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മദ്യം എടുക്കുന്നതു് കരിമ്പനയിൽ നിന്നാണ്. അതിൽ നിന്നും കരുപ്പട്ടി മുതലായ മററു പല സാധനങ്ങളും ഉണ്ടാക്കുന്നുണ്ടു്. വടക്കൻ തിരുവിതാംകൂറിൽ തെങ്ങിലും ചൂണ്ടപ്പനയിലും നിന്നാണ് മദ്യം എടുക്കുന്നതു്. തെങ്ങിൽ നിന്ന് നാളികേരം കിട്ടിയാൽ അതിന് ഒരു വില, കള്ളെടുത്തു കുടിക്കാൻ കൊടുത്താൽ മറെറാരു വില, കള്ളു ചക്കര ഉണ്ടാക്കിയാൽ അതിനു വേറൊരു വില. ചൂണ്ടപ്പനയിൽ നിന്നും കള്ളെടുക്കുന്നുണ്ടു്. ഇപ്പോൾ ചക്കര ദുർലഭമായി ഉണ്ടാക്കുന്നുണ്ടു്. അതിൽ നിന്നും ചക്കര ഒരു വ്യാവസായികതോതിൽ ഉണ്ടാക്കാൻ സാധിക്കുമോ എന്നു് നോക്കേണ്ടതാണ്. പ്രൊഹിബിഷൻ നടപ്പിൽ വരുന്നതോടുകൂടി ഇങ്ങനെ നമുക്കു കിട്ടുന്ന നാച്ചുറൽ റിസോഴ്സിനെ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താമെന്നു കൂടി ഡിപ്പാർട്ടുമെൻറു് അന്വേഷിക്കേണ്ടതാണ്. (ബെൽ)

MR. P. K. RAMAN: മദ്യവർജ്ജനം എക്സൈസ് ഡിപ്പാർട്ടുമെൻറു് ഒരു നയമായി സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് ഇപ്പോൾ ഉള്ള മദ്യഷാപ്പുകൾ അല്ലാതെ കൂട്ടമായി ലൈസൻസില്ലാതെ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ മൗനസമ്മതത്തോടുകൂടി നടത്തുന്ന ഷാപ്പുകൾ ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നാണ് എൻെറ അപേക്ഷ. ഇങ്ങനെയുള്ള ഷാപ്പുകൾ നടത്തുന്നതുകൊണ്ടു് പല ദോഷങ്ങളും ഉണ്ടാകുന്നു. പല സ്ഥലങ്ങളിലും ലഹളകൾ തന്നെ രൂപം എടുക്കുന്നതു് ഇത്തരം രഹസ്യസങ്കേതങ്ങളിൽ നിന്നാണെന്നു് സൂക്ഷ്മമായി അന്വേഷിച്ചാൽ അറിയാവുന്നതാണ്. മദ്യപാനം ഒരു സ്ഥലത്തു് കർശനമായി നിരുത്തുകയും അതേ സമയത്തു് മറെറാരു സ്ഥലത്തു് ഷാപ്പുകൾ തുടർന്നു കൊണ്ടുപോകുന്നതിനു് അനുവദിക്കുകയും ചെയ്യുന്ന ഗവൺമെൻറിൻെറ നയം അഭിനന്ദനാർഹമല്ല. ഷാപ്പുകൾ കഴിയുന്നതും കുറച്ചു നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം ചിലതു് നടത്തിക്കൊണ്ടുപോകുന്നു എന്ന ഒരു സ്ഥിതിയിലാകണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. P. M. VARGHESE: സർ, എക്സൈസ് പാളിസിയെ സംബന്ധിച്ചു രണ്ടുവാക്കു പറയുവാനാണ് ഞാനുദ്ദേശിക്കുന്നതു്. എനിക്കു പറയുവാനുണ്ടായിരുന്ന പല ഭാഗങ്ങളും എൻെറ സ്നേഹിതന്മാർ ഇവിടെ പറഞ്ഞു കഴിഞ്ഞു. എങ്കിലും ഒരു സംഗതികൂടി ഇവിടെ പറയണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അതു് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഭയങ്കരമായ കൈക്കൂലിയെപ്പററിയാണ്. കൈക്കൂലിയെപ്പററി ഇവിടെ പ്രസംഗിക്കുന്നതുകൊണ്ടു് ഒരു വിശേഷവുമില്ലെന്നാണ് എനിക്കു

[Mr. P. M. Varghese]

തോന്നുന്നത്. അത് ഇവിടത്തെ ഒരു നടപ്പായിപ്പോയി. ബലമായി ഉറച്ച കീഴ്നടപ്പിനെ എങ്ങനെയാണ് നിറുത്തിക്കളയുക! നമ്മുടെ രാജ്യത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഈ സ്വഭാവമുണ്ട്. അതിനെ നിറുത്തണമെങ്കിൽ കുറെ ത്യാഗങ്ങൾ സഹിക്കണം. അരവില കുറച്ചതതിൽ ഞാൻ ഇൻഡ്യാഗവണ്മെന്റിനോട് പ്രതിഷേധിക്കേണ്ടതല്ലേ എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടു ചോദിച്ചതിൽ പാടില്ലെന്നാണ് മറുപടി പറഞ്ഞത്. എന്തുകൊണ്ടു നമുക്ക് അതിനെ പ്രൊട്ടസ്റ്റ് ചെയ്തുകൂടാ എന്ന് ഞാൻ ചോദിക്കുന്നു. നമ്മൾ പ്രൊട്ടസ്റ്റ് ചെയ്താൽ പോരുമെന്നാണ് ഞാൻ പറയുന്നത്. പക്ഷെ അതിനു കുറെ സത്യസന്ധത വേണം. കൈക്കൂലി നിറുത്തണമെങ്കിലും നമുക്കു കുറെ സത്യസന്ധത വേണം. ഇന്നത്തെ വലിയ ഉദ്യോഗസ്ഥന്മാരെല്ലാം ൧൦ രൂപാ ശമ്പളക്കാരായിരിക്കുന്നതെങ്കിൽ ആ ൧൦ രൂപാ കൊണ്ടു ജീവിക്കുവാൻ പഠിക്കുമായിരുന്നു. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചും താണശമ്പളക്കാരുടെ ശമ്പളം കൂട്ടിയും സോഷ്യലൈസ് ചെയ്യണം. അവരെക്കൊണ്ട് ന്യായമായി ജോലിചെയ്യിക്കണം. താഴ്ന്ന ശമ്പളക്കാർക്കു ജീവിക്കുവാൻ മതിയാകുന്ന ശമ്പളമെങ്കിലും കൊടുത്തിട്ട് അവരെക്കൊണ്ട് ജോലി ചെയ്യിക്കണം. പത്തോ, ഇരുപതോ രൂപാ ശമ്പളമുള്ള എട്ടുപത്ത് താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഒരു ഇൻസ്പെക്ടരുടെ കീഴിൽ കാണും. ഈ താഴ്ന്ന ഉദ്യോഗസ്ഥന്മാരെല്ലാം ഇൻസ്പെക്ടരുടെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും മേലുദ്യോഗസ്ഥന്മാരുടെ വീട്ടിലോ പരിചാരകവൃത്തി ചെയ്യേണ്ടിവരുന്നു എന്ന് എനിക്കറിയാം. ഈ കീഴുദ്യോഗസ്ഥന്മാരെ അന്തസ്സോടും അഭിമാനത്തോടും ജീവിക്കാൻ പഠിപ്പിക്കണം. മരണം എന്നുള്ളത് നിശ്ചയമാണ്. സത്യത്തിനുവേണ്ടി മരിക്കുവാൻ പഠിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ ഒരു മനഃസ്ഥിതി നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുണ്ടാകാതെ ഈ കൈക്കൂലി നിൽക്കുവാൻ പോകുന്നില്ല. പ്രൊഹിബിഷനെ സംബന്ധിച്ച് എനിക്കൊരുവാക്കു പറയാനുണ്ട്. പ്രൊഹിബിഷനുവേണ്ടി രണ്ടുലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ഈ തുക മുഴുവനും കുറവു ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. പ്രൊഹിബിഷനുവേണ്ടി പ്രത്യേകം ഒരു ചെലവു ചെയ്യേണ്ടാ എന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. നമ്മുടെ രാജ്യത്ത് കള്ളവും, കൊലപാതകവും, വ്യഭിചാരവും ഒക്കെ നിറുത്തലാക്കാൻ പ്രത്യേകം ഒരു തുക ആവശ്യമുണ്ടോ? അവയ്ക്കേതെങ്കിലും നിയമമുണ്ടോ? എന്നു ഞാൻ ചോദിക്കുന്നു. കളവു ചെയ്യുന്നതിനേക്കാൾ വലിയ ഒരു കുറ്റമാണോ മദ്യപാനം? കൊലപാതകത്തെക്കാൾ

ഭയങ്കരമായ ഒരു കുററമാണോ മദ്യപാനം? വ്യഭിചരിക്കുന്നതനെക്കാൾ വലിയ കുററമാണോ മദ്യപാനം? ഇവയ്ക്കൊന്നും പ്രത്യേകം ഒരു തുക ആവശ്യമില്ലെങ്കിൽ ഈ മദ്യവജ്ജനത്തിനുമാത്രം രണ്ടുലക്ഷത്രപായുടെ ആവശ്യമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. മദ്യവർജ്ജനം നടപ്പിലാക്കണമെന്നുദ്ദേശമുണ്ടെങ്കിൽ ആദ്യമായി സകല ഷാപ്പുകളും നിറുത്തണം. അപ്പോൾ ചെത്തുകാരനും തനിയെ ചെത്തു നിറുത്തിക്കൊള്ളും. നമ്മുടെ ചെത്തുകാരനെ പ്രേരിപ്പിക്കുന്നതു് പൊതുജനാഭിപ്രായമാണ്. കള്ളുഷാപ്പുകൾ നിറുത്തുകയും മേലാൽ ആരും കുടിക്കരുതു് എന്നൊരു നിയമമുണ്ടാക്കുകയും ചെയ്താൽ മാത്രം മതി, മദ്യവർജ്ജനം നടപ്പായിക്കൊള്ളും. അല്ലാതെ പ്രൊഹിബിഷന് പ്രത്യേകമായി ഒരു സ്റ്റാഫും തുകയും ആവശ്യമില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം.

MR. K. R. ELENKATH : പോലീസും ആവശ്യമില്ലെന്നാണോ ബഹു. മെമ്പർ പറയുന്നതു് ?

MR. P. M. VERGHESE : പ്രൊഹിബിഷനു പ്രത്യേകം ഒരു സ്റ്റാഫ് വേണ്ട. അതു സംബന്ധിച്ച് വല്ല ജോലിയും ഉണ്ടെങ്കിൽ അതു പോലീസ് ചെയ്തുകൊള്ളും. അല്ലാതെ പ്രൊഹിബിഷന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ആവശ്യമില്ല. ഒരു ഭാഗത്തു് കുടിവർദ്ധിപ്പിക്കുന്നതിനായിട്ട് ഒരു ഉദ്യോഗസ്ഥനെ ആക്കിയിട്ടുണ്ട്. ഇതു ശരിയാണോ എന്നാണ് എന്റെ സംശയം. അതുകൊണ്ട് മദ്യവജ്ജനം വിജയിക്കണമെങ്കിൽ എല്ലായിടത്തും ഒരുമിച്ച് കുടി നിറുത്തലാക്കാൻ നിഷ്കർഷിക്കുന്ന ഒരു നിയമം ഉണ്ടാക്കുകയാണ് വേണ്ടതു്. അതിലേക്ക് പണം ഉണ്ടാക്കുന്നതിന് എന്തു ത്യാഗങ്ങൾ സഹിക്കുന്നതിനും ഇവിടത്തെ ജനങ്ങൾ തയാറാണ്. കരം കൂട്ടേണ്ടിവന്നാലും അതിനെ ഇവിടെ ഇരിക്കുന്ന അനുദ്യോഗസ്ഥന്മാർ എല്ലാം തീർച്ചയായും അനുവദിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. കുടി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു യത്നമാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നുകൊണ്ടിരുന്നതു്. എന്റെ ഒരു അനുഭവം പറയാം. ൧൧൧൧-ൽ വടക്കൻ താലൂക്കിൽ മദ്യപാനനിരോധനത്തിനു ജനങ്ങൾ ചേൎന്ന് ഒരു സംരംഭം നടത്തി. എന്നാൽ അന്നു റിസർവു പോലീസിനെക്കൊണ്ടുവന്ന് അടച്ചിരുന്ന ഷാപ്പുകൾ തുറപ്പിക്കുകയും കുടി നിറുത്തിയവരെ കുടിപ്പിക്കുകയും ചെയ്തതു് ഇന്നിവിടെയിരിക്കുന്ന ചീഫ് സെക്രട്ടറിക്കും ഐ. ജി-ക്കും അറിയാവുന്നതാണ്. ഇവിടത്തെ ജനങ്ങൾ മദ്രാസിലെപ്പോലെയുള്ളവരല്ല. ആരും കുടിക്കരു

[Mr. P. M. Verghese]

തെന്ന് ഒരു നിയമം ഉണ്ടാക്കിയാൽ ആരും കുടിക്കുകയില്ല. അതിന് ഗവണ്മെൻറിൻെറ നിർബന്ധം ആവശ്യമില്ല. (ബെൽ)

MR. PRESIDENT : ഇനി പത്തുമിനിട്ടേയുള്ളു. അതുകൊണ്ട് എക്സൈസ് മിനിസ്റ്റർ ബഹു. ജി. രാമചന്ദ്രനെ മറുപടി പറയുന്നതിനു ക്ഷണിച്ചുകൊള്ളുന്നു.

MR. T. A. ABDULLA : സർ, ഇതുവരെ സംസാരിച്ചവരെല്ലാം ഉപക്ഷേപത്തെ അനുകൂലിക്കുകയാണ് ചെയ്തതു്. എനിക്ക് ഇതിനെ പ്രതികൂലിച്ചാണ് സംസാരിക്കുവാനുള്ളതു്. ആ സ്ഥിതിക്ക് അതിനുള്ള അവസരം എനിക്കുകൂടിത്തരണം.

MR. PRESIDENT : മെമ്പറന്മാരുടെ അഭിപ്രായങ്ങൾ അനുകൂലമാണോ പ്രതികൂലമാണോ എന്ന് നേരത്തെ അറിയുന്നതിന് യാതൊരു മാർഗ്ഗവുമില്ല. ഇനി പത്തുമിനിട്ടേയുള്ളു. ആ സമയം ബഹു. മന്ത്രിക്ക് മറുപടി പറയുവാൻ കൊടുക്കേണ്ടതാണ്.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : സർ, ഒരു പായിൻറാഫ് ആർഡർ. ബഹു. മന്ത്രി മുമ്പേതന്നെ ൨൦ മിനിട്ടു സമയം ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു.

MR. PRESIDENT : ബഹു. മെമ്പർ അതു് അപ്പോഴേ പറയേണ്ടതായിരുന്നു.

HON'BLE MR. G. RAMACHANDRAN : സർ, മുഖ്യമായി ബഹുമാനപ്പെട്ട മെമ്പറന്മാർ വീണ്ടും വീണ്ടും ചൂണ്ടിക്കാണിച്ചതു് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ സർവസാധാരണമെന്നു കരുതപ്പെടുന്ന കൈക്കൂലിക്കാര്യത്തെപ്പററിയാണ്. ഡിപ്പാർട്ടുമെൻറിൽ അങ്ങിനെ ഒരു കൈക്കൂലി ഏർപ്പാട് ഇല്ലെന്നു പറയുവാൻ സാദ്ധ്യമല്ല. അതു കുറെയൊക്കെ സമ്മതിക്കുക തന്നെ വേണം. പക്ഷെ എനിക്ക് ഇതേപ്പററി പറയുവാനുള്ളതു് കസ്റ്റംസിൻെറ കാര്യത്തെപ്പററി പറഞ്ഞതുപോലെ ഗവണ്മെൻറ് ഇതിനും വളരെ നിഷ്കർഷമായ ശ്രദ്ധ പതിപ്പിക്കാമെന്നാണ്. ഒരു ബഹു. മെമ്പർ പറയുകയുണ്ടായി എക്സൈസ് മന്ത്രിയോ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷനോ മാത്രം കൈക്കൂലിവാങ്ങാതിരിക്കുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ലായെന്ന്. ഒരു വഴിക്കു നോക്കിയാൽ അതിലും കുറച്ചുപരമാർത്ഥമുണ്ട്. പക്ഷെ അതുകൊണ്ട് മേലുദ്യോഗസ്ഥ

ന്മാർ വളരെ സത്യസന്ധന്മാരായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ളതിനെ ആരും എതിർക്കുമെന്നു തോന്നുന്നില്ല. ആ സത്യസന്ധത മേലുദ്യോഗസ്ഥന്മാർ തുടങ്ങി ഇങ്ങേ അററംവരെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടാക്കുന്നതിന് ഈ ഗവൺമെൻറിൻെറ സകല ശക്തികളും ഉപയോഗിക്കുമെന്ന് ബഹു. മെമ്പറന്മാരോട് വാഗ്ദാനം ചെയ്യുന്നതിന് എനിക്ക് വളരെ സന്തോഷമാണ്. ഇവിടെ ഏലക്കായുടെ കാര്യത്തെപ്പററി പറയുകയുണ്ടായി. ഏലക്കായ്ക്കു പെർമിററു കിട്ടുന്ന കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്നും അതു ഉടനെ നിരുത്തലാക്കണമെന്നും ഒരു മെമ്പർ ആവശ്യപ്പെട്ടു. ഏലക്കൃഷിയിലേർപ്പെട്ടിരിക്കുന്ന പ്രമുഖന്മാരെ വിളിച്ചുവരുത്തി ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഗവൺമെൻറിനു വിരോധമില്ല. അഗ്രിക്കൾച്ചറൽ പ്രാഡക്റ്റ്സിനെ എക്സ്പോർട്ട് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു. മററൊരു മെംബർ പറയുകയുണ്ടായി. ഇതെല്ലാം സത്യമുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഒരു ഡ്യൂട്ടി ഏർപ്പെടുത്തുന്നതു് രണ്ടു തരത്തിലാകാം. ഒന്നു ഗവൺമെൻറിനു ഒരു റവന്യൂ ഉണ്ടാക്കുന്നതിനും മററൊന്ന് രാജ്യത്തിനകത്തു തന്നെ ചില പരിരക്ഷണ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുമാണ്. അഗ്രിക്കൾച്ചറൽ പ്രൊഡക്റ്റ്സ് എന്നു പറയുന്നതിൽ കോക്കനട്ട് പ്രൊഡക്റ്റ്സ്, സ്പൈസസ്, ടീ (tea) തുടങ്ങി ചിലതിനെല്ലാം എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്ന് എക്സ്പോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം നിരുത്തിക്കളയുന്നതിനു സാദ്ധ്യമല്ല. അഗ്രിക്കൾച്ചറൽ ഡ്യൂട്ടി, എക്സ്പോർട്ട് ഡ്യൂട്ടി എന്നിവ ഒരു ചെറുപ്രസംഗംകൊണ്ടു ഉന്നയിക്കുകയും മററൊരു ചെറിയ പ്രസംഗംകൊണ്ട് അതിനുമറുപടി പറയുകയും ചെയ്യാൻ കഴിയുന്ന ചെറിയ പ്രശ്നങ്ങൾ അല്ല. വളരെ ഗൗരവതരമായി അതിൻെറ നാനാവശങ്ങളെയും പററി ആലോചിച്ചതിനു ശേഷമേ അതിനെക്കുറിച്ച് ഒരു തീർച്ചചെയ്യുവാൻ നിവൃത്തിയുള്ളു. പിന്നീട് ചില താലൂക്കുകളിൽമാത്രം മദ്യനിരോധനം ഏർപ്പെടുത്തുകയും മററു താലൂക്കുകളിൽ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നതു ഒരു പരസ്പരവൈരുദ്ധ്യമാണെന്ന് പല ബഹു. മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അതിൽ ഒരു പരസ്പരവൈരുദ്ധ്യമുണ്ടെന്നു പറയുന്നതു് ഏതാണ്ട് ശരിയാണ്. അതു നീക്കി ക്രമേണ എങ്കിലും തിരുവിതാംകൂർ മുഴുവൻ പ്രൊഹിബിഷൻ നടപ്പാക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതു്. പ്രൊഹിബിഷൻ മൂലമുണ്ടാകുന്ന സകല നഷ്ട

[Hon'ble Mr. G. Ramachandran.]

ങ്ങളും സഹകരിക്കുന്നതിന് പൊതുജനങ്ങൾ സന്നദ്ധരാണെന്നു ബഹു. മെമ്പർ മി. പി. എം. വർഗ്ഗീസ് ഇവിടെ പറയുകയുണ്ടായി. ഒരു നല്ല കാര്യത്തെപ്പററി ഒരാൾക്കുണ്ടായ അത്യുത്സാഹത്തിന്റെ പ്രതിച്ഛായ എന്നല്ലാതെ ഒരു ഗവണ്മെന്റിന് അങ്ങനെ പറയുവാൻ സാധ്യമല്ല. ഇൻഡ്യയിൽത്തന്നെ പ്രൊഹിബിഷൻ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയ മദ്രാസ് പ്രവിശ്യയിലോ മറേറതെങ്കിലും പ്രവിശ്യയിലോ ഒററ ചാട്ടത്തിൽ ഇതു നടത്തിക്കളയാമെന്ന് ആരും കരുതിയില്ല. കഴിയുന്നത്ര വേഗം ചെയ്തു തീക്കാമെന്നല്ലാതെ ഒരുമിച്ച് നടപ്പിൽ വരുത്തുന്നതു കൊണ്ടു വലിയ കുഴപ്പങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടായേക്കാം.

MR. MANNAR GOPALAN NAIR *(Tiruvella I—General)* : എക്സയിസിനും പ്രൊഹിബിഷനും ഒരാൾ തന്നെയായിരുന്നാൽ ശരിയാകുമോ എന്നാണ് സംശയം. അതിനു രണ്ടുപേരെ നിയമിച്ചുകൂടെ?

HON'BLE MR. G. RAMACHANDRAN : അതും പ്രധാനപ്പെട്ട വേറൊരു കാര്യമാണ്. യൂ ട്യൂബ് എന്നൊരുവകയുണ്ട്. അതിൽ ഒരു വശത്തെ നിരപ്പു താഴുമ്പോൾ മറുവശത്ത് ഉയർന്നുവരും. അങ്ങനെയാണ് പ്രൊഹിബിഷനും ഏർപ്പെടുത്തുവാൻ പോകുന്നതു്. പ്രൊഹിബിഷൻ മുഴുവൻ ആകുമ്പോൾ മദ്യവിൽപ്പന നിശേഷം നിന്നുപോകും. രണ്ടു കാര്യങ്ങളും ഒരു നേതൃത്വത്തിൽതന്നെ നടത്തുന്നതാണ് കൂടുതൽ പ്രയോജനകരമെന്നാണ് എന്റെ അറിവ്. ഈ പ്രൊഹിബിഷൻ എന്നു പറയുന്നതു് വെറും കള്ളുഷാപ്പുകൾ നിറുത്തുന്ന കാര്യം മാത്രമല്ല. കള്ളുഷാപ്പുകൾ നിറുത്തികഴിഞ്ഞാൽ ഉടൻതന്നെ അവിടെ സകലവശങ്ങളിലും കൂടി സൃഷ്ടിപരമായി പ്രവർത്തനങ്ങൾ നടത്തേണ്ടതു വളരെ അത്യാവശ്യമാണെന്നു ഗവണ്മെന്റ് നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. പ്രൊഹിബിഷൻ ഏർപ്പെടുത്തുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഗവണ്മെന്റിന്റെ സകല ശക്തികളും ഉപയോഗിച്ച് സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടങ്ങുന്നതായിരിക്കും. അതിനു യാതൊരു സംശയവുമില്ല. ഒരു എക്കണോമിക്കു സർവ്വേ നടത്തണമെന്നു ചിലർ പറഞ്ഞു. തീച്ചയായും ഇവിടെ ഒരു എക്കണോമിക്കു സർവെയുണ്ടാകും. അതു് അത്യന്താപേക്ഷിതമാണു. ബഹു. എന്റെ സ്നേഹിതൻ മി. പി. എം. വർഗ്ഗീസിന്റെ അഭിപ്രായത്തെക്കുറിച്ച് രണ്ടുവാക്ക് എനിക്ക് പറയാനുണ്ട്. രണ്ടുലക്ഷം രൂപാ പ്രൊഹിബിഷനുവേണ്ടി ഉൾപ്പെടുത്തിയിരിക്കുന്നതു് ആവശ്യമില്ലെന്നാണ് മി. വർഗ്ഗീസിന്റെ അഭിപ്രായം. ഈ

പ്രൊഹിബിഷൻകാര്യം എന്തെന്നും അത് നടത്തുന്നത് എങ്ങനെയാണെന്നും ഉള്ള കാര്യത്തെപ്പററി അദ്ദേഹം നല്ലപോലെ ചിന്തിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. വളരെ വഴികളിൽക്കൂടി ചെലവുകൾ ഉണ്ട്. വളരെ അധികം പ്രിവൻറിവ് സ്റ്റാഫ് വേണം. നമ്മുടെ ആളുകൾ വളരെ നല്ലവരാണ്; കുടിക്കരുതെന്നു പറഞ്ഞാൽ, അവർ കുടിക്കുകയില്ല; ഇതിനു യാതൊരു ചെലവും വരുന്നതല്ല" എന്നൊക്കെ അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം ഏതോ ഒരു കല്പനാലോകത്തിൽനിന്നുകൊണ്ട് സംസാരിക്കുകയാണെന്നു മാത്രമേ എനിക്കു തോന്നുന്നുള്ളു. എല്ലാ ബുദ്ധിമുട്ടുകളും നമുക്ക് നേരിടേണ്ടിവരും. വ്യാജമായിട്ട് പലവഴികളിൽക്കൂടിയും കള്ള് ഉണ്ടാക്കുകയും, ചാരായം വാററുകയും, ഒളിച്ചു കുടിക്കുകയും ചെയ്യുന്നതിനുള്ള പ്രയത്നങ്ങൾ ഇവിടെയും നടക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

MR. P. M. VERGHESE : ഞാൻ കല്പിക്കുകയല്ല ചെയ്യുന്നത്, ഒരു ഫാക്ററ് പറഞ്ഞുവെന്നേയുള്ളു.

HON'BLE MR. G. RAMACHANDRAN : അതുതന്നെയാണ് ഞാനും പറഞ്ഞത്. ബഹു. മെമ്പർ തെററിദ്ധരിച്ചുവെന്നേയുള്ളു. ചെലവില്ലാതെ പ്രൊഹിബിഷൻ നടത്താമെന്നു ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപം പിൻവലിച്ച് ഈ ഡിമാൻറിനെ പാസാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. M. O. Cheriyan's motion was, by leave, withdrawn.

MR. PRESIDENT : The question is that a sum of Rs. 21, 28, 668 be granted under Demand No. 1— Excise. (The question was put and carried)

ഈ ഡിമാൻഡ് പാസ്സായിരിക്കുന്നു. ഇപ്പോൾ ഡിമാൻറ് നമ്പർ ൨. ബഹു. മന്ത്രി സി. കേശവൻ അവതരിപ്പിക്കുന്നതായിരിക്കും.

## DEMAND NO II—LAND REVENUE.

HON'BEL MR. C. KESAVAN : ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൨൭,൪൩,൬൬൩ രൂപാ അനുവദിക്കണമെന്നു ഒരു ഡിമാൻറ് ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇതിലേക്ക് അനേകം ഉപക്ഷേപങ്ങൾ വന്നിട്ടുണ്ട്. അതിൽ ടോട്ടൽ ഡിമാൻറിലുള്ള കട്ട്മോഷൻ മാത്രം ആലോചനക്കെടുത്താൽ മതിയോ എന്ന കാര്യത്തിൽ സഭയുടെ അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

MR. A. P. UDAYABHANU (*Karunagappalli II—General*) : ജനറൽ പാളിസിയെക്കുറിച്ച് വാദപ്രതിവാദം ചെയ്യുന്നതിനുള്ള കട്ട്മോഷൻസ് മാത്രം എടുത്താൽ മതിയാകും.

MR. K. P. NILAKANDA PILLAI : Not the grand total, on "Direction" inthe total cut.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെരാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned for the day at 5 P. M.

R. KERALAVRAMATHIRUMULPAD,
*Ag. Secretary to the Legislative Assembly.*

## APPENDIX.

## QUESTIONS AND ANSWERS FOR THE DAY WHICH WERE LAID ON THE TABLE.

### കൃഷി.

142. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) സഹകരണസംഘങ്ങൾ മുഖേന നമ്മുടെ കൃഷിയെ പോഷിപ്പിക്കത്തക്ക സാദ്ധ്യതകളുണ്ടെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റു കരുതുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും സംഘത്തിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (a) Yes.

(b) A number of co-operative societies are being given necessary help and advice in the matter.

### ഭക്ഷ്യോൽപ്പാദനം.

143. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ഭക്ഷ്യോൽപ്പാദനം സംബന്ധിച്ച് ൧൧൨൦ മുതൽ ൧൧൨൩ ഇടവം ൩൦-ാംനു- വരെ ഓരോ താലൂക്കിലും കൃഷിക്ക

വേണ്ടി പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി എത്രയെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) ൧൧൨൮ -ാമാണ്ടിൽ വിളവിൽനിന്നും ൧൧൨൯-ൽ എത്ര ഭക്ഷ്യധാന്യങ്ങൾ കൂടുതൽ കിട്ടിയിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(സി) ൧൧൨൯-ൽ ആക്കുളം, വെള്ളായണി എന്നീ കായലുകളിലെ വിളവ് എത്രവീതമെന്നും ഗവണ്മെന്റിനു കിട്ടിയിട്ടുള്ള നെല്ല് എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH :

| | Taluk. | Area. Acre | cent. |
|---|---|---|---|
| (a) | Agasteeswaram | 329 | 0 |
| | Vilavancode | 3 | 30 |
| | Neyyattinkara | 502 | 8 |
| | Trivandrum | 108 | 0 |
| | Nedumangad | 61 | 12 |
| | Chirayinkil | 6 | 63 |
| | Kottatakara | 856 | 11 |
| | Pathanapuram | 20 | 36 |
| | Shencottah | 73 | 62 |
| | Kunnathur | 1 | 78 |
| | Pathanamthitta | 42 | 71 |
| | Kottayam | 162 | 96 |
| | Vaikom | 398 | 34 |
| | Parur | 9 | 98 |
| | Devicolam | 426 | 37 |
| | Peermade | 299 | 0 |

(b) About 66,000 paras of paddy in the Trivandrum Division. There has been no appreciable increase in production in the other Divisions due to adverse weather conditions.

| (c) | *Estimated yield.* | *Quantity purchased.* |
|---|---|---|
| Vellayani lake | 30,000 paras | 4,200 paras. |
| Akkulam lake | 500 „ | 200 „ |

കൃഷിഡിപ്പാർട്ടുമെന്റിന്റെ ഭക്ഷ്യോല്പാദന നിർദ്ദേശങ്ങൾ.

144. MR. P. K. KRISHNAN SASTRI : താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

[Mr. P. K. Krishnan Sastri.]

(എ) ഭക്ഷ്യോൽപ്പാദനം സംബന്ധിച്ച് കൃഷിഡിപ്പാർട്ടുമെൻറിൻെറ ഉപദേശങ്ങളും നിർദ്ദേശങ്ങളും എല്ലാ താലൂക്കുകളിലും നടത്താറുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ എഴുകോൺ പകുതിയിൽപ്പെട്ട കാർഷിക കേന്ദ്രങ്ങളിൽ കൃഷിഡയറക്ടർ സന്ദർശിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH; (a) Yes.

(b) No.

### *Balanced Diet.*

145. MR. G. NILAKANTAN (*Quilon III—Kamnala*): Will the Honourable Minister for Education be pleased to state:

(*a*) whether the Research Department has investigated and found out a balanced diet for an adult worker in Travancore; and

(*b*) if so, whether it will be placed on the table with information re: its caloric value and also its money value if it has been translated in terms of money?

HON'BLE MR. T. M. VARGHESE: (*a*) Yes.

(*b*) The statement required is placed on the table.

*Statement showing the schedule of balanced diet for an adult male labourer.*

| *Food stuffs.* | | *Ounces consumed per day.* |
|---|---|---|
| Cereals | Rice | 10 |
| Pulses | Dhall | 2 |
| Root Vegetables | Tapioca raw | 12 |
| | or | |
| | Tapioca dried | 5 |
| | Yam | |
| | Colocasia | 2-4 |
| | Sweet potatoes | |
| Leafy Vegetables | Amaranthus | 4 |
| | Moringa leaves | |
| Other Vegetables | Raw plantains | |
| | Jack fruit | |
| | Brinjals | 2-3 |
| | Cucumber | |
| | Drum sticks etc., | |
| Nuts | Cocoanut | 2 |
| Fats and Oils | Cocoanut oil | 1/2 |
| Flesh Foods | Fish raw | 4 |
| | or | |
| | Fish dried | 1 1/2 |
| Fruits | Plantain | 2 |
| | Mango | |

*Statement showing the schedule of balanced diet for an adult made labourer.*

| *Food Stuffs.* | | *Ounces consumed per day.* |
|---|---|---|
| Foodfactors : | | |
| Protein | (Gm) | 68·2 |
| Fat | (Gm) | 43.6 |
| Carbohydrate | | 440 |
| Total calories | | 2420 |

This diet will cost about Re. 1 per adult male per day and will have sufficient other food factors—minerals and vitamins.

പിരുത്തിച്ചക്ക കയററുമതി.

**146.** **MR. MUHAMMED MUSTAFA :** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

(എ) പിരുത്തിച്ചക്ക ഒരു സാധാരണ ഭക്ഷ്യസാധനമല്ലാത്തതിനാൽ അതിന്മേലുള്ള കയററുമതിനിരോധനം നീക്കംചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് പത്തനാപുരം താലൂക്കിലെ കാൺഗ്രസ്സ്കമ്മിററികളും സഹകാരികളും കർഷകരും യോഗങ്ങൾകൂടി നിശ്ചയങ്ങൾ പാസാക്കിയിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

(ബി) അനേകം സാധു കർഷകർ ഈ കൃഷിയിൽനിന്നും കിട്ടുന്ന പണംകൊണ്ടാണു നിത്യവൃത്തികഴിക്കുന്നതെന്നു ഗവൺമെൻറു ഗ്രഹിച്ചിട്ടുണ്ടോ?

(സി) നിരോധനംമൂലം ചക്കയ്ക്കു വിലകിട്ടാതെ കർഷകർ ഈ കൃഷിതന്നെ ഉപേക്ഷിച്ചുവരുന്നതായി ഗവൺമെൻറിനറിയാമോ?

(ഡി) ഈ പരിതസ്ഥിതികളിൽ നിരോധനം ഉടനടി നീക്കേണ്ടതു് ആവശ്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

**HON'BLE MR. K M. KORAH :** (എ) ഇല്ല. എന്നാൽ പത്തനാപുരം താലൂക്കിലുള്ള ചില കൃഷിക്കാരിൽനിന്നും ഏതാനും അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ചില പ്രദേശങ്ങളിൽ സാധു കൃഷിക്കാർക്ക് ഇതു് ഒരു ചെറിയതോതിൽ ആദായമാർഗ്ഗമാണെന്നറിയാം.

(സി) ഇല്ല.

(ഡി) നിരോധനം ഇല്ല. പക്ഷേ ഈ സംഗതിയെ സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തി പെർമിററു വ്യവസ്ഥ മാറേറണ്ടതാണെന്നു കണ്ടാൽ അതിലേക്കു ഗവൺമെൻറു വേണ്ടതു ചെയ്യുന്നതാണ്.

*Forest Industries, Travancore.*

147. MR. P. T. CHACKO: Will the Honourable Minister for Labour be pleased to state:

(a) whether Government are aware that Forest Industries Travancore has resorted to a system of giving private contracts to defeat the provisions of the Factory Act by converting the labourers as employees of the private contractors ; and

(b) have the Government taken any steps to protect the labourers from this ?

HON'BLE MR. C. KESAVAN: (a) No.

(b) The question does not arise in view to answer to (a).

*Bridges.*

148. MR. V. K. VERGHESE (*Pathanamthitta III—General*): Will the Hon'ble Minister for Public Works be pleased to state whether Government are aware that one bridge at Thumpamon—Kozhencherry road and another on Kulanada-Omalloor road are in complete damaged condition and that much inconvenience is caused to the travelling public at these bridges ?

HON'BLE MR. A. ATCHUTHAN: Yes. Arrangements have been made for reconstructing the bridge in 7/4 Thumpamon-Kozhencherry road and for renewing the damaged planks of the one in Kulanada-Omalloor road.

*Puthenchirai Parur road.*

149. MR. PAUL THALIATH: Will the Hon'ble Minister for Public Works be pleased to state:

(a) whether he is aware that Puthenchirai (in Parur taluk) has no connecting road to Parur, the headquarters of the taluk;

(b) whether any petition has been received from the people of the locality stating the urgent necessity of a road connecting to Parur town; and

(c) if the answer to (b) is in the affirmative whether any action has been taken ?

HON'BLE MR. A. ATCHUTHAN: (a) Yes.

(b) Yes.

(c) Yes.

*Pattani thodu in Parur taluk.*

150. MR. PAUL THALIATH: Will the Hon'ble Minister for Public Works be pleased to state:

(a) the amount provided in the Budget of 1123 for deepening the Pattani thodu in Parur taluk;

(b) the amount spent till 15-11-1123;

(c) the amount expected to be spent before the end of the year; and

(d) whether he is aware that this thodu goes right through the Parur town ?

HON'BLE MR. A. ATCHUTHAN: (*a*) Rs. 3,000.

(*b*) Nil.

(*c*) Nil.

(*d*) Yes.

### *Shifting the jurisdiction of Varapuzha pakuthi.*

151. MR. PAUL THALIATH: Will the Hon'ble Minister for Registration be pleased to state:

(*a*) whether any petition has been received from the public of Varapuzha pakuthi (Parur taluk) requesting to shift the jurisdiction of that pakuthy to Parur Registry Offices, as was the case before instead of putting it under the jurisdiction of Edappally Registry Office as is the case now;

(*b*) the date on which the petition was received; and

(*c*) whether any action has been taken?

HON'BLE MR. C. KESAVAN: (*a*) Yes.

(*b*) 11-4-1121.

(*c*) The matter was investigated by the Re-allocation Officer who did not recommend any change of jurisdiction.

### ട്രാൻസ്പോർട്ട് വണ്ടികൾക്കു് ആവശ്യമുള്ള പെട്രോൾ.

